بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ
3154

# പ്രബോധനം
വാരിക

www.prabodhanam.net 1441 ശവ്വാൽ 13 / 2020 ജൂൺ 05 വാള്യം 77 ലക്കം 02

07 കവർ സ്റ്റോറി / സാമിഹ് ഔദ
## കോവിഡാനന്തര ലോകം
## ഭയത്തിൽനിന്ന് മോചനം നൽകാൻ മതമൂല്യങ്ങൾക്കാവുമോ?



13 കവർ സ്റ്റോറി / റഫീഖ് അബ്ദുസ്സലാം
## കോവിഡ് പ്രതിസന്ധിയും രാഷ്ട്ര വ്യാപനത്തിന്റെ വീണ്ടെടുപ്പും

17 കവർ സ്റ്റോറി / പി.എ അനസ്
## വിമോചനവും സാമൂഹിക പുരോഗതിയും മാലിക് ബിന്നബിയുടെ നോട്ടത്തിൽ

37 പുസ്തകം / ഡോ. മുനീർ മുഹമ്മദ് റഫീഖ്
## വിശ്വാസ സ്വാതന്ത്ര്യവും മതപരിത്യാഗിയുടെ ശിക്ഷയും

04 മുഖവാക്ക് /
**ഭീതിയിൽ നിന്നും ദുഃഖത്തിൽ നിന്നുമുള്ള മോചനം**

21 ലേഖനം / വി.പി അഹ്മദ് കുട്ടി
**സ്ത്രീ സുരക്ഷ ഇസ്‌ലാമിക വിഷയം തന്നെയാണ്**

25 ചരിത്രം / സബാഹ് ആലുവ
**സ്വർഗീയാരാമങ്ങൾ സുന്ദരിയാക്കിയ പൗരാണിക ദൽഹി**

33 അനുഭവം / ജാസ്മിൻ നൗഫൽ
**ഉമ്മീ ഹലീമാ ഞാനെത്ര നിസ്സാര!**

36 മദീനയിലെ ഏടുകളിൽനിന്ന് /
**ബദ്റിലെ ആദ്യ രക്തസാക്ഷി**
വി.കെ ജലീൽ

43 പ്രശ്നവും വീക്ഷണവും / മുശീർ
**കടം തിരിച്ചു കൊടുക്കുമ്പോൾ സമ്മാനം നൽകാമോ?**

49 ഹദീസ് / ഫാത്വിമ കോയക്കുട്ടി
**ധ്യാനവും സേവനവും**

05 / കത്ത്
24, 50 / കവിത
29 / ഖുർആൻ ബോധനം
46 / റിപ്പോർട്ട്
47 / വാർത്ത

പ്രബോധനം വാരിക, ഐ.എസ്.ടി ബിൽഡിംഗ്
സിൽവർ ഹിൽസ്, കോഴിക്കോട് 673 012



കവർ ഡിസൈൻ
**സാലിം ജീറോഡ്**
കവർ ചിത്രം: എഡ്വേർഡ് മുനിഷിന്റെ പെയിന്റിംഗ് സ്ക്രീം

എഡിറ്റർ / **ടി.കെ ഉബൈദ്** | എക്സിക്യൂട്ടീവ് എഡിറ്റർ/ **അശ്റഫ് കീഴുപറമ്പ്**
സീനിയർ സബ് എഡിറ്റർ/ **സദ്റുദ്ദീൻ വാഴക്കാട്** | സബ് എഡിറ്റർ/ **കെ.സി സലീം കരിങ്ങനാട്** | ലേ ഔട്ട്/ **എം.വി. ജലീൽ ഒതളൂർ**

**എഡിറ്റോറിയൽ:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്സ്** : 0495 2732888 |**സർക്കുലേഷൻ മാനേജർ:** 0495 2730744, 9544060886
circulationprabodhanam@gmail.com |**പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജർ:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

# ഭീതിയിൽ നിന്നും ദുഃഖത്തിൽ നിന്നുമുള്ള മോചനം


കോവിഡാനന്തര ലോകത്തെക്കുറിച്ച ചർച്ചകൾ പരമ്പരാഗത മാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും സജീവമാണ്. കുവൈത്തിൽ നിന്നിറങ്ങുന്ന *അൽമുജ്തമഅ്* മാഗസിൻ (2020 മെയ് 1) 'കൊറോണയും ആഗോള മുൻഗണനാക്രമത്തിന്റെ പുനഃപരിശോധനയും' എന്ന തലക്കെട്ടിലാണ് അതിന്റെ ഏറ്റവും പുതിയ കവർ സ്റ്റോറി ചെയ്തിരിക്കുന്നത്. ആഗോള സാഹചര്യം, അറബ് ലോക സാഹചര്യം, ഭക്ഷണത്തിലും മരുന്നിലും പ്രതിരോധത്തിലുമുള്ള സ്വയംപര്യാപ്തത, ജനാധിപത്യത്തിനേൽപ്പിക്കുന്ന പരിക്കുകൾ, പൊതുതാൽപര്യം മുന്നിൽ വെച്ചുള്ള ഇസ്‌ലാമിക / ഫിഖ്ഹീ പരികൽപ്പനകൾ എന്നിങ്ങനെ അഞ്ച് ശീർഷകങ്ങളിലായാണ് വരാനിരിക്കുന്ന ലോകത്തെ പത്രം വിശകലനം ചെയ്യുന്നത്. പാശ്ചാത്യ ലോകത്തോ ഇന്ത്യയിലോ നടക്കുന്ന ചർച്ചകൾ അതത് രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങൾ കണക്കിലെടുത്ത് അൽപ്പം വ്യത്യസ്തമായ രീതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. എങ്കിലും ചർച്ചാ വിഷയങ്ങളിൽ വലിയ മാറ്റമൊന്നുമില്ല. രാഷ്ട്രീയ-സാമ്പത്തിക മേധാവിത്തം അമേരിക്കയുടെ കൈകളിൽനിന്ന് ചൈന തട്ടിയെടുക്കുമോ, ദേശീയ ഭരണകൂടങ്ങൾ കൂടുതൽ സമഗ്രാധിപത്യപരമാവുമോ, വളർച്ചാ മുരടിപ്പും തൊഴിൽ നഷ്ടവും നേരത്തെ തന്നെ ആശങ്കയുണർത്തുന്ന വിധം വർധിക്കുന്ന തൊഴിലില്ലായ്മയും ആഭ്യന്തര സംഘർഷങ്ങൾക്ക് കാരണമാകുമോ പോലുള്ള ചർച്ചകൾ എല്ലാ നാടുകളിലും ഏറക്കുറെ ഒരു പോലെ തന്നെ.

> ഇതുവരെയുള്ള അനുഭവം വെച്ചു പറഞ്ഞാൽ ഭൗതിക ദർശനങ്ങൾക്കൊന്നും തന്നെ ഭീതികളിൽനിന്ന് മനുഷ്യനെ കരകേറ്റാനായിട്ടില്ല എന്ന കാര്യത്തിൽ ഒരാൾക്കുമുണ്ടാകില്ല സംശയം. അല്ലാഹു ആദമിനെ ഭൂമിയിലേക്ക് പറഞ്ഞയക്കുമ്പോൾ ആദ്യം നൽകിയ ഉപദേശം തന്നെ നമ്മുടെ കാലത്തിന്റെ ശാപമായി മാറിയ ഭീതിയും ദുഃഖവും നിരാശയും അകറ്റാൻ വേണ്ടിയുള്ളതായിരുന്നു: 'എന്റെ മാർഗനിർദേശം ആർ പിന്തുടരുന്നുവോ അവർക്ക് ഭയമില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല' (2:38 ). കൊറോണാനന്തര കാലത്തെക്കുറിച്ച ചർച്ചയിൽ ഈയൊരു വശം കൂടി ശക്തമായി ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്.

സമൂഹത്തെയും സാമൂഹിക സ്ഥാപനങ്ങളെയും, ഭരണത്തെയും ഭരണ സ്ഥാപനങ്ങളെയുമൊക്കെ എങ്ങനെ ബാധിക്കുന്നു എന്നതാണ് ഈ ചർച്ചകളുടെ മർമം. വ്യക്തികളുടെ മാനസിക നിലയെ മഹാമാരി എങ്ങനെ ബാധിക്കുന്നുവെന്ന ചർച്ചയും മറുഭാഗത്ത് നടക്കുന്നുണ്ട്. കേവല ഭൗതിക മനശ്ശാസ്ത്രത്തിന്റെ നോട്ടപ്പാടിലൂടെയുള്ള വിശകലനങ്ങളാണ് അവയേറെയും. മനുഷ്യന് സ്ഥൈര്യവും ആത്മവിശ്വാസവും നൽകുന്ന ദൈവ വിശ്വാസത്തെയും ധാർമിക മൂല്യങ്ങളെയും പടിക്കപ്പുറത്ത് നിർത്തുന്നു എന്നതിനാൽ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മനശ്ശാസ്ത്ര വിശകലനങ്ങൾ മനുഷ്യന്റെ ഭീതിയകറ്റുകയോ അവന്റെ ഉത്കണ്ഠകൾ ശമിപ്പിക്കുകയോ ചെയ്യുന്നില്ല. അതിനാൽ പുതിയ വിശകലന രീതികൾ ആവിഷ്കരിക്കേണ്ടി വന്നിരിക്കുന്നു. അത്തരമൊരു വിശകലന രീതിയാണ് ഫലസ്ത്വീനി എഴുത്തുകാരനായ സാമിഹ് ഔദയുടേത്. അദ്ദേഹത്തിന്റെ അത്തരമൊരു പഠനം ഈ ലക്കത്തിൽ നിങ്ങൾക്ക് വായിക്കാം. നവീന ചിന്താ മാതൃകകൾ ദൈവത്തെയും മതത്തെയും ധാർമിക മൂല്യങ്ങളെയും നിരാകരിക്കുക വഴി എത്ര വലിയ ദുരന്തത്തിലേക്കാണ് ലോകം നടന്നു നീങ്ങുന്നതെന്ന് നമ്മുടെ കാലത്തെ പ്രശസ്ത ചിന്തകരെയും ശാസ്ത്രജ്ഞരെയും ഉദ്ധരിച്ചു കൊണ്ട് അദ്ദേഹം സമർഥിക്കുന്നുണ്ട്.

അമേരിക്കൻ മനശ്ശാസ്ത്രജ്ഞനായ ഇർവിൻ യാലോം പുതിയ മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട നാലു തരം ഭീതികളെപ്പറ്റി പറയുന്നുണ്ട്. കാര്യങ്ങൾ തന്റെ നിയന്ത്രണത്തിൽനിന്ന് കൈവിട്ടു പോകുമ്പോൾ അനുഭവിക്കുന്ന ഭീതിയും അങ്കലാപ്പുമാണ് ഒന്നാമത്തേത്. തന്റെ തെരഞ്ഞെടുപ്പും തീരുമാനവുമൊക്കെ തെറ്റിപ്പോകുന്നു എന്ന പരിഭ്രാന്തി സ്വാതന്ത്ര്യത്തെക്കുറിച്ച് തന്നെയുള്ള ഭീതിയായി മാറുന്നു. സ്വന്തക്കാരും സുഹൃത്തുക്കളും ചുറ്റുമുണ്ടെങ്കിലും താൻ ഒറ്റപ്പെടുന്നുവെന്ന ഭീതി ആധുനികതയിലും ഉത്തരാധുനികതയിലുമൊക്കെ ജീവിക്കുന്ന മനുഷ്യനെ നിരന്തരമായി വേട്ടയാടുന്നുണ്ട്. ഇതാണ് രണ്ടാമത്തെ ഭീതി. തന്നെ നിർവചിക്കാനും ജീവിതത്തിന്റെ ലക്ഷ്യം നിർണയിക്കാനും കഴിയാതെ വരുമ്പോൾ മനുഷ്യൻ അനുഭവിക്കുന്ന വല്ലാത്തൊരു ശൂന്യതയുണ്ട്. അതിൽനിന്നുണ്ടാവുന്നതാണ് മൂന്നാമത്തെ തരം ഭയം. കഴിഞ്ഞതൊന്നും തിരിച്ച് വരില്ലെന്നും താൻ അന്ത്യത്തോട് അടുക്കുകയാണെന്നുമുള്ള മരണഭീതിയാണ് നാലാമത്തേത്. ആദ്യം പറഞ്ഞ മൂന്ന് ഭയങ്ങൾക്കും മരണഭയവുമായി ബന്ധമുണ്ട്. ഇതുവരെയുള്ള അനുഭവം വെച്ചു പറഞ്ഞാൽ ഭൗതിക ദർശനങ്ങൾക്കൊന്നും തന്നെ ഇത്തരം ഭീതികളിൽ നിന്ന് മനുഷ്യനെ കരകേറ്റാനായിട്ടില്ല എന്ന കാര്യത്തിൽ ഒരാൾക്കുമുണ്ടാകില്ല സംശയം. അല്ലാഹു ആദമിനെ ഭൂമിയിലേക്ക് പറഞ്ഞയക്കുമ്പോൾ ആദ്യം നൽകിയ ഉപദേശം തന്നെ നമ്മുടെ കാലത്തിന്റെ ശാപമായി മാറിയ ഭീതിയും ദുഃഖവും നിരാശയും അകറ്റാൻ വേണ്ടിയുള്ളതായിരുന്നു: 'എന്റെ മാർഗനിർദേശം ആർ പിന്തുടരുന്നുവോ അവർക്ക് ഭയമില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല' (2:38 ). കൊറോണാനന്തര കാലത്തെക്കുറിച്ച ചർച്ചയിൽ ഈയൊരു വശം കൂടി ശക്തമായി ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്. ●

editorprabodhanam@gmail.com




ലോകവും ചരിത്രവും കോറോണക്കാലത്തോടെ അവസാനിക്കുന്നില്ല. ജീവിത സാഹചര്യങ്ങൾ കോറിയിട്ടേക്കാവുന്ന അർധവിരാമങ്ങളെ പൂർണ വിരാമങ്ങളായി കാണാതിരിക്കുന്നേടത്തു നിന്ന് മാത്രമാണ് പുതിയ തുടർച്ചകൾക്ക് ഊർജവും പ്രേരണയും ലഭിക്കുന്നത്. ഭയത്തിന്റെ വാഴ്ച അന്തരീക്ഷത്തിൽ മാരകമായ മലിനീകരണം സൃഷ്ടിക്കുമ്പോൾ നാമെന്ത് നിലപാട് സ്വീകരിക്കുന്നു എന്നതാണ് കാര്യമാത്ര പ്രസക്തമാകുന്നത്.

## കത്ത്

# ഭയത്തിന്റെ അന്തരീക്ഷത്തെ സാഹോദര്യം കൊണ്ട് മറികടക്കുക

**സിദ്ദീഖ് കൊടക്കാട്ട്**

**ആധുനിക കാലത്ത്** സാധാരണമായും, കൊറോണ ലോകത്തെ സ്തബ്ധമാക്കിയ വർത്തമാനകാലത്ത് വിശേഷിച്ചും നമ്മുടെ മുന്നിലെത്തുന്ന വാർത്തകളും വർത്തമാനങ്ങളും ആശാവഹങ്ങളല്ല. അവയിലേറെയും ഭീതിപ്പെടുത്തുന്നതും വിഷാദജനകവുമാണ്. കോവിഡ്-19 മഹാമാരി സംക്രമിപ്പിച്ച പറഞ്ഞുതീർക്കാനാവാത്ത തീവ്രദുഃഖങ്ങളും തീരാദുരിതങ്ങളും പ്രസരണം ചെയ്തുകൊണ്ടിരിക്കുന്ന ഭീതിയുടെ വൈറസ് ഏതൊരു മാസ്കിനും അരിച്ചെടുക്കാനാവാത്ത വിധം സൂക്ഷ്മവും ശക്തവുമാണ്. അടിസ്ഥാനാവശ്യങ്ങളുടെ അരിഷ്ടതകൾ മുതൽ ആഗോള വ്യാപാരവും ഓഹരി കമ്പോളവും ഉൾപ്പെടെയുള്ളവയിലെല്ലാം കാണുന്നത് നിറഞ്ഞ അനിശ്ചിതത്വങ്ങളും നീറുന്ന വിഭ്രാന്തികളുമാണ്. രോഗബാധയുടെയും മരണത്തിന്റെയും വർധിച്ച സ്ഥിതിവിവര കണക്കുകൾ ദിനേന വന്നുകൊണ്ടിരിക്കുമ്പോഴും ഭയപ്പെടാതിരിക്കൂ എന്ന് ഡോക്ടർമാരും മനശ്ശാസ്ത്ര വിദഗ്ധരും മുതൽ ലോകാരോഗ്യ സംഘടന വരെ പറഞ്ഞുകൊണ്ടിരിക്കുന്നു. മനുഷ്യൻ സർവവിധ വൈജ്ഞാനിക വളർച്ചകളുടെയും ആഴങ്ങളിലും നൈപുണികളുടെയും പരിജ്ഞാനങ്ങളുടെയും അലങ്കാരങ്ങളിലും എത്തിനിൽക്കുമ്പോഴും, കൃത്രിമ ബുദ്ധിയുള്ള യന്ത്രങ്ങളെ പോലും വികസിപ്പിച്ച് ശാസ്ത്ര-സാങ്കേതികവിദ്യകളുടെ അനന്ത സാധ്യതകളിലേക്ക് ഉയർന്നുപോകുമ്പോഴും ദൗർബല്യങ്ങളും പരിമിതികളും അവനെ എക്കാലവും വലയം ചെയ്തിരിക്കുകയാണെന്ന് ബോധ്യപ്പെടുത്തുന്നുണ്ട് കോവിഡ് മഹാമാരി.

മനുഷ്യനിൽ പ്രവർത്തനക്ഷമമാവുന്ന അനേകം മാനസികാവസ്ഥകളിൽ ഒന്നാണ് ഭയം. മാനസികവും ശാരീരികവുമായ എല്ലാ ഉല്ലാസങ്ങളെയും റദ്ദു ചെയ്യുകയും വെറുപ്പ്, അസൂയ, പ്രതികാരം, കുറ്റബോധം തുടങ്ങിയ ഉപ മാനസിക തലങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്ന പ്രതിഭാസമായാണ് മനശ്ശാസ്ത്ര പഠനങ്ങൾ ഭയത്തെ വ്യാഖ്യാനിക്കുന്നത്. തികച്ചും സ്വാഭാവികവും ജീവിത പരിസ്ഥിതികളോട് കണ്ണി ചേർക്കപ്പെട്ടതുമായ വിഹ്വലതകളും ആകുലതകളും പ്രകൃതിപരമായിതന്നെ ഭയത്തിന് കാരണമായേക്കാം. ആഭ്യന്തര കലാപങ്ങളുടെയും യുദ്ധങ്ങളുടെയും സന്ദർഭം കാത്തുകിടക്കുന്ന ഭൂമിയും ആകാശവും സമുദ്രവും നിലനിൽക്കുന്ന ഒരു രാഷ്ട്രീയ ചുറ്റുപാടിൽ ജീവിക്കുമ്പോൾ വിശേഷിച്ചും. യാഥാർഥ്യബന്ധിതമോ സാങ്കൽപികമോ ആയേക്കാവുന്നതും മനസ്സ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതും സ്വാഭാവിക ജീവിതത്തിൽ സാരമായി ഇടപെടുന്നതുമായ ഭീതിക്ക് നൂറിൽപരം വകഭേദങ്ങളും ഉപവിഭാഗങ്ങളും ഉണ്ടെന്ന് ശാസ്ത്രം പറയുന്നു. ഉത്കണ്ഠകൾ അക്ഷരങ്ങളുടെ വ്യാകരണങ്ങൾക്ക് വഴങ്ങാത്ത വിവരണാതീതമായ സമസ്യയും അനുഭവങ്ങളുടെ ജീവകോശങ്ങൾക്കു മാത്രം വർണിക്കാവുന്ന ഒന്നുമാണ്. പരാജയഭീതി, അജ്ഞാതമായതിനേയോ വരാനിരിക്കുന്നതിനെയോ കുറിച്ച ഭയം, സ്വയംപ്രാപ്തിയിൽ വിശ്വാസരാഹിത്യം, തീരുമാനങ്ങൾ തെറ്റായി പരിണമിച്ചേക്കുമെന്ന ഭീതി തുടങ്ങിയവയെല്ലാം ഭയത്തിന്റെ മനശ്ശാസ്ത്രം പങ്കുവെക്കുന്നവയാണ്.

നൈസർഗികമായ ഉത്കണ്ഠ ചില സന്ദർഭങ്ങളിൽ കരുതലോടെയും സൂക്ഷിച്ചും മുന്നോട്ടു പോകാൻ സഹായിച്ചേക്കാം. നിർഭയത്വം എന്നത് വ്യാകുലതകളിൽനിന്നും പൂർണമായും മുക്തമാവുന്ന ഒരു മാനസിക തലത്തെകുറിച്ച സങ്കൽപം മാത്രമല്ല, മറിച്ച് ഭയവിഹ്വലതകളെ ധീരമായി അഭിമുഖീകരിക്കാനും അതിജയിക്കാനുമുള്ള ദൃഢവിശ്വാസവും

# പൊറുക്കാനാവില്ല, നാട് നിർമിച്ചവരോടുള്ള ഈ നെറികേട്

**ഇസ്മാഈൽ പതിയാരക്കര, ബഹ്റൈൻ**

**തിരിച്ചൊഴുക്കിന്റെ** പ്രവാസ പാഠങ്ങൾ (ലക്കം 3152) കോവിഡാനന്തര കേരളത്തെ സംബന്ധിച്ചേടത്തോളം ഗൗരവപ്പെട്ട വിഷയമാണ്. എണ്ണപ്പണത്തിനായി എരിഞ്ഞൊടുങ്ങുന്നവരുടെ വിയർപ്പുതുള്ളികളിൽ തളിർത്തു പന്തലിച്ച ആർഭാട ജീവിതത്തിന്റെ കേരള മോഡലിന് താഴിട്ടുകൊണ്ട് പുതിയൊരു ജീവിതക്രമം രൂപപ്പെടുകയാണ്. അതിനുവേണ്ടി ജീവിതരീതികൾ അടിമുടി മാറ്റി പണിയുന്നതിനെ പറ്റി ഗൗരവപ്പെട്ട വിചിന്തനങ്ങൾ ആവശ്യപ്പെടുന്നുണ്ട് പ്രവാസികളുടെ തിരിച്ചുവരവ്.

നാടിന്റെ സാമ്പത്തിക വളർച്ചയിൽ തുല്യതയില്ലാത്ത പങ്കുവഹിച്ചു കൊണ്ടിരിക്കുന്ന വലിയൊരു ജനവിഭാഗത്തെ ഈ വിഷമസന്ധിയിൽ ചേർത്തു പിടിക്കുന്നത് പോകട്ടെ, അവസാന ഘട്ടത്തിൽ സമ്മർദങ്ങൾക്ക് വഴങ്ങി നാട്ടിലേക്ക് കൊണ്ടു പോകുന്ന അവസരത്തിലും കഴുത്തറപ്പൻ ചാർജ് ഈടാക്കിക്കൊണ്ടുള്ള ആകാശപ്പക നീതീകരിക്കാൻ കഴിയാത്ത നെറികേടാണ്. ●

ആർജവവും കൂടിയാണ്. എന്നാൽ വ്യക്തിയിൽ നിന്നും കുടുംബത്തിലേക്കും ചുറ്റുപാടുകളിലേക്കും സമൂഹത്തിലേക്കും അതുവഴി പുതുതലമുറയിലേക്കും പ്രതിലോമ ചിന്തയോ അപകർഷബോധമോ ആയി രോഗാണു കണക്കെ ഭയത്തിന്റെ വ്യാപനം സംഭവിക്കാം. മനസ്സാണല്ലോ പരിവർത്തനങ്ങളുടെ പ്രഭവകേന്ദ്രം, ഭയത്തിന്റെയും. അതിനാൽ ശുഭ ചിന്തകളും പ്രതീക്ഷകളും സ്ഥിരോത്സാഹവും നിലനിർത്തി ചിന്തകളെ പുനഃക്രമീകരിക്കുന്നതിലൂടെയും മനോഭാവത്തെയും കാഴ്ചകളെയും നവീകരിക്കുന്നതിലൂടെയും ഭയത്തെ വിപാടനം ചെയ്യാനാവും എന്നാണ് മനശ്ശാസ്ത്രം ഇതിന് പ്രതിവിധിയായി നിർദേശിക്കുന്നത്.

ലോകവും ചരിത്രവും കോറോണക്കാലത്തോടെ അവസാനിക്കുന്നില്ല. ജീവിത സാഹചര്യങ്ങൾ കോറിയിട്ടേക്കാവുന്ന അർധവിരാമങ്ങളെ പൂർണ വിരാമങ്ങളായി കാണാതിരിക്കുന്നേടത്തു നിന്ന് മാത്രമാണ് പുതിയ തുടർച്ചകൾക്ക് ഊർജവും പ്രേരണയും ലഭിക്കുന്നത്. ഭയത്തിന്റെ വാഴ്ച അന്തരീക്ഷത്തിൽ മാരകമായ മലിനീകരണം സൃഷ്ടിക്കുമ്പോൾ നാമെന്ത് നിലപാട് സ്വീകരിക്കുന്നു എന്നതാണ് കാര്യമാത്ര പ്രസക്തമാകുന്നത്. ആശ്വാസത്തിന്റെ, മനുഷ്യത്വത്തിന്റെ, സ്നേഹത്തിന്റെ, ഐക്യത്തിന്റെ, സാഹോദര്യത്തിന്റെ, തിരിച്ചറിവിന്റെ, അംഗീകാരത്തിന്റെ, ഉൾക്കൊള്ളലിന്റെ ബഹുവർണ സംസ്കാരം വികസിപ്പിച്ച് ഭയത്തിന്റെ, ഒറ്റപ്പെടലിന്റെ, നിസ്സഹായതയുടെ അന്തരീക്ഷത്തെ മറികടക്കേണ്ടതുണ്ട്. ●

# ഡോക്ടർ ഓൺലൈവ്, പ്രവാസികളുടെ ദുരിതങ്ങൾ

**ശാഹിദ് അടിപാട്ട്**

'**പ്രവാസി** ഇന്ത്യ Dr.onlive ലേക്കു സ്വാഗതം. ആരാണ് സംസാരിക്കുന്നത്?' എന്റെ മിക്ക ദിവസങ്ങളും തുടങ്ങുന്നത് ഇങ്ങനെയാണ്. ഈ അനുഭവങ്ങൾ എഴുതാതിരിക്കാൻ യാതൊരു നിർവാഹവുമില്ലാത്തതുകൊണ്ടാണ് ഈ കുറിപ്പ്.

മെച്ചപ്പെട്ട തൊഴിൽ തേടിയുള്ള അന്വേഷണത്തിലാണ് പ്രവാസിയായത്. 2018-ലാണ് പ്രവാസജീവിതം ആരംഭിക്കുന്നത്. അതിനുമുമ്പ് ചുരുങ്ങിയ കാലയളവിൽ ഖത്തറിൽ ഞാൻ ജോലി ചെയ്തിരുന്നു. എന്നാൽ ആകസ്മികമായുണ്ടായ ഒരപകടത്തെ തുടർന്ന് ജോലി ഉപേക്ഷിച്ചു നാട്ടിലേക്കു മടങ്ങേണ്ടി വന്നു. ദുബൈയിൽ ആതുര സേവനരംഗത്താണ് ജോലി ചെയ്യുന്നത്. അതിനാൽ മാനസികവും ശാരീരികവുമായി സേവനം ചെയ്യുന്നതിന്റെ ആത്മസായൂജ്യമുണ്ട്. 'ദൈവത്തിന്റെ മാലാഖമാർ...' എന്നാണല്ലോ ഞങ്ങളെ വിശേഷിപ്പിക്കാറ്.

ഒരു സ്ഥിരരൂപമില്ലാത്ത കൊറോണ വൈറസ് ലോകത്തെ പിടിച്ചുലച്ച സന്ദർഭം വിവരിക്കേണ്ടതില്ലല്ലോ. മിക്ക രാഷ്ട്രങ്ങളിലും വൈറസ് ബാധിതർ ഈയ്യാംപാറ്റകളെപ്പോലെ മരിച്ചുവീഴുന്ന ഭീതിജനകമായ കാഴ്ച. ഇവിടെയും സ്ഥിതി വ്യത്യസ്തമല്ല. എന്ത് ചെയ്യണം, എങ്ങനെ തുടങ്ങണം എന്ന് ആശങ്കയിലാണ്ട സാഹചര്യം. പോംവഴിയെന്ന നിലയിൽ ഭാഗിക ലോക്ക് ഡൗണും പിന്നീട് പൂർണ ലോക്ക് ഡൗണും നടപ്പാക്കി. വിമാന സർവീസുകൾ നിലച്ചതോടെ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം വിഛേദിക്കപ്പെട്ടു. അപ്പോഴേക്കും രോഗത്തിന്റെ അതിവ്യാപനം തുടങ്ങിക്കഴിഞ്ഞിരുന്നു. പതുക്കെപ്പതുക്കെ അതെന്റെ റൂമിലും എത്തി. റൂം മേറ്റ്സിൽ മൂന്നു പേർ രോഗബാധിതരായി. അടുത്തതാര് എന്ന ചോദ്യചിഹ്നത്തിൽ ഭയപ്പെട്ടുഴറാതെ ആത്മസംയമനം പാലിച്ച് രോഗികൾക്കു വേണ്ടിയുള്ള ഇടപെടലുകളായി പിന്നീട്. ഇതിലൂടെ ഒരുപാടു പേരെ സഹായിക്കാൻ കഴിഞ്ഞുവെന്ന ചാരിതാർഥ്യവുമുണ്ട്.

പ്രവാസം തുടങ്ങിയ കാലം മുതൽക്കു തന്നെ 'പ്രവാസി ഇന്ത്യ' വളന്റിയറായി സേവനമനുഷ്ഠിച്ചു പോന്നിരുന്നു. തന്മൂലം ഒരുപാടുപേരെ പരിചയപ്പെടാനും പലരുമായി നല്ല ബന്ധം സ്ഥാപിക്കാനും കഴിഞ്ഞു. ഇതിൽ സുഹൃത്ത് നൗഫൽ കാപ്പാടിനോടുള്ള നന്ദിയും കടപ്പാടും നിസ്സീമമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ നമ്മൾ അനുഭവിക്കുന്ന ആശ്വാസവും ആത്മവിശ്വാസവും വിവരണാതീതമത്രെ.

കോവിഡ് പോസിറ്റീവ് കേസുകൾ ദിനംപ്രതി കൂടി വന്ന സാഹചര്യത്തിൽ മിക്ക ആളുകളും ക്ലിനിക്കുകളിലും ഹോസ്പിറ്റലുകളിലും കുട്ടികളുമായോ വയോധികരുമായോ പോവാൻ മടിക്കുന്നു. ഈ അവസ്ഥ, 'പ്രവാസി ഇന്ത്യ ഡോക്ടർ ഓൺലൈവ്' എന്ന ആശയത്തിലേക്ക് നയിച്ചു. അത് പ്രവാസി സമൂഹത്തിന് ഏറെ പ്രയോജനം ചെയ്തു. സൂം ആപ്ലിക്കേഷൻ ആണ് അതിനായി തെരഞ്ഞെടുത്തത്. പ്രവാസി ഇന്ത്യ യു.എ.ഇ പ്രവർത്തനം തുടങ്ങിയ കാലം മുതൽ തന്നെ നല്ല ബന്ധം സ്ഥാപിച്ചവരായിരുന്നു എ.കെ.എം.ജി.എ എന്ന പ്രസിദ്ധമായ മലയാളി ഡോക്ടേഴ്സ് സംഘടന. ഇവരുമൊന്നിച്ച് ഒത്തിരി പ്രവർത്തനം നടത്തിയ പരിചയം കൊണ്ട് ഇവരുടെ അകമഴിഞ്ഞ സേവനം ഈ പ്രവർത്തനത്തിനൊരു മുതൽക്കൂട്ടായി.

എ.കെ.എം.ജി.എയെ ഈ അവസരത്തിൽ പ്രശംസിക്കാതെ പറ്റില്ല. ഒട്ടനവധി പേർ ഇതിനോടകം 'ഡോക്ടർ ഓൺലൈവി'ലൂടെ പരിശോധന നടത്തി വരുന്നു. വയോധികർ, കുഞ്ഞുങ്ങൾ, ഗർഭിണികൾ തുടങ്ങി ഇവർക്കായി ഗൈയ്നക്, ഓർത്തോ, കാർഡിയാക്, പീഡിയാട്രിക്, ജിപി തുടങ്ങി സ്പെഷ്യലൈസ്ഡ് ഡോക്ടർമാരും പരിശോധന സൗജന്യമായി നൽകിവരുന്നു.

'ഡോക്ടർ ഓൺ ലൈവി'ലേക്ക് വന്ന നിരവധി ഫോൺ കോളുകളിൽ ഒന്ന് മാത്രം പറയാം. ഒരു പ്രവാസി തന്റെ കുടുംബത്തെ എത്രമേൽ സ്നേഹിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് അത്. കോൾ ഇങ്ങനെ: തനിക്ക് കോവിഡ് -19 ന്റെ എല്ലാ ലക്ഷണങ്ങളും കാണുന്നുണ്ട്. പനി, ശ്വാസതടസ്സം അങ്ങനെ പലതരം പ്രയാസങ്ങൾ. ഡോക്ടർ അദ്ദേഹത്തെ ആശ്വസിപ്പിച്ച് സംസാരിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു; 'ഡോക്ടർ... എനിക്ക് മൂന്ന് മക്കളുണ്ട്. രണ്ട് പെൺകുട്ടികളും ഒരാൺകുട്ടിയും. അവർക്ക് ഞാൻ മാത്രമേ ഉള്ളു, ഡോക്ടർ.. എനിക്കെന്തേലും ആയാൽ അവർക്ക്... ?' എന്നു പറഞ്ഞ് അയാൾ കരയുകയായിരുന്നു. ഈ വാക്കുകൾ കണ്ണുകളെ ഈറനണിയിച്ചു. ഇങ്ങനെ മാനസികമായും ശാരീരികമായും പ്രയാസം അനുഭവിച്ച് റൂമിൽ കഴിച്ചുകൂട്ടുന്ന ഒരുപാടു പേരുണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

കോവിഡ് കാലത്ത് വിദേശമണ്ണിൽ ഉരുകിത്തീരുന്നവർ, മരിച്ചു വീഴുന്നവർ നിരവധി. എത്രയെത്ര ജീവിതങ്ങളാണ് നാട്ടിലെ കുടുംബത്തിന്, സ്വന്തം മക്കൾക്ക്, ജന്മം നൽകിയ മാതാപിതാക്കൾക്ക് ഒരു നോക്ക് കാണാൻ കഴിയാതെ ഈ മണ്ണിൽ ലയിച്ചുചേരുന്നത്!

എന്നിട്ടോ..? നാട്ടിലേക്ക് പോകാൻ ഏറ്റവും അർഹരായവർ പേരു നൽകി കാത്തിരിക്കുമ്പോൾ, അനർഹരായവർ കുറുക്കുവഴികളിലൂടെ നാട്ടിലെത്തുന്നു.

ഈ ദുരിതങ്ങൾക്ക് എത്രയും പെട്ടെന്ന് ഒരറുതി വരുത്തണേയെന്ന് ആശിക്കുകയാണ്, പ്രാർഥിക്കുകയാണ്. ഇതെഴുതുന്ന ഞാനും എത്രനാൾ സുരക്ഷിതനായി ഇരിക്കുമെന്ന് പറയാൻ ഒരുറപ്പുമില്ല! ●



# കോവിഡാനന്തര ലോകം
# ഭയത്തിൽനിന്ന് മോചനം നൽകാൻ മതമൂല്യങ്ങൾക്കാവുമോ?

**കവർ സ്റ്റോറി / സാമിഹ് ഔദ**

''പ്രത്യക്ഷ ലോകത്തിന്റെ ഈ വലിയ പ്രതലത്തിൽ മാത്രം കണ്ണുനട്ടിരിക്കുന്നവർക്ക്, ആ സംഭവ ലോകം നമ്മൾ പുറത്തുവിടുന്ന ഒരു കവിൾ പുക പോലെ ഏതു നിമിഷവും അപ്രത്യക്ഷമായേക്കുമെന്ന യാഥാർഥ്യം അംഗീകരിക്കാൻ വളരെ പ്രയാസമായിരിക്കും'' (ചാൾസ് ലീ- ഗായ് ഈറ്റൻ).

* * * *

ചൈനയിലിരിക്കുന്ന ഒരാൾ സൂപ്പ് കുടിച്ചാൽ ഈജിപ്തിലിരിക്കുന്ന നിന്റെ ശമ്പളത്തിൽ കുറവ് വരുന്നതിന്റെ പേരാണ് ആഗോളീകരണം. ഒരു ഫേസ്ബുക്ക് ആക്ടിവിസ്റ്റ് കോവിഡ് 19-ന്റെ വ്യാപനത്തിനു ശേഷമുള്ള ലോകസാഹചര്യത്തെ വിശദീകരിച്ചത് ഈ ലളിതമായ വാക്കുകളിലൂടെയായിരുന്നു. ഈ ഉയർന്നു പൊങ്ങിക്കിടക്കുന്ന നമ്മുടെ ലോകം എത്ര നേർത്തതും ദുർബലവുമാണെന്ന് പരിഹാസത്തിൽ പൊതിഞ്ഞ ഈ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട്. കണ്ണുകൊണ്ട് കാണാൻ പറ്റാത്ത അതിസൂക്ഷ്മമായ ഒരു വൈറസിന് മുന്നിൽ ആ ലോകമേധാവിത്തം പകച്ചുനിൽക്കുകയാണ്. രണ്ടോ അതിലധികമോ നൂറ്റാണ്ടായി, അതായത് ഫ്രഞ്ച് വിപ്ലവത്തിനും ജ്ഞാനോദയത്തിനും വ്യവസായ വിപ്ലവത്തിനും കമ്പോളത്തിന് മേലുള്ള മുതലാളിത്തത്തിന്റെ പിടിമുറുക്കലിനും തുടർന്നു വന്ന നവലോകക്രമത്തിനും ശേഷം, ഇതെല്ലാം നേടിക്കൊടുത്ത ഒട്ടു വളരെ സംവിധാനങ്ങളും ഉപകരണങ്ങളും ഉണ്ടായിട്ടും ഈ കുഞ്ഞൻ പ്രതിയോഗിക്കു മുന്നിൽ നിസ്സഹായമായിപ്പോവുകയാണ് ലോകം.

സാമൂഹിക ശാസ്ത്രജ്ഞനും കുവൈത്ത് യൂനിവേഴ്സിറ്റിയിലെ അധ്യാപകനുമായ ഡോ. അലി അസ്അദ് വത്ഫ എഴുതുന്നു: ''പ്രാചീന ദാർശനിക പുരാണങ്ങളെ മാത്രമല്ല, നമ്മുടെ കാലത്തെ മിക്ക സർവാംഗീകൃത ജ്ഞാനശാസ്ത്ര തീർപ്പുകളെയും പിടിച്ചുകുലുക്കിയിരിക്കുന്നു ഈ വൈറസ്. നാഗരികതയുടെ തണലിൽ സ്വസ്ഥമായിട്ടിരിക്കാം എന്ന പകൽക്കിനാവിൽനിന്ന് അവനെയത് കുടഞ്ഞിട്ടിരിക്കുന്നു.... നാഗരികതയുടെ അമാനുഷ പ്രകടനവും ടെക്നോളജിയുടെ അത്ഭുതങ്ങളും ഭാവി മനുഷ്യന് നിത്യതയുടെ കോട്ടകൊത്തളങ്ങൾ തീർക്കുമെന്ന മോഹത്തിനും അത് അന്ത്യം കുറിച്ചിരിക്കുന്നു.''[1]

ഈ ആഘാതത്തെ പ്രശസ്ത നോർവീജിയൻ ചിത്ര

കാരൻ എഡ്വേഡ് മുൻഷ് നൂറ് വർഷം മുമ്പ് തന്റെ രചനയിൽ വരഞ്ഞിട്ടുണ്ട്. അലർച്ച (Scream) എന്നാണ് 1893-ൽ രചന പൂർത്തിയായ ആ ചിത്രത്തിന്റെ പേര്. പാശ്ചാത്യ നാഗരികതയുടെ മറഞ്ഞു കിടക്കുന്ന മുഖമാണ് അത് വെളിപ്പെടുത്തുന്നതെന്ന നിരീക്ഷണമുണ്ട്. അജ്ഞാതമായ ഭീതിയാൽ ഒരാൾ അലറുകയാണ്. പവിത്രമായവയുമായുള്ള ബന്ധങ്ങൾ അറുത്തു മാറ്റിയ മനുഷ്യന് ഇരുപതാം നൂറ്റാണ്ടിൽ വരാനിരിക്കുന്ന മാറ്റങ്ങളെ അടയാളപ്പെടുത്തുകയായിരുന്നു മുൻഷിന്റെ ചിത്രം. മുൻകാലങ്ങളിൽ പവിത്ര മൂല്യങ്ങളോട് ചേർന്നുനിന്നാണ് മനുഷ്യൻ ആശ്വാസം കണ്ടെത്തിയിരുന്നത്. വിശ്വാസങ്ങളിൽനിന്നും അനുഷ്ഠാനങ്ങളിൽനിന്നും പൈതൃകങ്ങളിൽനിന്നും, മൊത്തത്തിൽ അത്തരം സ്ഥാവര മൂല്യങ്ങളിൽനിന്നെല്ലാം അവൻ നഗ്നനാക്കപ്പെട്ടിരിക്കുന്നു. വിഹ്വലമായ ഒരു അസ്തിത്വ പ്രതിസന്ധിക്കു മുമ്പിൽ അവൻ ഒന്നിനും കെൽപ്പില്ലാത്തവനായിത്തീരുന്നു.[2]

ആകാശലോകവുമായി ബന്ധം വിടർത്തിയ മനുഷ്യന്റെ കഥയാണിത്. അവന് ആന്തരിക ശാന്തി നഷ്ടമായിരിക്കുന്നു. ജ്ഞാനോദയത്തിന്റെയും ആധുനികതയുടെയും പ്രവാചകന്മാർ അവനോട് പറഞ്ഞുകൊണ്ടിരുന്നത് ഇതാണ്: 'നീ പേടിക്കേണ്ട. ദിവ്യത്വത്തിന്റെ മാസ്മരികതയിൽനിന്ന് ഞങ്ങൾ ലോകത്തെ അടർത്തിമാറ്റിത്തരാം. ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ചങ്ങലകളിൽനിന്ന് നിന്നെ മോചിപ്പിക്കാം. അങ്ങനെ ഭയത്തെ ഇനിയൊരിക്കലും തിരിച്ചുവരാത്ത വിധം നാടുകടത്താം.' എല്ലാ തിന്മകളുടെയും പ്രഭവകേന്ദ്രമായി അവർ കണ്ടത് മതത്തെയായിരുന്നു. എല്ലാറ്റിനും പരിഹാരമായി ശാസ്ത്രത്തെയും കേവല യുക്തിയെയും മുന്നോട്ടു വെച്ചു. കേന്ദ്രസ്ഥാനത്ത് നിന്ന് അവർ ദൈവത്തെ എടുത്തുമാറ്റി പകരം അവിടെ മനുഷ്യനെ പ്രതിഷ്ഠിച്ചു.



ഇന്നത്തെ ലോക നാഗരികത പലതും ചെയ്തുനോക്കുന്നുണ്ടെങ്കിലും അതൊന്നും ഭയത്തിനും ആശങ്കക്കും ഒരു കുറവും വരുത്തുന്നില്ല. മഹാമാരിക്കുള്ള പ്രതിവിധി / വാക്സിൻ സമയത്തിന്റെ മാത്രം പ്രശ്നമാണെന്ന് ആശ്വസിപ്പിക്കുമ്പോഴും ഓരോ ദിവസവും ബില്യനുകളുടെ നഷ്ടമാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് ചോദിക്കാനുള്ളത് ഇതാണ്; മതവിശ്വാസങ്ങളുടെ മാസ്മരികതയിൽനിന്ന് ലോകത്തെ മോചിപ്പിച്ച് ഭയത്തിന് അറുതി വരുത്തുമെന്ന് പ്രഖ്യാപിച്ച ആധുനികതക്ക് അത് സാധിച്ചുവോ? അതല്ല, പുതിയ തരം ഭയങ്ങളെ ഉൽപ്പാദിപ്പിക്കുകയാണോ അത് ചെയ്തത്? മുഴുവൻ യാഥാർഥ്യങ്ങളെയും മനസ്സിലാക്കിയെടുക്കാൻ ആധുനിക നാഗരികതയുടെ ഉപകരണങ്ങൾക്ക് ശേഷിയുണ്ടോ? സമാധാനവും സ്വസ്ഥതയും ലഭിക്കാൻ ഭൗതിക ലോകത്തെയും കവിഞ്ഞു നിൽക്കുന്ന ചില ദൃഢ നങ്കൂരങ്ങൾ നമുക്ക് ആവശ്യമുണ്ടോ?

**ഇല്ല, ആ മാന്ത്രികത തകർക്കപ്പെട്ടിട്ടില്ല**

''നാം മനുഷ്യരുടെ പ്രകൃതത്തിൽ തന്നെയുള്ള മാറാവ്യാധിയാണ് അഹന്ത. യഥാർഥത്തിൽ ഏറ്റവും ദുർബലനായ, ഏറ്റവും കൂടുതൽ അപകടങ്ങൾക്ക് ഇരയാവുന്ന ജീവി മനുഷ്യനാണ്. അതേസമയം ഇത്രയധികം അഹങ്കാരവും പൊങ്ങച്ചവും കാണിക്കുന്ന മറ്റൊരു ജീവിയുമില്ല. ചളിയിൽ പുതഞ്ഞു കിടക്കുന്ന അവൻ തന്റെ ഭാവനയാൽ ശുക്ര നക്ഷത്രത്തിന്റെ മുകളിലെത്തിക്കളയും; ആകാശത്തെ തന്റെ കാൽച്ചുവട്ടിലാക്കിക്കളയും'' (മിഷേൽ മൊണ്ടയ്ൻ).

* * * *

ഒരു ഷോപ്പിംഗ് മാൾ. ഏറക്കുറെ ഒഴിഞ്ഞ ഷെൽഫുകൾ. ധൃതി പിടിച്ച് ഉരുട്ടിക്കൊണ്ടു പോകുന്ന ഷോപ്പിംഗ് ട്രോളികളുടെ ശബ്ദം മാത്രം ഉയർന്നു കേൾക്കുന്നു. പിന്നെ കുറച്ച് നേരത്തേക്ക് സാധനങ്ങൾ വാങ്ങാനെത്തിയ തദ്ദേശീയരായ രണ്ട് മാന്യ സ്ത്രീകൾ തമ്മിലുള്ള കശപിശയും. ഉച്ചത്തിലുള്ള ഈ കശപിശ എന്തിനാണെന്നല്ലേ; മാളിൽ ബാക്കിയുള്ള ഏക ടോയ്‌ലറ്റ് പേപ്പർ പാക്കറ്റിനു വേണ്ടി! ഒന്നാം ലോകത്ത് സ്ഥാനം പിടിച്ച ആസ്ത്രേലിയയിൽനിന്നുള്ള റിപ്പോർട്ടാണിത്. പിടിവിട്ടുപോയ ലോകത്ത് എന്തെങ്കിലുമൊക്കെ പിടിയിലാക്കാനുള്ള നെട്ടോട്ടവും പരക്കം പാച്ചിലുമാണ് നാമിവിടെ കാണുന്നത്.[3]

കാര്യങ്ങൾ വ്യക്തമാണ്. ഷോപ്പിംഗ് മാളുകളിലെ ഇത്തരം ശണ്ഠകൾ, ഒഴിഞ്ഞ ഷെൽഫുകൾ, സാധനങ്ങൾ വാങ്ങിക്കൂട്ടാനുള്ള പരക്കംപാച്ചിൽ പോലുള്ള പ്രവണതകൾ 'കൊറോണോഫോബിയ'യുടെ ഭാഗമാണ്. പിടിവിട്ടു പോകുന്നു എന്ന വ്യക്തിയുടെ തോന്നലിൽനിന്നുണ്ടാകുന്ന പ്രതികരണങ്ങൾ. വീട്ടുസാമാനങ്ങളും മറ്റും വാങ്ങിക്കൂട്ടി കൈവിട്ടുപോയ നിയന്ത്രണം തിരിച്ചുപിടിക്കാമെന്ന തോന്നലാണ് ഇതിന്റെ പിന്നിലെന്ന് കണ്ടെത്താൻ പ്രയാസമില്ല. അങ്ങനെയാണല്ലോ അവർ ശീലിപ്പിക്കപ്പെട്ടിരിക്കുന്നത്.

ഈയൊരു തോന്നലിൽനിന്ന് ആധുനിക മനുഷ്യനെ വേർപ്പെടുത്തി

യെടുക്കുക പ്രയാസമാണ്. ആധുനിക തയും ശാസ്ത്രപുരോഗതിയും അവനെ വിശ്വസിപ്പിച്ചിരിക്കുന്നത് അതാണ്. പ്രകൃതിക്കും വസ്തുക്കൾക്കും മീതെ മനുഷ്യന്റെ ആധിപത്യം എന്നതാണ് അവനെ ഭരിക്കുന്ന ചിന്ത. മതാചാര മാന്ത്രികതയിൽനിന്ന് ലോകത്തെ മോചിപ്പിക്കാനാണ് ആധുനികത രംഗപ്രവേശം ചെയ്തതെന്ന മാക്സ് വെബറുടെ പ്രസ്താവനയുടെ ആശയം അതാണ്.[4] പിന്നെ ആധുനികത രൗദ്രരൂപം കൈക്കൊള്ളുന്നതിന് നാം സാക്ഷികളായി. കേന്ദ്രസ്ഥാനത്തുള്ളത് മനുഷ്യനാണെന്ന് അത് ഊന്നിപ്പറഞ്ഞു. കുതറിനിൽക്കുന്ന പ്രകൃതിയെ കീഴ്പ്പെടുത്തി അതിനെ മനുഷ്യപുരോഗതിക്കായി ഉപയോഗപ്പെടുത്തണം. എങ്കിൽ മരണ-ദുരന്ത ഭയങ്ങളിൽനിന്ന് മനുഷ്യന് മോചനം നേടാം.[5]




സിഗ്മണ്ട് ബോമാന്റെ 'ദ്രവകാലങ്ങൾ' എന്ന പുസ്തകത്തിന്റെ അറബി പരിഭാഷ(അൽ അസ്മിനത്തുസ്സാഇല)യുടെ ആമുഖത്തിൽ പരിഭാഷകനായ ഹജ്ജാജ് അബൂജബ്ർ ഇങ്ങനെ കുറിക്കുന്നു: 'പ്രപഞ്ചത്തെക്കുറിച്ച് ദൈവാസ്തിത്വത്തിൽ ഊന്നിയ ഒരു അതിഭൗതിക (Metaphysical) വ്യാഖ്യാനമാണ് ഉണ്ടായിരുന്നത്. ആധുനികതക്കു മുമ്പുള്ള എല്ലാ കാലഘട്ടങ്ങളുടെയും സവിശേഷതയായിരുന്നു അത്. ദൈവം സൃഷ്ടിച്ച് പരിപാലിക്കുന്ന പ്രപഞ്ച സംവിധാനങ്ങളെ സംരക്ഷിക്കുന്ന കാവൽഭടനാണ് മനുഷ്യൻ എന്ന സങ്കൽപ്പമാണ് അക്കാലങ്ങളിൽ ഉണ്ടായിരുന്നത്. പിന്നെയാണ് ആധുനികത വരുന്നത്. അത് യൂറോപ്യൻ ചർച്ചിനെതിരായുള്ള കലാപമായിരുന്നു; അതിന്റെ വ്യാഖ്യാനങ്ങളെ അട്ടിമറിക്കുന്നതായിരുന്നു. കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന മതവിശ്വാസത്തിനെതിരെ ആധുനികത യുദ്ധപ്രഖ്യാപനം നടത്തി. ദിവ്യവെളിപാട്, പരലോകത്തെ നിത്യത തുടങ്ങിയവയെ വെല്ലുവിളിച്ചു. വിശുദ്ധമാക്കപ്പെട്ടിട്ടുള്ളത് ശാസ്ത്രവും യുക്തിയും മാത്രമാണെന്ന് വാദിച്ചു. തൊഴിൽ, ഉൽപ്പാദനം, സമ്പാദനം എന്നീ മൂന്നു വാക്കുകളെ മുന്നിലേക്കിട്ട് സകലതിനെയും പോരിന് വിളിച്ചു.'

ആധുനികതയുടെ ഈ ശാഠ്യം ദ്രവരൂപമാർന്ന് വൻ കുത്തിയൊഴുക്കായി രൂപപ്പെടുകയായിരുന്നു. വഴിയിലുള്ള എല്ലാറ്റിനെയും അത് തകർത്തെറിഞ്ഞു. ഒന്നിനും ഒരു പ്ലാനുമില്ല; കാവൽക്കാരുമില്ല. അങ്ങനെ റോബർട്ട് കാസ്റ്റൽ (Robert Castel 1933-2013) പറഞ്ഞ വിധം മനുഷ്യസമൂഹത്തെ ഭീതികൾ വന്നു മൂടി. അദ്ദേഹം എഴുതുന്നത് ഇങ്ങനെയാണ്: ''സുരക്ഷാ സംവിധാനങ്ങൾ കുറഞ്ഞതുകൊണ്ടല്ല നമുക്ക് കടുത്ത അരക്ഷിത ബോധം അനുഭവപ്പെടുന്നത്. സുരക്ഷക്കു വേണ്ടി അറ്റമില്ലാതെ മുറവിളികൾ ഉയരുന്ന, ഭ്രാന്തെടുത്ത് സുരക്ഷക്കു പിന്നാലെ പായുന്ന ഒരു സാമൂഹിക ക്രമത്തിൽ സുരക്ഷ എന്ത് എന്നതിനെക്കുറിച്ച് ഒരു വ്യക്തതയും ഇല്ലാത്തതുകൊണ്ടാണ്.''[6]

ഈ സന്ദർഭത്തിൽ നാം ബർട്രാന്റ് റസൽ പറഞ്ഞത് ഓർക്കുന്നു: ''മനുഷ്യസമൂഹം അഭിമുഖീകരിക്കാൻ സാധ്യതയുള്ള ഒരു ദുരന്തമുണ്ട്. അന്നവർ പരിഭ്രാന്തരായി ചോദിക്കും: ഒരാളും ഇഷ്ടപ്പെടാത്ത വേദനാജനകമായ ഈ പരിണതിയിൽനിന്ന് എന്തുകൊണ്ടാണ് നമുക്കൊരു രക്ഷാമാർഗം തുറന്നു കിട്ടാത്തത്?''[7] ഇത് കോവിഡ് മഹാമാരിയെക്കുറിച്ച ഒരു പ്രവചനമല്ല. എല്ലാറ്റിനെയും കീഴ്പ്പെടുത്താനും വ്യാഖ്യാനിക്കാനുമുള്ള ശാസ്ത്ര സങ്കേതങ്ങളൊക്കെ മനുഷ്യൻ ആർജിച്ചിരിക്കുന്നു എന്ന് വ്യാമോഹിച്ച് ലക്ഷ്യബോധമില്ലാതെ ഭ്രാന്തെടുത്ത് ഓടുന്നതിന്റെ ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു റസൽ.

സിഗ്മണ്ട് ബോമാൻ പറയുന്നതുപോലെ,[8] ആധുനികത അവകാശപ്പെട്ടത്, മതകീയമായ അദൃശ്യങ്ങളെ തുടച്ചുനീക്കുകയും നമ്മുടെ മേൽ അധികാരം നടത്താനുള്ള അവകാശം ശാസ്ത്രത്തിന് പതിച്ചുകൊടുക്കുകയും ചെയ്യുന്നതോടെ എല്ലാം നമ്മുടെ കാൽക്കീഴിൽ വരും എന്നാണ്. അങ്ങനെ, ദൈവം കൊല്ലപ്പെട്ടിരിക്കുന്നുവെന്നും സൂപ്പർമാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും അവനു ചുറ്റുമാണ് ലോകം കറങ്ങുന്നതെന്നും പ്രഖ്യാപനമുണ്ടായി. ദിവ്യവെളിപാടുകളുടെ കേന്ദ്രീയ സ്ഥാനം നിരാകരിക്കപ്പെടുകയും ക്ഷണഭംഗുരമായ ദേഹേഛകൾ കേന്ദ്രസ്ഥാനത്ത് വരികയും ചെയ്തു. തുടർന്ന് യുദ്ധങ്ങൾ, പട്ടിണി, അഭയാർഥി പ്രവാഹം, മാരക രോഗങ്ങൾക്ക് കാരണമാകുന്ന ഭക്ഷണങ്ങൾ, ഒന്നു ശ്വസിച്ചു കൊടുത്താൽ നിങ്ങളുടെ ജീവനെടുത്തു പോകുന്ന വിഷമയമായ വായു ഇതൊക്കെ മനുഷ്യൻ കെട്ടിയുയർത്തിയ സുരക്ഷാ കോട്ടകളെ കടന്നാക്രമിക്കാൻ തുടങ്ങി.

ചോദ്യങ്ങൾ അവശേഷിക്കുകയാണ്. സത്യത്തിൽ ഭയം ഇല്ലാതാക്കാൻ കഴിഞ്ഞുവോ? എന്താണ് മനുഷ്യസമൂഹത്തിന്റെ ഉത്തരം? ഇന്ന് നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്ന മഹാമാരിയെ നമുക്ക് മുൻകൂട്ടി കാണാൻ കഴിയാതിരുന്നതും ഇപ്പോഴും അതിന് പ്രതിവിധി കണ്ടെത്തുന്നതിൽ പരാജയപ്പെട്ടതും മനുഷ്യമനസ്സിന് ശാന്തി ചൊരിഞ്ഞുകൊടുക്കാൻ മനുഷ്യാതീതമായ ഒരു സ്രോതസ്സ് നമുക്ക് ആവശ്യമുണ്ട് എന്നാണോ സൂചിപ്പിക്കുന്നത്? ഈ ഭയത്തിന് മുന്നിൽ നിസ്സഹായരായിപ്പോകുന്നതിനു മുമ്പ് ജീവിതത്തിനും പ്രപഞ്ചത്തിനും അനിവാര്യമായ ചില വ്യാഖ്യാനങ്ങൾ



നൽകാൻ നമുക്ക് കഴിയുമോ?

**അന്ധമായ കണ്ണുകൾ, അപൂർണമായ ഉപകരണങ്ങൾ**

''ശാസ്ത്രത്തിന് പറയാനുള്ളത് അറ്റമില്ലാത്ത, അത്യന്തം സെൻസേഷനലായ ഒരു കഥയാണ്. പക്ഷേ നിർഭാഗ്യവശാൽ നാം മനുഷ്യർ കാലത്താൽ ബന്ധിതരാണ്. നമ്മുടെ ചോദ്യങ്ങൾക്ക് നമുക്ക് കൃത്യമായ ഉത്തരങ്ങൾ കിട്ടണം'' (ജിയോർഡാനോ ബ്രൂണോ).

* * * *

തന്റെ 'രണ്ടാം വരവ്' (Second Coming) എന്ന കവിതയിൽ വില്യം ബട്ലർ യേറ്റ്സ് പുതിയ ലോകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നത് ഇങ്ങനെയാണ്:

Things fall apart; the centre cannot hold

Mere anarchy is loosed upon the world

(എല്ലാം വീഴുകയാണ്; കേന്ദ്രത്തിന് അടിതെറ്റിയിരിക്കുന്നു. ലോകത്തിനു നേരെ അരാജകത്വത്തെ കയറൂരി വിട്ടിരിക്കുന്നു).

എച്ച്.ജി വെൽസ് നമ്മുടെ കാലത്തെ വിശേഷിപ്പിക്കുന്നത് 'മാനസിക അശാന്തിയുടെ യുഗം' എന്നാണ്.[9] ശാസ്ത്രവും വ്യവസായ വിപ്ലവവും സ്വതന്ത്ര മുതലാളിത്ത കമ്പോളവും ആധിപത്യം വാഴുന്ന ലോക വ്യവസ്ഥയുടെ തകരാറുകളിലേക്ക് നോബൽ പുരസ്കാര ജേതാവായ പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ എർവിൻ ഷ്റോഡിങർ (1887–1961) വിരൽ ചൂണ്ടുന്നത് ഇങ്ങനെ: ''എന്റെ ചുറ്റുമുള്ള യഥാർഥ ലോകത്തെക്കുറിച്ച് ശാസ്ത്രം - അഥവാ ഭൗതികത - നൽകുന്ന ചിത്രം ഗുരുതരമായ പാകപ്പിഴവുകൾ ഉള്ളതാണ്... ചുവപ്പ്, നീല, കയ്പ്, മധുരം, ശാരീരിക വേദന, ശാരീരികാഹ്ലാദം ഇതേക്കുറിച്ചൊന്നും ഒറ്റവാക്കിൽ പോലും എന്തെങ്കിലും പറഞ്ഞുതരാൻ ശാസ്ത്രം അശക്തമാണ്. സുന്ദരം, വികൃതം, നന്മ, തിന്മ, ദൈവം, നിത്യത ഇത്യാദി കാര്യങ്ങളെക്കുറിച്ച് യാതൊന്നും അറിഞ്ഞുകൂടാ ശാസ്ത്രത്തിന്.... ഇതിനൊക്കെ മറുപടി ഉണ്ടെന്ന് നടിക്കുക മാത്രമാണ് ചെയ്യുന്നത്. ആ മറുപടികൾ എത്രമാത്രം അസംബന്ധമായിരിക്കുമെന്ന് ചോദിച്ചാൽ ഒരാളും അവ മുഖവിലക്കെടുക്കുക പോലുമില്ല.''[10] നമ്മുടെ കാലത്ത് ജീവിച്ച ശ്രദ്ധേയനായ ഒരു ശാസ്ത്രജ്ഞന്റെ വിലയിരുത്തലാണിത്. ചരിത്രത്തെ നിർണയിച്ച രണ്ടു തരം വ്യാഖ്യാനങ്ങളെക്കുറിച്ച് അലി ഇസ്സത്ത് ബെഗോവിച്ച് തന്റെ 'ഇസ്‌ലാം പാശ്ചാത്യ-പൗരസ്ത്യതകൾക്ക് മധ്യേ' എന്ന കൃതിയിൽ പറയുന്നുണ്ട്. ഭൗതികവ്യാഖ്യാനവും ആധ്യാത്മിക വ്യാഖ്യാനവുമാണവ. ഇതിൽ ആധ്യാത്മിക വ്യാഖ്യാനത്തെ പറ്റേ കുഴിച്ചുമൂടിയിരിക്കുകയാണ്; ഭൗതിക വ്യാഖ്യാനത്തിന്റെ ചെലവിൽ.

വിവിധ മേഖലകളിലെ ശാസ്ത്ര പഠനങ്ങൾ നമുക്ക് സുപ്രധാനമായ ധാരാളം വിശദാംശങ്ങൾ നൽകുമെങ്കിലും നാം ജീവിക്കുന്ന ലോകത്തെ വിലയിരുത്തുന്നതിൽ അവയുടെ പങ്ക് അത്യന്തം ദുർബലമായിരിക്കുമെന്ന് ചാൾസ് ഡാർവിനും പറഞ്ഞിട്ടുണ്ട്.[11] കാരണം ശാസ്ത്രം അളവ് മാത്രമേ കാണുന്നുള്ളൂ. ഉദാഹരണത്തിന്, ഒറിജിനൽ മോണോലിസ പെയ്ന്റിംഗും വ്യാജ മോണോലിസ പെയ്ന്റിംഗും തമ്മിലുള്ള വ്യത്യാസം കണ്ടെത്താൻ ശാസ്ത്രത്തിന് കഴിയില്ല. രണ്ട് പെയ്ന്റിംഗിലും ഒരേ അളവിൽ ഒരേ തരത്തിലുള്ള പെയ്ന്റുകളാണല്ലോ ഉപയോഗിച്ചിട്ടുള്ളത്. കാരണം ബെഗോവിച്ച് വ്യക്തമാക്കിയിട്ടുള്ളതു പോലെ, കലാകാരന്റെ സ്പർശത്തിലാണ് ആ വ്യത്യാസമിരിക്കുന്നത്.

ചരിത്രത്തിന് ആധുനികത നൽകുന്ന ഏകമുഖ വ്യാഖ്യാനത്തിലാണ്, പിടിവിട്ടു പോകുന്ന സന്ദർഭങ്ങളിൽ ആധുനിക ലോകം അകപ്പെടുന്ന കടുത്ത ഭയാശങ്കകളുടെ കാരണം തിരക്കേണ്ടത് എന്നർഥം. സകല കാര്യങ്ങളെയും ഒരൊറ്റ ദിശയിലൂടെ ന്യൂനീകരിച്ചു കാണുകയാണ്. മനുഷ്യന് ശാന്തിയും സമാധാനവും ആവശ്യമായ സന്ദർഭങ്ങളിൽ സംഭവങ്ങളെ വ്യാഖ്യാനിക്കാൻ ഈ ഭൗതിക ദർശനം പരാജയപ്പെടുമ്പോൾ സ്വാഭാവികമായും ഉണ്ടായിത്തീരുന്നതാണ് ഈ ഭയാശങ്കകൾ. പ്രശസ്ത ജർമൻ തത്ത്വചിന്തകൻ മാർട്ടിൻ ഹെയ്ദഗർ, അതിസങ്കീർണമായ ജീവിത സമസ്യകളെ നേരിടാൻ ദൈവത്തെ ഒഴിച്ചുനിർത്തിയുള്ള മനുഷ്യന്റെ പരിശ്രമങ്ങൾക്ക് കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്; 'നിലവിലുള്ള ലോകഘടനയിൽ വലിയ മാറ്റങ്ങളുമൊന്നുമുണ്ടാക്കാൻ തത്ത്വശാസ്ത്രത്തിന് കഴിയില്ല. തത്ത്വശാസ്ത്രത്തിനെന്നല്ല മനുഷ്യന്റെ മറ്റു ചിന്തകൾക്കും കഴിയില്ല.' പിന്നെ അദ്ദേഹം പറയുന്നതാണ് ശ്രദ്ധേയം; 'ദൈവത്തിന് മാത്രമേ നമ്മെ രക്ഷിക്കാനാവൂ.'[12]

**അഭയം**

''കാര്യങ്ങളെ അവയുടെ ശരിയായ നിലയിൽ കാണുകയും വിലയിരുത്തുകയും അതനുസരിച്ച് തീരുമാനങ്ങളെടുക്കുകയും അതിൽ ഉറച്ചുനിൽക്കുകയും ചെയ്യുക എന്നതിനേക്കാൾ സുപ്രധാനമായി ജീവിതത്തിൽ ഒന്നും തന്നെയില്ല'' (കാൾ വോൺ ക്ലോസ് വിറ്റ്സ് – Carl von Clausewitz).

* * * *

സോഷ്യൽ മീഡിയയിൽ വ്യാപകമായി ഷെയർ ചെയ്യപ്പെട്ട ഒരു ചിത്രം. രോഗപ്രതിരോധ വസ്ത്രങ്ങൾ അതിന്റെ പൂർണതയിൽ അണിഞ്ഞ ആരോഗ്യ പ്രവർത്തകൻ അമേരിക്കൻ നഗരമായ എംഹേസ്റ്റി(Elmhurst)ലെ ഒരു ക്ലിനിക്കിനു മുന്നിൽ നിൽക്കുന്നു. ഇരു കണ്ണുകളും കൈകളും മേലോട്ടുയർത്തി തന്റെ രക്ഷിതാവിനോട് നിശ്ശബ്ദം കേ

ഴുകയാണ്; ഈ മഹാമാരിയിൽനിന്ന് ഒരു രക്ഷാമാർഗം കാണിച്ചുതരാൻ. ഇതെഴുതുമ്പോൾ രോഗബാധ അഞ്ച് ദശലക്ഷം കവിഞ്ഞിരിക്കുന്നു; മരണം മൂന്ന് ലക്ഷവും. രോഗത്തെ കീഴ്പ്പെടുത്താനുള്ള ഒരു വഴിയും ഇതുവരെ മനുഷ്യരാശിക്കു മുന്നിൽ തെളിഞ്ഞിട്ടില്ല. രോഗവ്യാപനം തടയാനുള്ള നടപടികൾ മാത്രമാണ് രാഷ്ട്രങ്ങൾ സ്വീകരിക്കുന്നത്. അതിനാലാണ് ഈ ആരോഗ്യ പ്രവർത്തകൻ ആകാശത്തേക്ക് കണ്ണയക്കുന്നത്.

ആ നോട്ടത്തിന്റെ അർഥം ആർക്കും അവ്യക്തമല്ല. തനിക്ക് അഭയം തേടാവുന്ന, ആശ്രയിക്കാവുന്ന തന്നേക്കാൾ വലിയ ഒരു ശക്തിയിലേക്കാണ് ആ നോട്ടം. ദൈവം മരിച്ചിട്ടില്ല; മരിക്കുക സാധ്യവുമല്ല. ബോമാൻ എഴുതി: 'ദൈവം മരിച്ചാൽ മനുഷ്യകുലം തന്നെ കുറ്റിയറ്റുപോകും.'[13] ഈ പ്രതിസന്ധി ഘട്ടത്തിൽ നാം തിരിച്ചറിയുന്നു; 'മനുഷ്യകുലം പഠിച്ച ഏറ്റവും വലിയ ഒരു പാഠമുണ്ട്. പണമോ ആരോഗ്യമോ ചിന്താശേഷിയോ ഏറ്റവും മികച്ച തോതിൽ ലഭ്യമായാലും അതൊന്നും ഒരിക്കലും അവനെ നിരുപാധിക സ്വാതന്ത്ര്യത്തിലേക്ക് എത്തിക്കുന്നില്ല.' കാരണം, 'കാലം കടന്നുപോകുമ്പോൾ പണം മാഞ്ഞുമറിഞ്ഞുപോകും. ശരീരം ദുർബലമാകുമ്പോൾ ഒപ്പം ആരോഗ്യവും നശിക്കും. വാർധക്യത്തിലേക്ക് കടന്നാൽ ചിന്താശേഷിക്കും മങ്ങലേൽക്കുകയായി. മനുഷ്യപ്രകൃതിയുടെ ദൗർബല്യം തിരിച്ചറിയാൻ ഇതു മാത്രം ശ്രദ്ധിച്ചാൽ മതിയാവും.'[14] തന്റെ സ്രഷ്ടാവിനെ മാറ്റിനിർത്തി ജീവിച്ചുകളയാം എന്ന് മനുഷ്യൻ എത്ര തന്നെ തീരുമാനിച്ചുറപ്പിച്ചാലും അത് സാധ്യമാവില്ലെന്ന് ചുരുക്കം.

ഇനി ലാറൂസിന്റെ 'ഇരുപതാം നൂറ്റാണ്ട് - ചരിത്ര നിഘണ്ടു' (Larouse Dictionary of 20th Century History) എന്തു പറയുന്നു എന്ന് നോക്കാം: 'മതബോധം എന്നത് എല്ലാ മനുഷ്യവിഭാഗങ്ങളും പങ്കു വെക്കുന്ന ഒരു ചോദനയാണ്.. കടുത്ത അപരിഷ്കൃതരെന്നോ ബർബേറിയന്മാരെന്നോ വിശേഷിപ്പിക്കപ്പെടുന്നവരിൽ പോലും അതുണ്ട്. പ്രകൃത്യാതീതമായ ഒരു ദിവ്യശക്തിക്ക് നൽകുന്ന പരിഗണന എല്ലാ കാലത്തെയും എല്ലായിടത്തെയും മനുഷ്യരിലുള്ള ഒരു ശാശ്വത വികാരമായിരുന്നു. ഈ വികാരം ഒരിക്കലും അപ്രത്യക്ഷമായിരുന്നിട്ടില്ല. എന്നല്ല, അത് ദുർബലമാവുകയോ വാടുകയോ പോലുമുണ്ടായിട്ടില്ല. അത്തരം ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെ അത് നാഗരികത ധൂർത്തിലേക്ക് കടന്ന സന്ദർഭങ്ങളിൽ മാത്രമാണ്; വളരെക്കുറഞ്ഞ ആളുകളിലേ ആ പ്രവണത കണ്ടിരുന്നുമുള്ളൂ.'[15]. ഗവേഷകനായ അബ്ദുല്ല അശ്ശഹ്‌രി പറയുന്നത്, പ്രതിസന്ധിയുടെ ഈ ചരിത്രസന്ദർഭം ജീവിതത്തിന്റെ അർഥമന്വേഷിക്കാൻ നമ്മെ നിർബന്ധിതമാക്കുമെന്നാണ്: 'നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും മതം എന്ന മറ്റൊരു വ്യവഹാര മണ്ഡലത്തിലേക്ക് നാം കടന്നിരിക്കുകയാണ്.'[16] കോളിൻ വിൽസന്റെ അഭിപ്രായത്തിൽ, മനുഷ്യന്റെ അടിസ്ഥാന പ്രശ്നം, 'ദൈനംദിന ജീവിതത്തിന്റെ ഉപരിപ്ലവതകളിൽ അവൻ കുടുങ്ങിക്കിടക്കുന്നു' എന്നതാണ്. 'തന്നെ വലയം ചെയ്തു നിൽക്കുന്ന വലിയ ലോകത്തെ' അവൻ മറന്നുപോവുകയും ചെയ്യുന്നു.[17]

ദൈനംദിന ജീവിതത്തിന്റെ ആ


ഐ.പി.എച്ച് വായനക്കാർക്ക് സന്തോഷവാർത്ത

വായനക്കാർക്കു വേണ്ടി റമദാൻ ഓഫറുകൾ 15. 06. 2020 വരെ നീട്ടിയിരിക്കുന്നു

5000 രൂപയുടെ പുസ്തകങ്ങൾ 3000 രൂപക്ക്
3000 രൂപയുടെ പുസ്തകങ്ങൾ 1900 രൂപക്ക്
2000 രൂപയുടെ പുസ്തകങ്ങൾ 1300 രൂപക്ക്
1500 രൂപയുടെ പുസ്തകങ്ങൾ 1000 രൂപക്ക്

തഫ്ഹീമുൽ ഖുർആൻ
6 വാല്യങ്ങൾ
അബുൽഅഅ്‌ലാ മൗദൂദി
₹~~3750~~ 2450



ഖുർആൻ ബോധനം
8 വാല്യങ്ങൾ
ടി.കെ. ഉബൈദ്
₹~~4979~~ 3240




സ്വഹീഹുൽ ബുഖാരി
സ്വഹീഹു മുസ്‌ലിം
സുനനുത്തിർമിദി
₹~~2749~~ 1820



IPH BOOKS FORLAND BUILDING, RAJAJI ROAD, KOZHIKODE, 673004
PH: 0495 2720072, 2724618, WP NO: 9544299877

Online store: www.iphkerala.com/store/




ആഴമില്ലായ്മകളിൽനിന്ന് മനുഷ്യനെ പുറത്തു കടത്തുകയാണ് ഈ മഹാമാരി ചെയ്തിരിക്കുന്നത്. അതിനാൽ ഇതിനെപ്പറ്റി വരുന്ന വിശദാംശങ്ങളൊന്നും തന്നെ ഭയത്തിൽനിന്ന് നമുക്ക് മോചനം നൽകുകയില്ല. കൊറോണോഫോബിയ, സമൂഹവ്യാപനം പോലുള്ള പുതിയ ഭീതികൾക്ക് തിരികൊളുത്തുകയേ അവ ചെയ്യൂ. ഭൗതികോപാധികളൊന്നും നമുക്ക് നൽകിയിട്ടില്ലാത്ത സമുന്നതമായ ഒരു അഭയസ്ഥാനം അന്വേഷിക്കാനും നാം പ്രേരിതരാവുന്നു. ഇതുപോലുള്ള പ്രതിസന്ധിഘട്ടങ്ങളിൽ മാത്രം ആവശ്യമായി വരുന്ന ഒന്നല്ല ഇത്. ആ അഭയസ്ഥാനമാണ് ജീവിതം കറങ്ങേണ്ട ഭ്രമണപഥം നമുക്ക് കാണിച്ചു തരേണ്ടത്. എല്ലാ കാലത്തും മതം നിർവഹിച്ചിട്ടുള്ള ദൗത്യം അതാണ്. ചരിത്രകാരൻ പ്ളൂട്ടാർക്ക് പറഞ്ഞതുപോലെ, ചുറ്റുമതിലുകളില്ലാത്ത, നാഗരികത കടന്നുചെന്നിട്ടില്ലാത്ത പട്ടണങ്ങൾ നാം ചരിത്രത്തിൽ കണ്ടെന്നു വരും; പക്ഷേ, ആരാധനാലയമില്ലാത്ത ഒരു പട്ടണം കാണാനാവുകയില്ല.[18] മറ്റൊരുവിധം പറഞ്ഞാൽ, മഹാമാരിക്ക് ഒരു വാക്സിൻ കണ്ടെത്തുക എന്നതല്ല ഏറ്റവും പ്രധാനമായിട്ടുള്ളത്. വാക്സിൻ കണ്ടെത്തിയാൽ തന്നെ അത് എല്ലാ മനുഷ്യർക്കും തുല്യ അളവിൽ പ്രയോജനപ്പെടുമോ? ഇങ്ങനെ കുറേ ചോദ്യങ്ങളുണ്ട്. ഭയത്തിന്റെ പിടിത്തത്തിൽനിന്ന് തങ്ങളെ രക്ഷപ്പെടുത്തുന്ന ഒരു അഭയകേന്ദ്രം മനുഷ്യൻ അന്വേഷിച്ച് കണ്ടെത്തുകയാണ് വേണ്ടത്. സിഗ്മണ്ട് ബോമാൻ തന്റെ 'ഒഴുകുന്ന ഭയം' എന്ന കൃതിയിൽ വിശദീകരിക്കുന്ന പോലെ, ഭയത്തെ നിർമാർജനം ചെയ്യുന്നതിൽ ഭൗതികത പരാജയപ്പെടുന്ന പക്ഷം വർധിച്ചുവരുന്ന ഭയങ്ങളിൽനിന്നുള്ള മോചനം എന്ന പുതിയ (പഴയ) ചോദ്യം നാം അഭിമുഖീകരിക്കേണ്ടതായി വരും. തന്റെ സ്രഷ്ടാവുമായി ബന്ധം സ്ഥാപിച്ചുകൊണ്ടേ ആ അവസ്ഥയിലെത്താനാവൂ എന്ന് തന്റെ വംശത്തിന് തുടക്കമിട്ട കാലം മുതൽക്കേ മനുഷ്യൻ മനസ്സിലാക്കിവെച്ചിട്ടുണ്ട്. അബ്ദുൽ വഹാബ് മസീരി എഴുതുന്നു: 'ദൈവമാണ് എല്ലാറ്റിന്റെയും അടിസ്ഥാന അവലംബം.... ആ അവലംബമില്ലെങ്കിൽ പ്രപഞ്ചത്തിലെ എല്ലാം അവസാനിക്കും.'[19]

തീവ്ര ഭൗതികതയെക്കുറിച്ചാണ് നാം പറഞ്ഞുവന്നത്. ഇതിനുള്ള മറുമരുന്ന് ഒരിക്കലും ശാസ്ത്രത്തെയും നാഗരിക പുരോഗതിയെയും നിരാകരിക്കുന്ന തീവ്ര ആത്മീയത അല്ല തന്നെ. ഇത് വളരെ മനോഹരമായി ബെഗോവിച്ച് പറഞ്ഞുവെച്ചിട്ടുണ്ട്: 'ഇസ്‌ലാമിന്റെ ആഗമനം മതപരിണാമ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. മറ്റു മതങ്ങളിൽനിന്നും ദർശനങ്ങളിൽ നിന്നും ചിന്താസരണികളിൽനിന്നും അത് തീർത്തും വ്യത്യസ്തമായിരുന്നു. തീർത്തും പുതിയൊരു ചിന്താദർശനമാണ് ഇസ്‌ലാമിലൂടെ അവതരിപ്പിക്കപ്പെട്ടത്. അത് മനുഷ്യനോട് ആവശ്യപ്പെടുന്നത് ഒരേസമയം ആകാശ ജീവിതവും ഭൗമ ജീവിതവും നയിക്കാനാണ്. സാമൂഹിക ജീവിതത്തോടൊപ്പം ധാർമിക ജീവിതവും, ഭൗതിക ജീവിതത്തോടൊപ്പം ആത്മീയ ജീവിതവും ഉണ്ടായിരിക്കണം. കുറേക്കൂടി സൂക്ഷ്മമാക്കി പറഞ്ഞാൽ, പൂർണ ഉൾക്കാഴ്ചയോടെയും നിശ്ചയദാർഢ്യത്തോടെയും തന്റെ മനുഷ്യത്വത്തെ സാക്ഷാൽക്കരിക്കുന്നതിനു വേണ്ടി ഈ ലോകജീവിതത്തിന്റെ മുഴുമേഖലകളിലും ശ്രദ്ധ പതിയണം. ഒപ്പം തന്റെ ഈ ലോകജീവിതത്തിന്റെ പൊരുൾ എന്ത് എന്ന് ഉറപ്പിച്ചു പറയാനും അയാൾക്ക് കഴിയണം.'[20] ●

(അൽജസീറ നെറ്റിൽ വന്ന ലേഖനം. ഫലസ്ത്വീനി എഴുത്തുകാരനും ബ്ലോഗറുമാണ് ലേഖകൻ)

**കുറിപ്പുകൾ**

1. അസ്അദ് വത്ഫ: മിൻ മർകസിയ്യത്തിൽ ഇൻസാൻ ഇലാ ഹാമിശിയത്തിഹി ഫീ സമനി അൽ കൊറോനാ
2. മർയം ആദിൽ: അസ്വർഖ, അൽ ഖലിഖുൽ വുജൂദി ലിൽ ഇൻസാനിൽ ഹദീസ്
3. ലേഖനം: ഫീ സമനി കൊറോനാ .... ഔറാഖുത്തവാലീത്ത് തതസ്വദ്ദറു അർവിഖതൽ മഹാകിം ഫീ ഉസ്ത്രേലിയ (അശ്ശർഖ്, ഖത്തർ)
4. സിഗ്മണ്ട് ബോമാൻ: അൽ ഖൗഫുസ്സാഇൽ (അറബി പരിഭാഷ - ഹജ്ജാജ് അബൂജബർ)
5. അതേ കൃതി
6. അതേ കൃതി
7. ബർട്രാന്റ് റസൽ: ആമാലുൻ മുതജദ്ദിദ ഫീ ആലമിൻ ജദീദ്
8. സിഗ്മണ്ട് ബോമാൻ: അൽ ഖൗഫുസ്സാഇൽ
9. Wells, HG : The Shape of Things
10. Shrodinger. E: Why Not Physics?
11. Charles Darwin: Selected Letters, edited by Fredrick Burkhardt
12. Richardson, W: 0nly a God Can Save Us
13. ബോമാൻ & സ്റ്റാൻസോവ് ഓബ്രിക്: അനില്ലാഹ് വൽ ഇൻസാൻ
14. അബ്ദുല്ല ശഹ്‌രി: അൽ മഖ്റജുൽ വഹീദ് ... മൽഹമതുൽ ഖലാസ് ബൈനൽ ഖലിഖിസ്സഅയ് വ മദദിൽ വഹ്‌യ്
15. മുഹമ്മദ് അബ്ദുല്ല ദർറാസ്: അദ്ദീൻ
16. അബ്ദുല്ല ശഹ്‌രി: അൽ മഖ്റജുൽ വഹീദ്
17. Wilson, C: The Occult: A History, Random House
18. ബെഗോവിച്ച്: അൽ ഇസ്‌ലാമു ബൈനശ്ശർഖി വൽ ഗർബ് (അറബി പരിഭാഷ)
19. അബ്ദുൽവഹാബ് മസീരി: രിഹ്‌ലത്തീ അൽ ഫിഖ്‌രിയ്യ...ഫിൽബുദൂരി വൽ ജുദൂരി വസ്സിമാർ
20 ബെഗോവിച്ച്: അൽ ഇഅ്‌ലാനുദ്ദസ്തൂരി (അറബി പരിഭാഷ: മുഹമ്മദ് യൂസുഫ് അദസ്)



# കോവിഡ് പ്രതിസന്ധിയും രാഷ്ട്ര വ്യാപനത്തിന്റെ വീണ്ടെടുപ്പും

കവർ സ്റ്റോറി / റഫീഖ് അബ്ദുസ്സലാം

രാഷ്ട്രം ഇടപെടുകയല്ലാതെ നിവൃത്തിയില്ല എന്ന നിലയിലേക്ക് കൊറോണ പ്രതിസന്ധി നമ്മെ കൊണ്ടെത്തിച്ചിട്ടുണ്ട്. രോഗബാധയേൽക്കാൻ സാധ്യതയുള്ളവരെ മാറ്റിപ്പാർപ്പിക്കാനും അവരെ നിരീക്ഷിക്കാനും വ്യാപകമായി രോഗ പരിശോധന നടത്താനും ആശുപത്രികൾ നിർമിച്ച് അവ സജ്ജമാക്കാനും ആവശ്യമെങ്കിൽ സുരക്ഷാ ഏജൻസികളെയും സൈന്യത്തെയും രംഗത്തിറക്കാനും കമ്പനികളെ പണമിറക്കി രക്ഷിച്ചെടുക്കാനും പ്രതിസന്ധി കാരണം കഷ്ടപ്പെടുന്ന വിഭാഗങ്ങൾക്ക് സഹായമെത്തിക്കാനുമൊക്കെ രാഷ്ട്രം തന്നെ വേണം. നമ്മുടെ നവ ലിബറലുകൾ ഇക്കാലമത്രയും വാദിച്ചുകൊണ്ടിരുന്നത് രാഷ്ട്രത്തിന്റെ ഇടപെടൽ പരമാവധി കുറയ്ക്കണം എന്നായിരുന്നല്ലോ. രാഷ്ട്രത്തിന് അവർ മരണം വിധിച്ചില്ല എന്നേയുള്ളൂ.

ഒരു കാര്യം വളരെ വ്യക്തമായി. ജനതയെ സംബന്ധിച്ചേടത്തോളം പ്രതിസന്ധി ജീവന്മരണ പ്രശ്നമാണെന്ന് വരുമ്പോൾ രാഷ്ട്രത്തിന്റെ ഇടപെടലിന് നിയമസാധുത ലഭിക്കുന്നു. ഇടപെടൽ ചിലപ്പോൾ മൃദുലമാകാം, ചിലപ്പോൾ പരുക്കനാകാം. സുരക്ഷ, പൊതുതാൽപ്പര്യ സംരക്ഷണം എന്നിവയെ ആശ്രയിച്ചിരിക്കും ഇടപെടലിന്റെ സ്വഭാവം. ഹോബ്സിയൻ സമവാക്യമനുസരിച്ച് (ഇംഗ്ലീഷ് തത്ത്വചിന്തകൻ തോമസ് ഹോബ്സിലേക്ക് ചേർത്തിപ്പറയുന്നത്) 'കടൽ ഭൂതം' (Leviathan) എന്ന് അദ്ദേഹം പേരിട്ടു വിളിക്കുന്ന രാഷ്ട്രത്തിന്റെ പരമാധികാരത്തിനും അധികാരശക്തിക്കും വഴങ്ങാൻ പൊതു ജനം നിർബന്ധിതരാണ്. ഒരു വൻ വിപത്ത് തങ്ങൾക്കു മേൽ പതിക്കാനിരിക്കുന്നു എന്നു ഭയക്കുന്ന സന്ദർഭത്തിലാണ് ജനം ഈയൊരു നിലപാടിൽ എത്തിച്ചേരുക. രാഷ്ട്രത്തിന് വിധേയപ്പെടാതിരുന്നാൽ ഇതിനേക്കാൾ വലിയ ദുരന്തമായിരിക്കും തങ്ങളെ കാത്തിരിക്കുന്നത് എന്നും ജനത്തിന് ബോധ്യം വന്നിരിക്കും. ഇംഗ്ലീഷ് ആഭ്യന്തര യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഹോബ്സ് എഴുതുന്നത്, ജനം തങ്ങളുടെ കൈവശമിരിക്കുന്ന ശക്തിയുടെ എല്ലാ ഉപാധികളും രാഷ്ട്രത്തിന് സമർപ്പിച്ചില്ലെങ്കിൽ 'എല്ലാവരും എല്ലാവരോടും യുദ്ധം ചെയ്യുന്ന' അവസ്ഥയുണ്ടാകും എന്നാണ്. ഇപ്പോഴത്തെ പശ്ചാത്തലം വെച്ചു വായിച്ചാൽ, ഭരണകൂടം ഇടപെട്ടില്ലെങ്കിൽ ഒരു പാട് ജീവനുകൾ കൊറോണ ബാധിച്ച് പൊലിഞ്ഞുപോകും എന്ന സ്ഥിതിവിശേഷം.

സ്വേഛാധികാര- അർധ സ്വേഛാധികാര രാഷ്ട്രങ്ങ

ളിൽ ഈ ഇടപെടൽ രാഷ്ട്രീയം വളരെ വേഗം നടപ്പാക്കാൻ കഴിയും. ജനാധിപത്യ - അർധ ജനാധിപത്യ രാജ്യങ്ങളിലാകട്ടെ മൃദുത്വത്തോടെ മാത്രമേ അത് നടപ്പാക്കാനാവൂ. അവിടങ്ങളിലും ചിലപ്പോൾ പരുക്കൻ അടവുകൾ പുറത്തെടുക്കേണ്ടി വരും. ഇന്ത്യയിലും മറ്റു പലയിടങ്ങളിലും വീട്ടിലിരിക്കണമെന്ന നിർദേശം ലംഘിച്ച് തെരുവിലിറങ്ങിയവരെ പോലീസ് അടിച്ചോടിക്കുന്നത് നാം കണ്ടു. സ്വാഭാവികമായും ഒരു ചോദ്യം ഉയർന്നു വരുന്നുണ്ട്. പൊതുതാൽപ്പര്യത്തിന്റെ പേരിൽ രാഷ്ട്രത്തിന്റെ ഇടപെടൽ എത്രത്തോളമാവാം? പ്രതിസന്ധി ഘട്ടത്തിലെ ഈ അധികാര പ്രയോഗം സാധാരണ നില കൈവരിച്ചതിനു ശേഷവും ഭരണകൂടങ്ങൾ തുടരില്ല എന്നതിന് എന്താണുറപ്പ്?

പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങൾ തങ്ങളുടെ ആഭ്യന്തരവും ബാഹ്യവുമായ കാര്യങ്ങളിൽ കർക്കശമായ ഇടപെടലുകൾ ആഗ്രഹിക്കും. നമ്മുടെ കാലത്ത് കാർക്കശ്യത്തിലും ശക്തിപ്രയോഗത്തിലും ദേശരാഷ്ട്രങ്ങളെ വെല്ലുന്ന മറ്റൊരു സംവിധാനവും ഇല്ല. നാം ജീവിക്കുന്ന കാലത്തെ 'സെക്യുലർ ദൈവം' ആണത്. മുൻ കാലങ്ങളിൽ ജനങ്ങളുടെ ആശ്രയം അവരുടെ തൊട്ടടുത്ത കുടുംബവും പിന്നെ അവരുൾപ്പെട്ട ഗോത്രവുമൊക്കെ ആയിരുന്നു. അതു കഴിഞ്ഞ് പലതരം സെക്യുലർ - മത കൂട്ടായ്മകളിൽ അവർ വിശ്വാസമർപ്പിച്ചു. ഈ ബന്ധങ്ങളെയെല്ലാം തകർത്തെറിയുകയോ വളരെയധികം ദുർബലപ്പെടുത്തുകയോ ആണ് ആധുനികത ചെയ്തത്. ഇപ്പോൾ നമുക്ക് മുമ്പിലുള്ളത് രാഷ്ട്രം എന്ന ഈ അതിശക്ത ബിംബമാണ്. ഒരർഥത്തിൽ അത് അദൃശ്യമാണ്. വേണ്ടതൊക്കെയും നടപ്പാക്കാൻ അതെപ്പോഴും സന്നിഹിതവുമാണ്.


കോവിഡ് ബാധയോടെ രാഷ്ട്രം തിരിച്ചുവരുന്നു എന്ന മട്ടിൽ ചിലർ സംസാരിക്കുന്നുണ്ട്. അവരുടെ സംസാരം കേട്ടാൽ തോന്നും രാഷ്ട്രം ഇതുവരെ ഉണ്ടായിരുന്നില്ലെന്ന്. രാഷ്ട്രം തൊട്ടിൽ മുതൽ ചുടല വരെ തങ്ങളോടൊപ്പമുണ്ടെന്ന കാര്യം ജനം തിരിച്ചറിയുക മാത്രമാണ് ചെയ്തിട്ടുള്ളത്. ജനന സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും മേടിക്കുമ്പോൾ, നിയമങ്ങൾ പാസ്സാക്കുമ്പോൾ, അയൽക്കാരനുമായി നമുക്കുള്ള പ്രശ്നത്തിൽ ഇടപെടുമ്പോൾ, ഇടപാടുകൾ നടത്തുമ്പോൾ, തെരുവുകളിലും കലാലയങ്ങളിലും ജയിലുകളിലും ചെല്ലുമ്പോൾ ഈ ഭരണകൂടം നമ്മെ നിതാന്തമായി പിന്തുടരുന്നുണ്ടായിരുന്നു. ഇന്നത് മുമ്പത്തേക്കാൾ കൂടുതൽ ദൃശ്യതയും മൂർത്തതയും കൈവരിച്ച് നമുക്കു മുമ്പിൽ നിൽക്കുന്നു എന്നു മാത്രം. മറ്റൊന്നും സംഭവിച്ചിട്ടില്ല. കാൾ സ്മിത്ത് ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമുണ്ട്. ഒരു രാഷ്ട്രം രാഷ്ട്രമെന്ന നിലക്ക് അതിന്റെ നിയമാനുസൃതത്വം നേടുന്നത് അസാധാരണ/ അടിയന്തര ഘട്ടങ്ങളെ നേരിടാൻ അതെത്രത്തോളം പ്രാപ്തമാണ് എന്ന് നോക്കിയാണ്. ഏതായാലും വരും വർഷങ്ങളിൽ നാം കാണാനിരിക്കുന്നത്, അമേരിക്കൻ തത്ത്വചിന്തകൻ റോബർട്ട് നോസിക് ചൂണ്ടിക്കാട്ടിയ പോലെ, രാഷ്ട്രം പരമാവധി കുറച്ച് മാത്രം മതി എന്ന അമേരിക്കൻ നവലിബറൽ ആശയത്തിനു പകരം കൂടുതൽ കടുത്ത കേന്ദ്രീകരണത്തെയും രാഷ്ട്രവൽക്കരണത്തെയുമാണ്.

കോർപറേറ്റുകളുടെയും കമ്പോള ശക്തികളുടെയും താൽപ്പര്യങ്ങൾക്കു വഴങ്ങി വളരെ തന്ത്രപരമായും വ്യവസ്ഥാപിതമായും രാഷ്ട്രം പല മേഖലകളിൽ നിന്നും പിൻവാങ്ങിയിരുന്നു. അവയിൽ ചില മേഖലകളിലേക്കെങ്കിലും തിരിച്ചുചെല്ലാൻ കൊറോണാനന്തരം രാഷ്ട്രം നിർബന്ധിതമാവുമെന്നുറപ്പാണ്. ഇതൊരു പുതുമയുള്ള കാര്യമല്ല.






2008-ൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഘട്ടത്തിൽ രാഷ്ട്രം ധാരാളം പണം പമ്പ് ചെയ്യുകയും സാമ്പത്തിക തകർച്ചക്ക് കാരണക്കാരായ ബാങ്കുകളുടെ മേൽ നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്തിരുന്നു. സ്വതന്ത്ര കമ്പോളം സ്വയം അതിന്റെ തന്നെ ടൂളുകൾ ഉപയോഗിച്ച് ഭരണകൂടത്തിന്റെ യാതൊരു ഇടപെടലും കൂടാതെ (അദൃശ്യകരം എന്നാണ് ആദം സ്മിത്ത് ഈ പ്രക്രിയയെ വിശേഷിപ്പിക്കുന്നത്) കാര്യങ്ങൾ നേരെയാക്കും എന്ന നവലിബറൽ കാഴ്ചപ്പാടിനു വിരുദ്ധമായിരുന്നല്ലോ ഈ ഇടപെടലും. യഥാർഥത്തിൽ രാഷ്ട്രം എങ്ങോട്ടും അപ്രത്യക്ഷമായിട്ടില്ല; എന്നിട്ടു വേണ്ടേ തിരിച്ചുവരാൻ. രാഷ്ട്രം ഇടപെടുന്ന മേഖലകളുടെ വ്യാപനമാണ് സംഭവിക്കാനിരിക്കുന്നത് എന്നു പറഞ്ഞാൽ അത് ശരിയുമാണ്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി യൂറോപ്പിലെയും അമേരിക്കയിലെയും ഭരണകൂടങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി പല മേഖലകളിൽ നിന്നും പിൻവാങ്ങിയിട്ടുണ്ട്. ചെലവ് കുറക്കാനും കാര്യക്ഷമമായി നടത്താനും ഇതൊക്കെ സ്വകാര്യ സ്ഥാപനങ്ങളെ എൽപ്പിക്കുകയാണ് നല്ലതെന്ന ചിന്താഗതിയായിരുന്നു ഇതിനു പിന്നിൽ. ഇങ്ങനെ പല മേഖലകളിൽ നിന്നും പിൻവാങ്ങുമ്പോൾ തന്നെ സമൂഹത്തിന്റെ സ്വകാര്യതകളിലേക്ക് പലവിധത്തിൽ രാഷ്ട്രം കടന്നുകയറുന്നുമുണ്ടായിരുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ വ്യക്തികളുടെ സ്വകാര്യ ജീവിതം അത് സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരുന്നു. 2001 സെപ്റ്റംബർ പതിനൊന്നിലെ സംഭവങ്ങൾക്കു ശേഷം പൗരന്മാർക്കു മേലുള്ള ഈ നിരീക്ഷണവും ചാരവൃത്തിയും കൂടുതൽ സങ്കീർണമായി. ഭീകരാക്രമണ ഭീഷണി തടയാനെന്ന പേരിൽ രഹസ്യ- സുരക്ഷാ ഏജൻസികൾക്ക് അമിതാധികാരങ്ങൾ നൽകപ്പെട്ടു. കൊറോണ പടർന്നു പിടിച്ചപ്പോൾ ചൈന Big Data എന്നൊരു നിരീക്ഷണ സംവിധാനം കൊണ്ടുവന്നു. ഓരോ പൗരന്റെയും ചലനങ്ങൾ, ആരോഗ്യാവസ്ഥകൾ, സാമ്പത്തികവും മറ്റുമായ ഇടപാടുകൾ ഇതെല്ലാം ഇതു വഴി കണ്ടെത്താനാവും. അമേരിക്ക തന്നെയും തങ്ങളുടെ പൗരന്മാരുടെ വിവരങ്ങൾ നൽകാൻ സ്വകാര്യ കമ്പനികളോട് ആവശ്യപ്പെട്ടിരുന്നുവല്ലോ. മൊബൈലും മറ്റു ഇലക്ട്രോണിക് ഉപകരണങ്ങളും ഉപയോഗിക്കുന്നവരെ നിരീക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്. ഇത്തരം നിയന്ത്രണങ്ങളും നിരീക്ഷണങ്ങളും കൊറോണാനന്തരവും തുടരുമോ? ജനാധിപത്യ രാജ്യ



● റോബർട്ട് നോസിക്



ങ്ങളിൽ സുരക്ഷാ ഏജൻസികളും മനുഷ്യാവകാശ കൂട്ടായ്മകളും തമ്മിലുള്ള വടംവലിയിലേക്ക് കാര്യങ്ങൾ നീങ്ങിയേക്കും. നേരത്തെ തന്നെ സ്വേഛാധിപത്യ ഭരണകൂടങ്ങൾ നിലനിൽക്കുന്ന ഇടങ്ങളിൽ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണവുമാവും. ഭരണകൂടങ്ങൾ എത്ര മഹദ് കൃത്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും തിന്മയിലേക്കൊരു ചായ്‌വും ഉന്മുഖതയും അവക്ക് സ്വതഃസിദ്ധമായുണ്ട്. നിയന്ത്രിച്ചില്ലെങ്കിൽ അവ സർവാധിപത്യപരമായിപ്പോകും എന്നർഥം. ആ നിയന്ത്രിക്കുന്ന ശക്തി രാഷ്ട്രത്തിനകത്തു തന്നെ വേണം. 'ഭരണം തനിച്ചായിപ്പോകുന്നത്' കരുതിയിരിക്കണമെന്ന് ഇബ്നു ഖൽദൂൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. രാഷ്ട്രത്തിനകത്ത് ഒരു സമാന്തര ശക്തിയുണ്ടെങ്കിലേ ഭരണകൂടത്തെ വ്യതിചലനത്തിൽ നിന്ന് തടയാനാവൂ എന്ന് മൊണ്ടസ്ക്യൂവും പറയുന്നുണ്ട്.

നിയോ ലിബറൽ തരംഗങ്ങളിൽ പെട്ട് രാഷ്ട്രം പിൻവാങ്ങിയ വിദ്യാഭ്യാസം, ആരോഗ്യം, പൊതുസേവനം തുടങ്ങിയ അധിക മേഖലകളിലേക്കും കോവിഡാനന്തരം അത് തിരിച്ചെത്തിയേക്കും. ജനങ്ങളുടെ ആരോഗ്യവും വിദ്യാഭ്യാസവും ഉപജീവന മാർഗങ്ങളുമെല്ലാം സ്വതന്ത്ര കമ്പോളത്തിന്റെയും അതിന്റെ ലാഭനഷ്ട യുക്തിയുടെയും കാരുണ്യത്തിന് വിട്ടുകൊടുത്ത കാപിറ്റലിസത്തിന്റെ പൈശാചിക തേരോട്ടത്തിനു ശേഷം തീർച്ചയായും ഈ മടങ്ങിവരവ് ശരിയായ ദിശയിൽ തന്നെയാണ്. ഈ പ്രതിസന്ധിയുടെ നന്മകളിലൊന്ന്, സാമൂഹിക നീതിയും അറിവ്, ധനം,



● തോമസ് ഹൊബ്സൺ

ആരോഗ്യം പോലുള്ളവയുടെ വിതരണ നീതിയും രാഷ്ട്രീയ സംവാദത്തിന്റെ മർമസ്ഥാനത്ത് വീണ്ടും നിലയുറപ്പിക്കും എന്നതാണ്. വ്യക്തിസ്വാതന്ത്ര്യം, ലിബറൽ സംരംഭകത്വം, കമ്പോള ചലനാത്മകത ഇങ്ങനെ പലപല പേരുകളിൽ അതൊക്കെ മറച്ചുവെക്കപ്പെടുകയായിരുന്നല്ലോ ഇതു വരെ.

പ്രതിസന്ധി തരണം ചെയ്യുന്നതിൽ ലിബറൽ ജനാധിപത്യ രാഷ്ട്രങ്ങൾ പരാജയപ്പെട്ടുവെന്നും ചൈനീസ് മാതൃകയിൽ ഇടപെടൽ നടത്തിയ രാഷ്ട്രങ്ങൾ വിജയിച്ചുവെന്നുമുള്ള ചർച്ചയും മറുവശത്ത് നടക്കുന്നുണ്ട്. ജനാധിപത്യം തോറ്റുവെന്നും സർവാധിപത്യം ജയിച്ചുവെന്നുമുള്ള ഈ വാദഗതിക്ക് ഒട്ടേറെ തകരാറുകളുണ്ട്. ചൈനയേക്കാൾ മികച്ച രീതിയിൽ കൊറോണാ വൈറസിനെ നേരിട്ട നിരവധി ജനാധിപത്യ രാജ്യങ്ങളുണ്ട്; ജർമനി, ജപ്പാൻ, ദക്ഷിണ കൊറിയ, സിംഗപ്പൂർ, തായ്‌വാൻ പോലെ. ജയപരാജയങ്ങൾക്ക് ഒറ്റ കാരണമേയുള്ളു എന്ന ഈ വാദഗതി ശരിയല്ല. ഇറ്റലി ഇക്കാര്യത്തിൽ പരാജയപ്പെട്ടത് അതൊരു ജനാധിപത്യ രാജ്യമായതുകൊണ്ടല്ല. 2008-ലെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഇനിയും അതിന് മുക്തമാകാൻ കഴിയാതിരുന്നതുകൊണ്ടാണ്. അതു കാരണം ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും മറ്റു പൊതുസേവന മേഖലകളിലും പണം മുടക്കുന്നതിൽ ഇറ്റലി പിന്നോട്ടു പോയി. ജനസംഖ്യയിൽ വൃദ്ധന്മാർ വർധിക്കുന്നത് മറ്റൊരു കാരണം. മുൻകരുതൽ നടപടികളെടുക്കുന്നതിൽ ഭരണകൂടത്തിന് വേഗത പോരായിരുന്നു എന്നതും ഒരു കാരണമാണ്.

ഏതായാലും ഈ അർഥത്തിലെല്ലാമുള്ള രാഷ്ട്രത്തിന്റെ തിരിച്ചുവരവ് സുപ്രധാന നേട്ടം തന്നെയാണ്. പക്ഷേ അത് സർവാധിപത്യ സ്വഭാവമാർജിക്കുന്നത് കരുതിയിരിക്കുക തന്നെ വേണം. രാജ്യത്തിനകത്ത് ഭരണകൂടത്തെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സംവിധാനമൊന്നുമില്ലെങ്കിൽ അതാണ് സംഭവിക്കുക; അറബ് ലോകത്ത് സംഭവിക്കുന്നതു പോലെ. ●

(മുൻ തുനീഷ്യൻ വിദേശകാര്യ മന്ത്രിയും അന്നഹ്ദ പാർട്ടിയുടെ സമുന്നത നേതാക്കളിലൊരാളുമാണ് ലേഖകൻ)




# വിമോചനവും സാമൂഹിക പുരോഗതിയും മാലിക് ബിന്നബിയുടെ നോട്ടത്തിൽ

**കവർ സ്റ്റോറി / പി.എ അനസ്**

ഇസ്‌ലാമിന്റെ സാമൂഹിക പരിവർത്തന ശേഷിയെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി സമകാലിക ലോകത്ത് മുസ്‌ലിം നവോത്ഥാനം എങ്ങനെ സാധ്യമാക്കാം എന്ന് വിശകലനം ചെയ്ത ആധുനിക ചിന്തകനാണ് മാലിക് ബിന്നബി (1905–1973). കിഴക്കൻ അൾജീരിയയിലെ ഖുസ്തൻത്വീൻ പ്രവിശ്യയിലാണ് അദ്ദേഹം ജനിച്ചത്. ഫ്രഞ്ച് കോളനി വാഴ്ചയുടെ തുല്യതയില്ലാത്ത അടിച്ചമർത്തലുകൾ അനുഭവിച്ചറിഞ്ഞ അദ്ദേഹം, ആധുനിക വിജ്ഞാനീയങ്ങളെയും ഇസ്‌ലാമിക ദർശനത്തെയും സംയോജിപ്പിച്ച് സമഗ്രമായ ഒരു വിമോചന രീതിശാസ്ത്രം വികസിപ്പിച്ചെടുത്തു. ഇബ്നു ഖൽദൂൻ (1332–1406), അർണോൾഡ് ജെ. ടോയൻബി (1889–1975) തുടങ്ങിയ ചിന്തകരുടെ വിശകലന രീതികൾ പിന്തുടർന്ന് 'ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമാണം' എന്ന വിപുലമായ ഒരു കർമപദ്ധതിയും അദ്ദേഹം ആവിഷ്കരിച്ചു.


മുസ്‌ലിം ചരിത്രത്തെക്കുറിച്ചും അതിന്റെ സാംസ്കാരിക നിർമിതിയെക്കുറിച്ചുമുള്ള സാമാന്യ ബോധവും ബോധ്യവുമാണ് ഇസ്‌ലാമിക നാഗരികതയുടെ പുനർനിർമാണത്തിന് അടിസ്ഥാനപരമായി വേണ്ടത്. നൂറ്റാണ്ടുകളോളം ലോകത്തിന്റെ ഗതിവിഗതികൾ നിർണയിച്ചിരുന്ന മുസ്‌ലിം സമൂഹം യൂറോപ്യൻ നാഗരികതയുടെ മുന്നിൽ പതറിപ്പോയത് എന്തുകൊണ്ടാണെന്ന് വസ്തുനിഷ്ഠമായി വിലയിരുത്താൻ അതു വഴി സാധിക്കും. വർത്തമാനകാല മുസ്‌ലിം ലോകത്തിന്റെ പിന്നാക്കാവസ്ഥയും അരക്ഷിതത്വവും വെളിവാക്കുന്നത് ഈ സമൂഹ ഗാത്രത്തെ ബാധിച്ചിട്ടുള്ള രോഗ ലക്ഷണങ്ങളാണ്. ഇസ്‌ലാം വിഭാവന ചെയ്യുന്ന സാമൂഹിക-ധാർമിക മൂല്യ വ്യവസ്ഥയിലൂടെ മാത്രമേ അതിനു ചികിത്സ നിർണയിക്കാനാകൂ.

ആ മൂല്യവ്യവസ്ഥ രൂപപ്പെടുന്നതിന് ഒരു ആദർശ സമൂഹം നിലവിൽ വരേണ്ടതുണ്ട്. പ്രവാചകാധ്യാപനങ്ങൾ ആദർശ സമൂഹത്തിന്റെ രൂപരേഖ വരച്ചുകാണിക്കുന്നുണ്ട്. ഖുർആൻ ഉയർത്തിക്കാണിക്കുന്ന 'ഖൈറു ഉമ്മത്ത്' (ഉത്തമ



സമൂഹം) അങ്ങനെയാണ് രൂപപ്പെടുക. നിർണിതമായ ലക്ഷ്യത്തിലേക്ക് നീങ്ങുന്ന വ്യക്തികളുടെ ഊർജമാണ് ആ സമൂഹം. ദൈവത്തിന്റെ ഏകത്വം (തൗഹീദ്) എന്ന ആശയത്തിൽ ആകൃഷ്ടരായി രൂപപ്പെടുന്ന ഒരു ചരിത്ര സമൂഹം. ന്യായാന്യായങ്ങൾ വിലയിരുത്തി നീതിയുടെ സംസ്ഥാപനത്തിന് ശ്രമിക്കുന്ന വിഭാഗമായി ഖുർആൻ മൂന്നാം അധ്യായം 110-ാം വചനത്തിൽ അവരെ പരിചയപ്പെടുത്തുന്നുണ്ട്.

ഇസ്‌ലാം വിഭാവന ചെയ്യുന്ന ആത്മീയ ശക്തിയിലൂടെയാണ് മുസ്‌ലിം സമൂഹത്തിന്റെ വളർച്ച ത്വരിതപ്പെടുക. സാമൂഹിക മാറ്റങ്ങളുടെ രാസത്വരകമായി ടോയൻബി വിലയിരുത്തുന്നത് അത് നേരിടുന്ന വെല്ലുവിളികളെയാണ്. ഒരു സമൂഹം നിശ്ചലമാകുന്നതിന് രണ്ട് കാരണങ്ങളാകാമെന്ന് അദ്ദേഹം പറയുന്നു. ഒന്നുകിൽ മതിയായ വെല്ലുവിളി ഇല്ലാതിരിക്കുക, അല്ലെങ്കിൽ വെല്ലുവിളി ആവശ്യത്തിലധികമാവുക. വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന വാഗ്ദാനം (വഅ്ദ്), താക്കീത് (വഈദ്) എന്നീ രണ്ട് സംജ്ഞകളിലൂടെയാണ് ബിന്നബി ഇസ്‌ലാമിക സമൂഹ ശാസ്ത്രത്തിലേക്ക് ഇതിനെ ചേർത്തു വെക്കുന്നത്. മുഹമ്മദ് നബിയെ അഭിസംബോധന ചെയ്തു



● ഇബ്നു ഖൽദൂൻ (പെയിന്റിംഗ്)

കൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു: ''നബിയേ, താങ്കളെ നാം സാക്ഷിയും സുവിശേഷകനും താക്കീതുകാരനുമായി നിയോഗിച്ചിരിക്കുന്നു'' (33:45). ഭൗതികവും പാരത്രികവുമായ ജീവിതത്തിലെ വിജയപരാജയങ്ങളെ കുറിച്ച പ്രവാചക സന്ദേശങ്ങളാണ് പ്രതിസന്ധികളെ അതിജയിക്കാൻ വിശ്വാസികൾക്ക് കരുത്തേകിയത്. ഇസ്‌ലാമിക സമൂഹത്തിന്റെ നിർമാണ പ്രക്രിയയുടെ ഒന്നാം തീയതി മുതൽ പ്രവാചകൻ ഈ പാഠങ്ങൾ ഓരോ വ്യക്തിക്കും പകർന്നു നൽകി. ഖുറൈശികളുടെ കൊടിയ പീഡനങ്ങൾക്കു മുന്നിൽ പിടിച്ചുനിൽക്കാൻ ബിലാലി(റ)നെ പ്രചോദിപ്പിച്ച ആത്മീയാവസ്ഥ ഇതായിരുന്നു. 'യാസിർ കുടുംബമേ ക്ഷമിക്കുക. നിങ്ങൾക്ക് സ്വർഗം ലഭിക്കും...' എന്ന വാഗ്ദാനമാണ് സുമയ്യ(റ)യുടെ രക്തസാക്ഷിത്വ വേളയിലും ആ കുടുംബത്തിനുള്ള ഏക ആശ്വാസം. അക്രമികളുടെ കുതന്ത്രങ്ങളെ പരാജയപ്പെടുത്തിയതിന്റെ ചരിത്ര വിവരണങ്ങൾ ഖുർആൻ നിരന്തരമായി അവതരിപ്പിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. അടിച്ചമർത്തലുകൾക്കിടയിലും പ്രതീക്ഷയുടെ തേരിലേറി മുന്നോട്ട് കുതിക്കാൻ വിശ്വാസിസമൂഹത്തെ അത് പ്രാപ്തമാക്കി.

വ്യക്തികൾ, അവരെ ബന്ധിപ്പിക്കുന്ന ആശയങ്ങൾ (Ideas), അവക്കു ചുറ്റുമുള്ള വസ്തുക്കൾ (Objects) ഇവ ചേരുമ്പോൾ ഒരു സമൂഹം രൂപപ്പെടുന്നു. സമൂഹത്തിന്റെ കെട്ടുറപ്പ് അതിലെ വ്യക്തികളുടെ പരസ്പര ബന്ധത്തെ ആശ്രയിച്ചിരിക്കുന്നു. 'സാമൂഹിക ബന്ധങ്ങളുടെ ശൃംഖല' (Social Relation Network) എന്നാണ് ബിന്നബി ഇതിനെ വിളിക്കുന്നത്. സാമൂഹിക ബന്ധങ്ങളുടെ ഈ നെറ്റ് വർക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ അത് പുതിയ നാഗരികതക്ക് ജന്മം നൽകുന്നു. പ്രവാചകന്റെ മദീന അതിനു ഉത്തമോദാഹരണമാണ്. പ്രവാചകന്റെ ഹിജ്റയോടു കൂടിയാണ് ഇസ്‌ലാമിക നാഗരികത രൂപപ്പെടുന്നത്. പ്രദേശവാസികളായ അൻസ്വാറുകൾക്കും പലായനം ചെയ്തുവന്ന മുഹാജിറുകൾക്കുമിടയിൽ സാഹോദര്യ ബന്ധം സ്ഥാപിക്കുക എന്നതായിരുന്നു പ്രവാചകന്റെ മദീനയിലെ പ്രഥമ ദൗത്യം. അൻസ്വാറുകളിൽ തന്നെ പരസ്പരം പോരടിച്ചിരുന്ന ഔസ്-ഖസ്റജ് ഗോത്രങ്ങളെ ഒരുമിപ്പിക്കുന്നതിലും പ്രവാചകൻ വിജയിച്ചു. സാഹോദര്യത്തിൽ അധിഷ്ഠിതമായ ഈ സംഘാടനമാണ് 'പരസ്പരം പക പോക്കുന്ന ഇടം' എന്നറിയപ്പെട്ട യസ്‌രിബിനെ ഇസ്‌ലാമിക നാഗരികതയുടെ അടിസ്ഥാനമായ 'പ്രവാചക നഗരം' എന്ന മദീനത്തുന്നബവിയായി പരിവർത്തിപ്പിച്ചത്. സാമൂ

ഹിക സംഘാടനത്തിന്റെ വേദിയായി മസ്ജിദുന്നബവി (നബിയുടെ പള്ളി) പണി കഴിപ്പിച്ചു. ബാഹ്യ ഇടപെടലുകളുടെ ഭാഗമായി യസ്‌രിബിലെ തദ്ദേശീയ ഗോത്രങ്ങളെയും മറ്റും ചേർത്ത് മദീനാ കരാർ (സ്വഹീഫത്ത് മദീന) രൂപപ്പെടുത്തി. ഇങ്ങനെ മനുഷ്യരെ പാകപ്പെടുത്തിയും സ്ഥലകാലങ്ങളെ പരുവപ്പെടുത്തിയുമാണ് ഒരു നാഗരികത പ്രവാചകൻ പടുത്തുയർത്തിയത്. ഇത്തരം ചരിത്ര വസ്തുതകളെ മുൻനിർത്തി, പുരോഗമനപരമായ ഒരു നാഗരികതയുടെ സൃഷ്ടിപ്പ് മനുഷ്യൻ, മണ്ണ്, കാലം എന്നിവയുടെ കൃത്യമായ സംയോജനത്താൽ സാധ്യമാകുമെന്ന് ബിന്നബി സിദ്ധാന്തിച്ചു.

ഈ അടിസ്ഥാനത്തിൽ മുസ്‌ലിം സമൂഹത്തിന്റെ വികാസഘട്ടങ്ങളെ അദ്ദേഹം മൂന്നായി തിരിച്ചു. പ്രവാചകൻ മുഹമ്മദി(സ)ന് ആദ്യമായി ദിവ്യസന്ദേശം ലഭിച്ച ഹിറാ ഗുഹയിൽനിന്നാണ് പ്രഥമ ഘട്ടം ആരംഭിക്കുന്നത്. ഏകദേശം അര നൂറ്റാണ്ടുകാലം നീണ്ടുനിന്ന ഈ ഘട്ടം ഹിജ്‌റ വർഷം 38 (സി.ഇ 657)ൽ അലി(റ)യും മുആവിയ(റ)യും തമ്മിൽ നടന്ന സ്വിഫ്ഫീൻ യുദ്ധത്തോടെ അവസാനിക്കുന്നു. ഇസ്‌ലാമിക നാഗരികതയുടെ വളർച്ചയിലെ 'ആധ്യാത്മിക ഘട്ടം' (Spiritual Phase) എന്നാണ് ബിന്നബി ഇതിനെ വിളിക്കുന്നത്. സമൂഹത്തിലെ ഐക്യബോധം സക്രിയമാവുകയും അതൊരു വലിയ ശക്തിയായി രൂപപ്പെടുകയും ചെയ്തു. സാമൂഹിക ബന്ധങ്ങളുടെ നെറ്റ് വർക്ക് 'ഭദ്രമായ കോട്ട' പോലെ എന്ന് വിശുദ്ധ ഖുർആൻ (61:4) വിശേഷിപ്പിച്ച തലത്തിലേക്കെത്തിച്ചേർന്നു. ഈയൊരവസ്ഥ അല്ലാഹു പ്രവാചകന് പ്രത്യേകമായി നൽകിയ അനുഗ്രഹമായി വിശുദ്ധ ഖുർആൻ എടുത്തു പറയുന്നുണ്ട്. ''ഭൂമിയിലുള്ളതൊക്കെയും ചെലവഴിച്ചാലും അവരുടെ മനസ്സുകളെ കൂട്ടിയിണക്കാൻ നിനക്ക് കഴിയുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ ഇണക്കിച്ചേർത്തിരിക്കുന്നു'' (8:63). പ്രവാചകൻ അടിത്തറ ഭദ്രമാക്കിക്കൊടുത്ത ആ സമൂഹം സച്ചരിതരായ ഖലീഫമാരുടെ നേതൃപാടവത്താൽ അര നൂറ്റാണ്ടിനുള്ളിൽ ലോകമെങ്ങും വ്യാപിച്ചു.

മുസ്‌ലിം സമൂഹത്തിലെ ആഭ്യന്തര ഛിദ്രത ആദ്യമായി മറനീക്കി പുറത്തു വരുന്നത് സ്വിഫ്ഫീൻ യുദ്ധത്തിലാണ്. ഇവിടം മുതലാണ് ഇസ്‌ലാമിക നാഗരികതയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്. ഏകദേശം അഞ്ച് നൂറ്റാണ്ട് കാലം നീണ്ടുനിന്ന ഈ കാലഘട്ടം ഉത്തരാഫ്രിക്കയിലെ മുവഹിദീൻ ഭരണകൂടത്തിന്റെ തകർച്ചയോടെ സി.ഇ 1265-ൽ അവസാനിക്കുന്നു. മുസ്‌ലിം സമൂഹം അതിന്റെ ബൗദ്ധികവും ഭൗതികവുമായ കരുത്തും പ്രതാപവും


● മാലിക് ബിന്നബി

പുറത്തെടുത്ത ഈ സുവർണ കാലഘട്ടത്തെ 'യുക്തിഭദ്ര ഘട്ടം' (Rational Phase) എന്നാണ് ബിന്നബി പരിചയപ്പെടുത്തുന്നത്. സമൂഹത്തിന്റെ സംഘടിത വ്യവസ്ഥയിൽ പ്രത്യക്ഷമായ ചില വിള്ളലുകൾ വീണു. തന്മൂലം വ്യത്യസ്ത ചിന്താ പ്രസ്ഥാനങ്ങളും ഭരണകൂട സംവിധാനങ്ങളും ഈ ഘട്ടത്തിൽ രൂപപ്പെട്ടു. ഇസ്‌ലാമിന്റെ ആദർശബോധത്തേക്കാൾ വംശീയവും ദേശീയവുമായ ബോധങ്ങൾ വ്യക്തികളിൽ സ്വാധീനം ചെലുത്തി. ഇത് സമൂഹത്തിൽ അസ്വാരസ്യങ്ങളും ആക്രമണോത്സുകതയും വർധിപ്പിച്ചു. മനുഷ്യൻ, മണ്ണ്, കാലം ഇവ തമ്മിലുള്ള പരസ്പര ബന്ധം പൂർണമായും മുറിഞ്ഞുപോകാതിരുന്നതിനാൽ ചരിത്രത്തിൽ തങ്ങളുടേതായ ഇടം രേഖപ്പെടുത്താൻ ഈ ഘട്ടത്തിലും മുസ്‌ലിം സമൂഹത്തിനായി. നാഗരികതയുടെ പൂർണത തെളിയുന്ന നഗരങ്ങൾ പണിതും ധൈഷണികതയുടെ ഉത്തുംഗസ്ഥായിലെത്തിയ വ്യക്തികളെ സംഭാവന ചെയ്തും സമൂഹം വികാസക്ഷമതയുടെ പുതിയ പ്രതലങ്ങൾ കണ്ടെത്തി. പരമാവധി വികാസം പ്രാപിച്ച ആ



സമൂഹം പിന്നെ അതിന്റെ സ്വാഭാവിക പതനത്തിലേക്ക് നീങ്ങുകയാണ്. 'ചരിത്രത്തിന്റെ ചാക്രിക തത്ത്വം' (Cyclical Theory of History) എന്ന ഖൽദൂനിയൻ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ബിന്നബി ഈ പ്രതിഭാസത്തെ വിലയിരുത്തുന്നത്.

തുടർന്ന്, വ്യക്തികളുടെ ആത്മീയവും ബുദ്ധിപരവുമായ മികവ് അവന്റെ നൈസർഗിക ചോദനക്കു വഴിമാറുന്നു. 'മുവഹിദൂനുകൾക്ക് ശേഷമുള്ള മനുഷ്യർ' (Post Almohad Men) എന്നാണ് മധ്യകാലഘട്ടം മുതലിങ്ങോട്ട് വർത്തമാന കാലം വരെയുള്ള മുസ്‌ലിം സമൂഹത്തെ മുഴുവൻ പരിചയപ്പെടുത്താൻ ബിന്നബി ഉപയോഗിക്കുന്ന സംജ്ഞ. ഈ കാലഘട്ടത്തിലെ മുസ്‌ലിംകൾ അവരുടെ പൂർവ പ്രതാപത്തിന്റെ അടിച്ചേറിൽ പുതഞ്ഞു കിടക്കുകയാണ്. തങ്ങളുടെ ഭാഗധേയം സ്വയം നിശ്ചയിക്കാൻ കഴിയാതെ കൊളോണിയൽ ശക്തികളുടെ ആശയങ്ങളും മൂല്യങ്ങളും അവർ അന്ധമായി പിന്തുടരുകയാണ്. അധികാരി വർഗമാവട്ടെ, അഹങ്കാരികളും ഏകാധിപതികളുമായി മാറുന്നു. സാധാരണ ജനം വിധേയത്വ മനസ്സുമായി വിമോചന ശക്തി ക്ഷയിച്ച് സ്വന്തത്തിലേക്ക് ഉൾവലിയുന്നു. സാമൂഹിക ചിന്ത നഷ്ടപ്പെട്ട്, വ്യക്തികേന്ദ്രീകൃത കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കുന്ന ഈ ഘട്ടത്തെ 'നൈസർഗിക ചോദനയുടെ ഘട്ടം' (Instinctive Phase) എന്നാണ് ബിന്നബി വിളിക്കുന്നത്. ജീർണതയുടേതും നിശ്ചലതയുടേതുമായ ഈ തൃതീയ ഘട്ടത്തിലൂടെയാണ് നവീന മുസ്‌ലിം സമൂഹം കടന്നുപോകുന്നതെന്ന് അദ്ദേഹം വിലയിരുത്തുന്നു.

സമകാലിക മുസ്‌ലിം സമൂഹത്തിന്റെ പിന്നാക്കാവസ്ഥക്ക് ബാഹ്യശക്തികളുടെ ഇടപെടൽ മാത്രമല്ല കാരണം. മുസ്‌ലിംകൾ സാമൂഹികവും മാനസികവുമായി എത്തിപ്പെട്ട പൊതു അവസ്ഥകൾ കൂടി അതിന് കാരണമാണ്. കീഴടങ്ങാൻ ഒരു ജനത മാനസികമായി പാകപ്പെടുമ്പോഴാണ് അവരുടെ മേൽ മറ്റുള്ളവർക്ക് ആധിപത്യം സ്ഥാപിക്കാനാകുന്നത്. അവർ അതിജീവനത്തിന്റെ തിരിച്ചറിവുകൾ നഷ്ടപ്പെട്ട കീഴാളരായി രൂപപ്പെടുന്നു. കോളനിവത്കരിക്കപ്പെട്ട സമൂഹങ്ങളുടെ ചരിത്രം മുന്നിൽ വെച്ച് ബിന്നബി ഇത് സമർഥിക്കുന്നുണ്ട്.


● അർണോൾഡ് ജെ. ടോയൻബി

ജപ്പാനും അറബ് രാഷ്ട്രങ്ങളും തമ്മിലുള്ള അദ്ദേഹത്തിന്റെ താരതമ്യ പഠനം ആ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. നിഷ്ക്രിയ സമൂഹത്തിന്റെ സ്വയം കീഴടങ്ങാനുള്ള ഈ മനോഭാവത്തെ 'കൊളോണിയൽ ഉന്മുഖത' എന്നാണ് അദ്ദേഹം വിളിക്കുന്നത്. ധാർമികവും സാമൂഹികവും രാഷ്ട്രീയവുമായ ജനതയുടെ മരവിപ്പ് ഈ പ്രവണതക്ക് ആക്കം കൂട്ടുന്നു. അക്രമികളായ ഭരണാധികാരികൾക്കു വിധേയപ്പെടുന്ന മനോഭാവം ദൈവിക വിശ്വാസം (ഈമാൻ) എന്ന ഉൾപ്രേരകം നഷ്ടപ്പെടുന്നതോടുകൂടി പൂർത്തിയാകുന്നു. ബഗ്ദാദിന്റെ അധഃപതനകാലത്ത് തല കൊയ്യാൻ വാളെടുക്കാൻ പോയ താർത്താരിക്ക് മുന്നിൽ വിധേയത്വത്തോടെ കാത്തുനിന്ന ബഗ്ദാദ് നിവാസിയുടെ കഥ ഈ പ്രശ്നത്തിന്റെ വ്യക്തമായ ചിത്രം നൽകുന്നുണ്ട്. ഇന്ത്യൻ മുസ്‌ലിംകളുടെ വർത്തമാന കാല സാഹചര്യങ്ങളെയും ഇതിലേക്ക് ചേർത്തു വെക്കാവുന്നതാണ്.

ഉത്തരാഫ്രിക്കയെയും മധ്യപൗരസ്ത്യ ദേശങ്ങളെയും പിടിച്ചുലച്ച അറബ് വസന്തത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന റാശിദ് ഗന്നൂശിയെ പോലുള്ളവരുടെ ചിന്താ മണ്ഡലങ്ങളിൽ ബിന്നബിയുടെ നിരീക്ഷണങ്ങൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സമൂഹത്തിന്റെ ആലസ്യം സൃഷ്ടിച്ച പാറക്കെട്ടുകളിൽ തട്ടി വിമോചനത്തിന്റെ പ്രത്യാശകൾ പകരുന്ന ഇസ്‌ലാമികാശയങ്ങൾ പൊട്ടിത്തകരുകയാണ്. വ്യക്തികളെയും അവരുൾക്കൊള്ളുന്ന ജീവിതസാഹചര്യങ്ങളെയും യാഥാർഥ്യബോധത്തോടെ സമീപിക്കുമ്പോൾ മാത്രമാണ് ഇസ്‌ലാമിക നാഗരികതയുടെ പുനർ സൃഷ്ടി സാധ്യമാവുക. വിശ്വാസിസമൂഹം അതിന് സ്വയം സന്നദ്ധരാകേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ ഉണർത്തുന്നു: ''അല്ലാഹു ഒരു ജനതയുടെയും അവസ്ഥയിൽ മാറ്റം വരുത്തുകയില്ല; അവർ തങ്ങളുടെ സ്ഥിതി സ്വയം മാറ്റുന്നതു വരെ'' (13:11). അങ്ങനെ മാറാൻ തയാറാണെങ്കിൽ ഇസ്‌ലാമിക ചരിത്രത്തിന്റെ ശോഭനമായ പുനരാവർത്തനം ലോകത്ത് സാധ്യമാകും. അല്ലാഹു സത്യവിശ്വാസികൾക്ക് നൽകുന്ന വാഗ്ദാനമായി വിശുദ്ധ ഖുർആൻ ഇത് വ്യക്തമാക്കുന്നുണ്ട്: ''നിങ്ങളിൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുൻഗാമികൾക്ക് ഭൂമിയിൽ പ്രാതിനിധ്യം നൽകിയതു പോലെ അവൻ അവരെയും ഭൂമിയുടെ പ്രതിനിധികളാക്കും. അവർക്കായി അല്ലാഹു തൃപ്തിപ്പെട്ടേകിയ ജീവിത വ്യവസ്ഥ (ദീൻ) അവൻ സ്ഥാപിച്ചു കൊടുക്കും. നിലവിലുള്ള അവരുടെ അരക്ഷിതാവസ്ഥക്കു പകരം സുരക്ഷിതത്വം നൽകും. അതിനാൽ അവർ എനിക്ക് (അല്ലാഹുവിന്) മാത്രം വഴിപ്പെടട്ടെ. ആരെയും എന്റെ (അല്ലാഹുവിന്റെ) പങ്കാളികളാക്കാതിരിക്കട്ടെ'' (24:55). അല്ലാഹുവിന്റെ വാഗ്ദാനം പുലരുന്ന സമൂഹം കാനേഷുമാരി മുസ്‌ലിംകളുടേതല്ല. ഇസ്‌ലാം വിഭാവന ചെയ്യുന്ന ആത്മീയവും ഭൗതികവുമായ കരുത്തും പക്വതയുമാർജിച്ച ഒരു കൂട്ടരെയാണ് ഈ സൂക്തം അഭിസംബോധന ചെയ്യുന്നത്. ഏതാണ്ട് അരനൂറ്റാണ്ട് മുമ്പ് മുസ്‌ലിം സമൂഹത്തിന്റെ അപചയങ്ങളുടെ കാരണങ്ങൾ അപഗ്രഥിക്കുമ്പോൾ ദീർഘവീക്ഷണത്തോടെ ബിന്നബി ചെന്നെത്തുന്ന നിഗമനങ്ങളിൽ പലതും ഇന്നും പ്രസക്തമാണ്. അധിനിവേശത്തിന്റെ വകഭേദമായ ഫാഷിസം മണ്ണും മനസ്സും കീഴടക്കുമ്പോൾ ഇസ്‌ലാമിന്റെ സാമൂഹികബോധത്തിലധിഷ്ഠിതമായ കർമപദ്ധതികൾക്കു മാത്രമാണ് അനീതിയുടെ സമഗ്രാധിപത്യത്തിൽനിന്ന് സമൂഹത്തെ വിമോചിപ്പിക്കാൻ സാധിക്കുക. ●



# സ്ത്രീ സുരക്ഷ ഇസ്‌ലാമിക വിഷയം തന്നെയാണ്


ലേഖനം / വി.പി അഹ്മദ് കുട്ടി

vpahmadkutty@gmail.com


നബി(സ) പറഞ്ഞു: ''ഞാൻ അബ്ദുല്ലാഹിബ്നു ജുദ്ആന്റെ വീട്ടിൽ വെച്ച് സദ്ഗുണ(ഫുളൂൽ) സംബന്ധിയായ ഒരു സന്ധിയുടെ ഭാഗമായി. ലോകത്തിലെ ഏറ്റവും വിലപ്പെട്ട സമ്പത്തിനു പോലും ആ സന്ധിക്ക് പകരം നിൽക്കാനാവില്ല. ഇസ്‌ലാമിൽ സമാനമായ ഒരു സന്ധിയിൽ ചേരാൻ എന്നോട് ആവശ്യപ്പെട്ടാൽ ഞാൻ നിസ്സംശയം അതിന്റെ ഭാഗമാകും'' (ഇബ്നുൽ മുലഖിൻ).

ഉമറുബ്നുൽ ഖത്ത്വാബ് പറഞ്ഞു: ''അല്ലാഹു സത്യം, അല്ലാഹു സത്യവചനം ഇറക്കുകയും (സ്ത്രീകൾക്ക് അവരുടെ) വിഹിതം നൽകുകയും ചെയ്യുന്നതു വരെ ഞങ്ങൾ സ്ത്രീകൾക്ക് ഒരു വിലയും കൽപിച്ചിരുന്നില്ല'' (മുസ്‌ലിം).

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ വേണ്ടി ഐക്യരാഷ്ട്ര സഭ ആഗോള തലത്തിൽ നടത്തുന്ന കാമ്പയ്ൻ എല്ലാ വർഷവും നവംബർ 25 മുതൽ അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായ ഡിസംബർ 10 വരെയാണ് ആചരിക്കപ്പെടുന്നത്. പ്രസ്തുത കാമ്പയ്നിൽ മുസ്‌ലിംകളുടെ പങ്ക് എന്താണെന്ന് ചർച്ച ചെയ്യുമ്പോൾ ഏറെ പ്രസക്തമാകുന്ന രണ്ട് ഉദ്ധരണികളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മുസ്‌ലിംകളെന്ന നിലയിൽ ഈ മഹത്തായ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുക എന്നത് അവരുടെ ഇസ്‌ലാമികമായ കടമയാണ്. കാരണം, ഇസ്‌ലാമിന് ലോകത്തിനു നൽകാനുള്ളതിൽ വെച്ച് ഏറ്റവും ഉത്തമമായ ആദർശമാണ് അടിച്ചമർത്തപ്പെട്ടവർക്ക് നീതി ഉറപ്പാക്കുക എന്നത്. ഈ കാമ്പയ്നിന്റെ ആത്യന്തികമായ ലക്ഷ്യവും ഇതു തന്നെയാണ്.

അബ്സീനിയയിലേക്ക് മുസ്‌ലിംകൾ ആദ്യമായി ഹിജ്റ നടത്തിയ സംഭവത്തെക്കുറിച്ച് ഉമ്മു സലമ പറയുന്നുണ്ട്. പിതാമഹന്മാരുടെ മതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് അബ്സീനിയൻ ചക്രവർത്തിയായ നേഗസ് മുസ്‌ലിം സംഘത്തിന്റെ തലവനായ ജഅ്ഫറുബ്നു അബീത്വാലിബിനോട് ചോദിച്ചു. 'അറിവില്ലായ്മയിൽ ആണ്ടുപോയ ഒരു ജനതയായിരുന്നു ഞങ്ങൾ. ദൈവം അവന്റെ ദൂതനെ പറഞ്ഞയക്കുന്നതു വരെ ഞങ്ങളിൽപെട്ട ശക്തർ ദുർബലരെ വിഴുങ്ങി. അദ്ദേഹം



വരുന്നു. പതിനാറു വയസ്സിനു മുകളിൽ പ്രായമുള്ള കാനഡയിലെ സ്ത്രീകളിൽ പകുതിയിലേറെ പേർ ശാരീരികമോ മാനസികമോ ആയ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. കാനഡയിലെ അടിയന്തര അഭയകേന്ദ്രങ്ങളിൽ ഒരു ദിവസം ഗാർഹിക പീഡനങ്ങളിൽനിന്ന് രക്ഷ തേടി വരുന്ന 3000 വരെ സ്ത്രീകളെ കാണാം (കൂടെ അവരുടെ 2500-ഓളം വരുന്ന കുട്ടികളും). അമേരിക്കയിൽ മൂന്നിലൊന്ന് (മൊത്തം സംഖ്യയുടെ 35.6 ശതമാനം) സ്ത്രീകൾ പങ്കാളികളിൽ നിന്ന് ബലാത്സംഗമോ ശാരീരിക പീഡനമോ നേരിടുകയോ പങ്കാളികൾ അവരെ ഭീതിയുണർത്തുന്ന രീതിയിൽ നിരന്തരം പിന്തുടരുകയോ ചെയ്തിട്ടുണ്ട്.

ദക്ഷിണേഷ്യയും പശ്ചിമേഷ്യയും ആഫ്രിക്കയുമടങ്ങുന്ന നാടുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വ്യാപകമാണ്. യാഥാസ്ഥിതിക ചിന്തകൾ ആഴത്തിൽ വേരുറച്ച ഇന്ത്യ സ്ത്രീകൾക്ക് ജീവിക്കാൻ ലോകത്ത് ഏറ്റവും അപകടകരമായ രാജ്യം എന്ന അപമാനകരമായ അവസ്ഥയിലെത്തി നിൽക്കുന്നു. കൂട്ടബലാത്സംഗത്തിന് ഇരയാവുകയും പിന്നീട് ജീവനോടെ കത്തിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീകളുടെ കഥകൾ പത്രങ്ങളിൽ നിറയുന്നു. സ്ത്രീധനം കൊണ്ടുവന്നില്ല എന്ന കാരണം കൊണ്ട് അഗ്നിക്കിരയാകുന്ന സ്ത്രീകൾ; പെണ്ണാണെന്ന സംശയം മൂലം ഭ്രൂണത്തിൽ തന്നെ കൊല്ലപ്പെടുന്നവർ; പെൺകുട്ടികൾക്ക് മാത്രം ജന്മം കൊടുത്തു എന്ന പേരിൽ കൊല്ലപ്പെടുന്ന അമ്മമാർ!

എന്നാൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന കാര്യം ചർച്ച ചെയ്യുമ്പോൾ അതൊരു പാശ്ചാത്യ, അല്ലെങ്കിൽ അമുസ്‌ലിം പ്രശ്നമാണെന്ന് പറഞ്ഞ് ഒതുക്കാനാണ് പണ്ഡിതരടക്കമുള്ള ബഹുഭൂരിപക്ഷം

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന കാര്യം ചർച്ച ചെയ്യുമ്പോൾ അതൊരു പാശ്ചാത്യ, അല്ലെങ്കിൽ അമുസ്‌ലിം പ്രശ്നമാണെന്ന് പറഞ്ഞ് ഒതുക്കാനാണ് പണ്ഡിതരടക്കമുള്ള ബഹുഭൂരിപക്ഷം മുസ്‌ലിം പുരുഷന്മാരും ശ്രമിക്കാറുള്ളത്. മണലിൽ തലപൂഴ്ത്തി ഞങ്ങളുടെ ഭാഗത്ത് ഒരു പ്രശ്നവുമില്ല എന്ന് നടിക്കുകയാണ് നിങ്ങൾ ചെയ്യുന്നത് എന്ന് മാത്രമേ എനിക്ക് അവരോട് പറയാനുള്ളൂ.**

അക്രമവും വഴിവിട്ട ജീവിതരീതികളും ഉപേക്ഷിക്കാൻ ഞങ്ങളെ പഠിപ്പിച്ചു' എന്നായിരുന്നു ജഅ്ഫറിന്റെ മറുപടി.

എല്ലാ തരത്തിലുമുള്ള അടിച്ചമർത്തലുകൾക്കും അന്യായങ്ങൾക്കുമെതിരെ പോരാടുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശങ്ങളിലൊന്നാണ്. അതുകൊണ്ടു തന്നെ ഇസ്‌ലാമിലേക്ക് വന്നവരിൽ നല്ലൊരു ഭാഗവും അടിമകളും ദരിദ്രരും സ്ത്രീകളുമായിരുന്നു എന്നതിൽ അതിശയപ്പെടാനില്ല. ഇസ്‌ലാമിന്റെ മുന്നേറ്റത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ സ്ത്രീകൾ കാഴ്ചക്കാരായിരുന്നില്ല. പ്രവർത്തകരായും ആഖ്യാതാക്കളായും അവർ ഈ പോരാട്ടത്തിന്റെ മുൻനിരയിൽ തന്നെ നിലയുറപ്പിച്ചു.

തുടക്കം മുതൽ തന്നെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ഖുർആൻ ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾ ജീവനോടെ കുഴിച്ചുമൂടപ്പെട്ടപ്പോൾ അവർ 'എന്തൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത്!?' (81: 89) എന്ന് ഖുർആൻ ചോദിക്കുന്നുണ്ട്. ളുൽമ് (അതിക്രമം) ഏറ്റവും വലിയ പാപമായാണ് ഖുർആൻ കണക്കാക്കുന്നത്. ഇതിൽ ഏർപ്പെടുന്ന വ്യക്തികളും സമുദായങ്ങളും അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. 289 സൂക്തങ്ങളിൽ അടിച്ചമർത്തലും അനീതിയും എത്രമാത്രം വെറുക്കപ്പെട്ടതാണെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പുള്ള കാര്യമാണിത്. എന്നിട്ടും, ചിലപ്പോൾ ചരിത്രത്തിൽ ഇതു വരെയില്ലാത്ത വിധം സ്ത്രീകൾ അതിക്രമങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ലോകത്ത് മൂന്നിലൊരു സ്ത്രീ ഇരയാക്കപ്പെടുന്ന ഒരു മഹാമാരിയാണിത്. ചില രാജ്യങ്ങളിൽ 70 ശതമാനത്തോളം സ്ത്രീകൾ പങ്കാളികളിൽനിന്ന് ശാരീരിക-ലൈംഗിക പീഡനം ഏറ്റുവാങ്ങേണ്ടി

മുസ്‌ലിം പുരുഷന്മാരും ശ്രമിക്കാറുള്ളത്. മണലിൽ തലപൂഴ്ത്തി ഞങ്ങളുടെ ഭാഗത്ത് ഒരു പ്രശ്നവുമില്ല എന്ന് നടിക്കുകയാണ് നിങ്ങൾ ചെയ്യുന്നത് എന്ന് മാത്രമേ എനിക്ക് അവരോട് പറയാനുള്ളൂ.

മറ്റു സമുദായങ്ങളെ പോലെ മുസ്‌ലിംകൾക്കിടയിലും സ്ത്രീകൾക്കെതിരായ അതിക്രമം ഒരു ഗൗരവമേറിയ പ്രശ്നമാണ്. എന്നാൽ ഒരിക്കലും ഇതിൽ ഇസ്‌ലാമിനെ കുറ്റം പറയാൻ സാധിക്കില്ല. മുസ്‌ലിംകളിൽ ഒരു പകുതി മറ്റേ പകുതിയോട് കാണിച്ച, ഇപ്പോഴും കാണിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ ഇസ്‌ലാമിന് യാതൊരു പങ്കുമില്ല.

സ്ത്രീകളുടെ സ്ഥാനം ഉയർത്തിക്കാണിക്കുന്നതിൽ കാലത്തിനു മുൻമ്പേ സഞ്ചരിച്ച ദർശനമാണ് ഇസ്‌ലാം. മറ്റു മതപാരമ്പര്യങ്ങൾ സ്ത്രീകൾക്ക് ആത്മാവുണ്ടോ എന്ന ചോദ്യമുയർത്തിയിരുന്ന കാലത്ത് ഇസ്‌ലാം സ്ത്രീയെയും പുരുഷനെയും ഒരൊറ്റ ആത്മാവിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരായി പ്രഖ്യാപിച്ചു. അവരെ പടച്ചവനു മുമ്പിൽ തുല്യരായി പ്രഖ്യാപിച്ചു. അല്ലാഹു ഖുർആനിൽ പറയുന്നു: ''പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, നിങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റേ വിഭാഗത്തിൽനിന്ന് ഉത്ഭവിച്ചവരാകുന്നു'' (3:195).

ഇതു പോലെയുള്ള അനേകം പ്രസ്താവനകളിലൂടെ താത്ത്വികമായി സ്ത്രീവിരുദ്ധതയെ വേരോടെ പിഴുതെറിഞ്ഞ മതമാണ് ഇസ്‌ലാം. മനുഷ്യർ മറ്റുള്ളവരോട് കാണിക്കുന്ന സമീപനത്തെ അടിസ്ഥാനപ്പെടുത്തിയാണ് അല്ലാഹുവിന്റെ മുന്നിൽ നമ്മുടെ വിധി തീരുമാനിക്കപ്പെടുകയെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ദുർബലരോടും നിസ്സഹായരോടും. ഒരു മനുഷ്യന്റെ മികവിന്റെ മുദ്ര അയാൾ അയാളുടെ ഭാര്യയോട് എങ്ങനെ പെരുമാറുന്നു എന്ന് നോക്കിയാണെന്നും ഈ ദർശനം പഠിപ്പിക്കുന്നു.

പിന്നെ എവിടെയാണ് നമ്മൾക്ക് പിഴവ് സംഭവിച്ചത്? ഇസ്‌ലാമിനെ സ്ത്രീവിരുദ്ധമായ രീതിയിൽ തെറ്റായി വ്യാഖ്യാനിച്ചതാണ് പ്രശ്നം.

ഇതിനിടയിലും മുസ്‌ലിം സമുദായങ്ങളിൽ സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്നില്ല എന്ന് സമർഥിക്കുന്നവരോട് അവരുടെ കണ്ണു തുറപ്പിക്കാൻ ഞാൻ ചില ഉദാഹരണങ്ങൾ പറയാം:

1999-ൽ ടൊറണ്ടോയിൽ വെച്ച് ഫറാഹ് ഖാൻ എന്ന അഞ്ച് വയസ്സുകാരി ക്രൂരമായി കൊല ചെയ്യപ്പെട്ട സംഭവമാണ് ഒന്നാമത്തേത്. നഴ്സറി സ്കൂളിൽനിന്ന് അവളെ കൂട്ടിക്കൊണ്ടു വന്ന പിതാവ് അവളുടെ പിറകെയോടി പിടികൂടി പിന്നീട് വെട്ടി കഷ്ണങ്ങളാക്കി ഒരു പൊതിയിലിട്ട് പാർക്കിൽ കൊണ്ടുപോയി തള്ളി. ഫറാഹ് അവളുടെ അമ്മയുടെ കൂടെയാണ് ജീവിച്ചിരുന്നതെങ്കിൽ അവളിന്ന് ചിലപ്പോൾ ജീവനോടെ ഉണ്ടാകുമായിരുന്നു. എന്നാൽ ഇസ്‌ലാമിക നിയമത്തെ വളച്ചൊടിച്ച ഒരു പാകിസ്താൻ കോടതി അവളെ ഉമ്മയുടെ സുരക്ഷിതത്വത്തിൽനിന്ന് വിടർത്തി മാറ്റി ഉപ്പയുടെ അടുത്തേക്ക് പറഞ്ഞയച്ചു. വെറും 15 കിലോ മാത്രം തൂക്കമുണ്ടായിരുന്ന കുട്ടി എന്നിട്ടും സ്വയംരക്ഷക്കു വേണ്ടി പിതാവിനെതിരെ കടുവയെ പോലെ പൊരുതി എന്ന് പിതാവിന്റെ വാക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു!

2011-ൽ ആട്ടിറച്ചിക്ക് പകരം രാത്രിഭക്ഷണത്തിന് പരിപ്പുണ്ടാക്കിയതിന് സ്വന്തം ഭാര്യയെ തല്ലിക്കൊന്ന ന്യൂയോർക്കിലെ ഒരു മുസ്‌ലിം പുരുഷനാണ് രണ്ടാമത്തെ ഉദാഹരണം.

Islamonline.net എന്ന വെബ്സൈറ്റിലെ ഫത്‌വാ സമിതി യോഗത്തിനിടയിലാണ് ഇതിലെ മൂന്നാമതും ഭയാനകവുമായ ഉദാഹരണം ഞാൻ കേൾക്കാനിടയാകുന്നത്. ബാംഗ്ലൂരിലാണ് സംഭവം. സുഹൃത്തിന്റെ മകളെ ബലാത്സംഗം ചെയ്തതിന് ഒരു മുസ്‌ലിം സഹപ്രവർത്തകൻ തടവിലായി. എന്നാൽ പ്രദേശത്തെ മുസ്‌ലിം മതാചാര്യന്മാർ ശ്രമിച്ചത് ഇരയെ പിന്തുണക്കാനല്ല, പകരം കുറ്റവാളിയെ പുറത്തിറക്കാനും ഇരയെ അയാൾക്ക് വിവാഹം ചെയ്തു കൊടുക്കാനുമായിരുന്നു!



ദൈവിക വചനങ്ങളെ ഇന്ന് വ്യാഖ്യാനിക്കുന്ന രീതികൾ തിരുത്തിയും മാറ്റിയെഴുതിയുമല്ലാതെ മുസ്‌ലിം സ്ത്രീകൾക്ക് വിമോചനം സാധ്യമാവുകയില്ല എന്ന് മുകളിൽ കൊടുത്ത ഉദാഹരണങ്ങളും മറ്റു സംഭവങ്ങളും അവലോകനം ചെയ്യുമ്പോൾ ബോധ്യമാവുകയാണ്.

ദൈവിക വചനത്തിന്റെ യഥാർഥ ചേതന എന്താണെന്ന് മനസ്സിലാക്കുന്നതിലൂടെ മാത്രമേ ഈ നടപടി സാധ്യമാവുകയുള്ളൂ. ഇബ്നു തൈമിയ്യ പറയുന്നതു നോക്കൂ: ''നീതിയില്ലാത്തിടത്ത് ശരീഅത്ത് ഇല്ല; ശരീഅത്തിനെ അടിസ്ഥാനമാക്കി എന്ന് നമ്മൾ വാദിച്ചാൽ പോലും!''

ഇസ്‌ലാമിന്റെ അടിത്തറയിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് ഇപ്പോൾ ആവശ്യം. സൂറ *ആലു ഇംറാനി*ലെ സൂക്തം ഒരിക്കൽകൂടി ഓർമിപ്പിക്കട്ടെ: ''പുരുഷനാകട്ടെ, സ്ത്രീയാകട്ടെ, നിങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളിൽ ഓരോ വിഭാഗവും മറ്റേ വിഭാഗത്തിൽനിന്ന് ഉത്ഭവിച്ചവരാകുന്നു'' (3:195). ●

വിവ: **സയാൻ ആസിഫ്**

കവിത

# ഇന്ത്യ 19

മുഹമ്മദ് സാദിഖ് വാണിയക്കാട്



**ഇന്ത്യ**
നടന്നു
കൊണ്ടേയിരിക്കുന്നു

രാജാക്കന്മാർ
തിന്നു
കൊണ്ടേയിരിക്കുന്നു

ജനം
കിതച്ചു
കൊണ്ടേയിരിക്കുന്നു

ജീവിതം
തെരുവിലാണ്

പിഞ്ചുമക്കൾ
കഫൻ പുടവകൾക്ക്
കാവലിരിക്കുകയാണ്

ഖബ്റുകൾ
അകം നിറയ്ക്കാൻ ആ
റെയിൽ പാളങ്ങളിലേക്ക്
കുടിയേറുകയാണ്

ദേശവും വംശവും
അനീതിയുടെ
ജനാധിപത്യ ചാപ്പയാണ്.

അപ്പം ചോദിക്കുമ്പോൾ
പ്രതിമ കൊണ്ട്
വിശപ്പടക്കാൻ പറയുന്നു

മേൽക്കൂര ചോദിക്കുമ്പോൾ
കാൽമണ്ണ് വാരി
അപരന്
കപ്പം കൊടുക്കുന്നു

അറിവും നിറവും
കവർന്നെടുത്ത്
രാമനെ
രണ്ടു രൂപക്ക് വിൽക്കുന്നു

സംസ്കാരങ്ങളുടെ
ബലിച്ചോറുണ്ണാൻ
ബുദ്ധിജീവികൾ
ബലിക്കാക്കകൾക്കായി
വാവിട്ട് വിളിക്കുന്നു

മനുഷ്യനെ തേടി
ഡയോജനീസ് [1]
തെരുവ് തെണ്ടുന്നു

ദൈവത്തെ തേടി
മനുഷ്യർ
ഗുഹാവാസികളുടെ [2]
ഗഹ്വരങ്ങൾ തേടുന്നു

എന്നിട്ടും
ഈ ഉണങ്ങിയ വയറും
മെലിഞ്ഞൊട്ടിയ ദേഹവും
കുഴിഞ്ഞു പോയ കണ്ണും
ഏത്
ആധ്യാത്മികതയെയാണ്
അടയാളപ്പെടുത്തുന്നത്?

നിറം മങ്ങി
കാവിയായ പൂണൂലുകൾ
ഏത്
ദൈവസങ്കീർത്തനങ്ങളെയാണ്
ആക്രോശിക്കുന്നത്

നിശ്ചയം,
'അല്ലയോ ഭൂമിയുടെ ഭാരങ്ങളേ,
നിങ്ങളെ വിചാരണ ചെയ്യാൻ അടുത്തു
തന്നെ നാം ഒഴിഞ്ഞുവരുന്നുണ്ട്.'[3] ●

---

1. കത്തുന്ന നട്ടുച്ച വെയിലിൽ ആതൻസ് നഗരവീഥികളിലൂടെ പന്തം കത്തിച്ചുപിടിച്ച് ഡയോജനീസ് നടന്നത് യഥാർഥ മനുഷ്യനെ തെരഞ്ഞായിരുന്നു.
2. ഡെസ്യൂസ് ചക്രവർത്തിയുടെ കാലത്ത് ഈസാ നബിയുടെ അനുയായികളുടെ മേൽ കഠോരമായ മർദനങ്ങൾ ഏൽപിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഒരു കൂട്ടം യുവാക്കൾ ദൈവ വിശ്വാസ സംരക്ഷണത്തിന് ഒരു ഗുഹയിൽ അഭയം പ്രാപിച്ചു (സൂറ: അൽ കഹ്ഫ്:13).
3. സൂറ: അർറഹ്മാൻ 31.



# സ്വർഗീയാരാമങ്ങൾ സുന്ദരിയാക്കിയ പൗരാണിക ദൽഹി

ചരിത്രം / സബാഹ് ആലുവ

mailtosabah@gmail.com

ലോക ചരിത്ര വേദികളിൽ പൗരാണിക നിർമിതികളുടെ ബാഹുല്യവും സൗന്ദര്യവും കൊണ്ട് ശ്രദ്ധ നേടിയ പ്രദേശമാണ് ദൽഹിയെന്ന പഴയ ദഹ്‌ലി. മുസ്‌ലിം ഭരണ കാലത്തെ ദൽഹി വിദേശീയരെ ആകർഷിച്ചത് അവരുടെ നിർമിതികളിൽ ഒളിപ്പിച്ചു വെച്ച വശ്യമനോഹര കലാവിഷ്കാരങ്ങൾ മാത്രമായിരുന്നില്ല, മറിച്ച് പ്രസ്തുത നിർമിതികളെ ലോക നിലവാരശ്രേണിയിലേക്കുയർത്തി സുന്ദരമായ കാഴ്ചാനുഭവങ്ങൾ സമ്മാനിച്ച ഉദ്യാനങ്ങൾ കൂടിയായിരുന്നു. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ഭരണ പ്രദേശങ്ങളിൽ ഉദ്യാനങ്ങൾ കൊണ്ട് പേരെടുത്ത നഗരങ്ങളിലൊന്നാണ് ദൽഹി. 'സ്വർഗീയാരാമങ്ങൾ' (Paradise Gardens) എന്ന പേരിൽ പേർഷ്യൻ കലാവിഷ്കാരങ്ങളുടെ മുഴുവൻ സാധ്യതകളും സന്നിവേശിപ്പിച്ച്, അവയിലേക്ക് നോട്ടം പായിക്കുന്ന ഏതൊരാൾക്കും കൺകുളിർമ നൽകുന്ന അവിശ്വസനീയ മാതൃകകൾക്ക് വേദിയായ നഗരമാണ് ഇന്നത്തെ ദൽഹി. മുസ്‌ലിം കാലത്തെ പ്രധാന പഠനശാഖ കൂടിയായി വളർന്നു വന്ന വിജ്ഞാന ശാഖയാണ് ഉദ്യാന നിർമാണം (Horticulture). ഉദ്യാനത്തിന്റെ വലിപ്പം, അതിന്റെ വശങ്ങളിലൂടെ ഒഴുകുന്ന കൃത്രിമ നീർച്ചാലുകൾ സംവിധാനിക്കേണ്ട രീതിശാസ്ത്രം, കാലാവസ്ഥക്കനുസരിച്ച് നട്ടുവളർത്തേണ്ട പൂക്കളുടെ തൈകൾ, തെരഞ്ഞെടുക്കേണ്ട മാനദണ്ഡം ഇവയെല്ലാം മുൻനിർത്തി അക്കാലത്ത് സൃഷ്ടിക്കപ്പെട്ട ഉദ്യാനങ്ങൾ സ്വർഗീയാരാമങ്ങൾ തന്നെയാണെന്ന് നിസ്സംശയം പറയാം. ഇന്ത്യാ ഉപഭൂഖണ്ഡം ഭരിച്ച എല്ലാ



സുൽത്താന്മാരും സൗന്ദര്യാസ്വാദകരും അവയെ പരിപോഷിപ്പിച്ചവരുമാണ്.

ഒരു കെട്ടിടം പേർഷ്യൻ വാസ്തുവിദ്യാ രീതിയിൽ എത്ര ഭംഗിയാക്കാൻ മുഗളർ പരിശ്രമിച്ചിരുന്നോ അതിനേക്കാൾ പല മടങ്ങ് ഉദ്യാന നിർമാണത്തിലും അവയെ പരിപാലിക്കുന്നതിലും അവർ ശ്രദ്ധ നൽകിയിരുന്നു. സിൽക്ക് റോഡ് വഴി ഇറാനുമായി നിരന്തരമായി നിലനിന്നിരുന്ന കൊടുക്കൽ വാങ്ങലുകൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ മുഖഛായ തന്നെ മാറ്റിയെഴുതി. മുഗൾ ഉദ്യാനങ്ങൾ കണ്ട് ആസ്വദിക്കാൻ വരുന്ന സ്വദേശികളും വിദേശികളും ഇന്നും എണ്ണത്തിൽ ഒട്ടും കുറവല്ല. കണ്ണുകളെ മടുപ്പിലേക്ക് തള്ളിവിടാതെ വീണ്ടും കാണാൻ ആഗ്രഹിക്കുന്ന മനോഹര ഉദ്യാനങ്ങൾ, സ്പെയിനിലെ മുസ്‌ലിം അവശേഷിപ്പുകളിൽ പ്രധാനപ്പെട്ട അൽഹംറ പാലസും ഉദ്യാനവും കഴിഞ്ഞാൽ എടുത്തു പറയേണ്ടത് മുഗൾ ഉദ്യാനങ്ങളാണെന്ന വസ്തുത ഇവിടെ പറഞ്ഞുവെക്കട്ടെ.

ബ്രിട്ടീഷ് ഭരണാധികാരികൾ പോലും മുഗൾ കലാവിഷ്‌കാരങ്ങളെ പ്രശംസകൾ കൊണ്ട് മൂടിയിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് പോലും മുഗൾ ഉദ്യാനങ്ങളെ കൂടുതൽ സുന്ദരമാക്കാനും തങ്ങളുടേതായ ഗാർഡനിംഗ് രീതികൾ അവതരിപ്പിച്ച് അവയെ കൂടുതൽ ഭംഗിയാക്കാനും ശ്രമിച്ചതിന്റെ നേർച്ചിത്രങ്ങൾ ദൽഹിയിലെ പുരാതന നിർമിതികളിൽ ഇന്നും കാണാം. പക്ഷേ ഇന്ന് സന്ദർശകർക്ക് ദൽഹിയിൽ വളരെ അപൂർവമായി മാത്രം കാണാൻ സാധിക്കുന്ന നിർമിതിയാണ് പൗരാണിക ഉദ്യാന മാതൃകകളായ മുഗൾ ഉദ്യാനങ്ങൾ. പലതും ഇന്ന് നശിച്ചുപോവുകയോ കൈയേറ്റം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്.

ഉദ്യാനം ഇത്രയും വ്യവസ്ഥാപിതമായി സംവിധാനിക്കാൻ അവർ ഉത്സാഹം കാണിച്ചതിനു പിന്നിലെ പ്രചോദനം എന്തായിരിക്കാം? അതിന് ഉത്തരം ലഭിക്കാൻ പരിശുദ്ധ ഖുർആനിലേക്ക് ഒരെത്തിനോട്ടം നടത്തിയാൽ മതിയാവും. ഏതൊരു മുസ്‌ലിം മത വിശ്വാസിയും കണ്ണ് കൊണ്ട് കാണാൻ ആഗ്രഹിക്കുന്ന, മനുഷ്യമനസ്സുകളെ പിടിച്ചിരുത്തുന്ന 'സ്വർഗ'മെന്ന ആ വലിയ ഉദ്യാനത്തെക്കുറിച്ച പരിശുദ്ധ വേദഗ്രന്ഥത്തിന്റെ വർണനകൾ തന്നെയാണ് ആ പ്രചോദനത്തിനു പിന്നിലെ രഹസ്യം. താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന ശാശ്വത സ്വർഗത്തെ 120-ൽപരം സ്ഥലങ്ങളിലാണ് ഖുർആൻ വർണിച്ചിരിക്കുന്നത്.

പ്രകൃതിയെ തന്നെയും ഒരു ഉദ്യാനമായി സങ്കൽപ്പിക്കാൻ മുസ്‌ലിം ഭരണാധികാരികൾക്ക് കഴിഞ്ഞത് എങ്ങനെയെന്ന് മേൽ വിവരിച്ച വസ്തുതകളിൽ നിന്ന് മനസ്സിലാക്കാം.

സ്വർഗീയാരാമങ്ങൾ എന്ന ആശയം (The concept of Paradise Garden) ദൽഹി - മുഗൾ ഭരണകൂടങ്ങൾ ഭൂമിയിൽ സാക്ഷാൽക്കരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി ഉയർന്നു വന്ന ഉദ്യാനങ്ങളാണ് ലാഹോറും ദൽഹിയുമുൾപ്പെടെയുള്ള പ്രദേശങ്ങളെ ലോക പൈതൃക പട്ടികയിലേക്ക് അടുപ്പിച്ചത്. ജപ്പാൻ, ബർമ, ചൈന, നെതർലന്റ് തുടങ്ങിയ രാജ്യങ്ങളുമായുള്ള കച്ചവട ബന്ധങ്ങൾ വഴിയുള്ള സംസ്‌കാര കൈമാറ്റങ്ങളും ദൽഹിയിലെ ഉദ്യാന



നിർമാണങ്ങൾക്ക് വളരെയേറെ പ്രചോദനമായി.

**പേർഷ്യൻ ഉദ്യാനങ്ങളുടെ സവിശേഷത**


രണ്ട് രീതിയിലുള്ള ഗാർഡനിംഗ് രീതികളാണ് പൊതുവെ മുഗൾ ഉദ്യാന വാസ്തുവിദ്യയിൽ കാണാനാവുക. അതിലൊന്ന് രാജകൊട്ടാരവും രാജ്ഞി മന്ദിരങ്ങളും ഉദ്യാനങ്ങളാൽ അലങ്കരിച്ചിരിക്കുന്ന രീതിയാണ്. മറ്റൊന്ന് ശവകുടീരങ്ങൾക്ക് ചുറ്റുമായി സംവിധാനിക്കപ്പെട്ട ഉദ്യാനങ്ങളാണ്. വ്യത്യസ്ത വലിപ്പത്തിലുള്ള വൃക്ഷങ്ങൾ കൂടി ഇത്തരത്തിലുള്ള ഉദ്യാനങ്ങളിൽ കാണാം. മറ്റൊന്ന് അവക്കിടയിലൂടെ ഒഴുകുന്ന നീർച്ചാലുകളാണ്. പേർഷ്യൻ വാസ്തുവിദ്യയിൽ ജലധാരകൾക്ക് വലിയ പ്രാധാന്യമുണ്ട്. ജലധാരകൾ (Nahara) മുഗൾ ഉദ്യാനങ്ങളിൽ എടുത്തു പറയേണ്ട പ്രത്യേകതയാണ്. ജ്യാമിതീയ കലാ രൂപങ്ങളെ (Geometry) ഉദ്യാന നിർമാണങ്ങൾക്കായി ഉപയോഗപ്പെടുത്തി, അതു വരെയും രാജ്യം കണ്ടിട്ടില്ലാത്ത അന്യാദൃശമായ ആവിഷ്കാരങ്ങൾ ഉദ്യാന നിർമാണ രംഗത്ത് കൊണ്ടു വന്നു. ദൽഹിയിലെ വ്യത്യസ്ത മുസ്‌ലിം നിർമിതികളിൽ പുഷ്പങ്ങളുടെ മാതൃകയിൽ കൊത്തുപണികൾ ചെയ്തലങ്കരിച്ച പള്ളികൾ, ശവകുടീരങ്ങൾ, കൊട്ടാരത്തിന്റെ പ്രധാന കവാടമാനങ്ങൾ തുടങ്ങിയവ ഇന്നും നമുക്ക് കാണാം. മുഗൾ കാലഘട്ടത്തിൽ പേർഷ്യൻ ഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളുടെ പുറംചട്ടയിലെ ശ്രദ്ധേയമായ ചിത്രീകരണങ്ങളധികവും ഉദ്യാനങ്ങളുമായി ബന്ധപ്പെട്ടതാണ്. 'ഗുലിസ്ഥാൻ' (ഉദ്യാനം) എന്ന ആശയത്തെ ആസ്പദമാക്കി നിരവധി ഗ്രന്ഥങ്ങളും പേർഷ്യൻ ഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ട്.

സമകോണാകൃതിയിൽ ഉദ്യാനങ്ങൾ സംവിധാനിക്കാൻ ആരംഭം കുറിച്ചത് മുഗൾ കാലത്താണ്. അതോടൊപ്പം എടുത്തു പറയേണ്ടതാണ്, വ്യത്യസ്ത നിറത്തിലും മണത്തിലും ഉദ്യാനങ്ങളെ സുഗന്ധപൂരിതമാക്കുന്ന പൂക്കളും ഔഷധ സസ്യങ്ങളും, ഒപ്പം ഉദ്യാനങ്ങളിൽ എപ്പോഴും കണ്ടു വരുന്ന 'റോസ്' ചെടിയുടെ വ്യത്യസ്ത വകഭേദങ്ങളും. വിദേശ രാജ്യങ്ങളിൽ നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വളർത്തിയെടുത്ത തുലിപ്പ് പുഷ്പങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തവരാണ് മുഗളന്മാർ. ലോകത്ത് തുലിപ്പ് പുഷ്പങ്ങൾക്ക് പേരു കേട്ട രാജ്യമായ നെതർലന്റുമായി ഇന്ത്യാ ഉപഭൂഖണ്ഡം നിലനിർത്തിയിരുന്ന കച്ചവട ബന്ധങ്ങളെ സാധ്യതകളാക്കി മാറ്റാൻ മുഗൾ രാജാക്കന്മാർക്ക് കഴിഞ്ഞിരുന്നു. ഇന്ന് ഇന്ത്യയിൽ തുലിപ്പ് പുഷ്പമേള സംഘടിപ്പിക്കപ്പെടുന്ന പ്രധാന സ്ഥലം കശ്മീറാണ്.

**'ചാർ ബാഗ്'**

മുഗൾ കാലത്തെ സവിശേഷ ഉദ്യാന നിർമാണ രീതിയാണ് 'ചാർ ബാഗ്.' 'നാല് വശവും ഉദ്യാനത്താൽ ചുറ്റപ്പെട്ടത്' എന്നർഥം. ദൽഹിയിലെ ഓരോ മുസ്‌ലിം നിർമിതി സന്ദർശിക്കുമ്പോഴും അതിൽ സന്ദർശകന്റെ കണ്ണുടക്കുമെന്ന് തീർച്ച. ദൽഹി സുൽത്താന്മാരേക്കാൾ നിർമിതികളെ സൗന്ദര്യവത്കരിക്കുന്നതിൽ മത്സരിച്ചവരാണ് മുഗളർ. അതുകൊണ്ടുതന്നെ മുഗൾ കാലഘട്ട നിർമിതികളിലാണ് 'ചാർ ബാഗ്'കൾ കൂടുതൽ കാണാൻ കഴിയുക. ശവകുടീരങ്ങൾ, പള്ളികൾ, രാജ്ഞിമാർക്കായി മാത്രം നിർമിക്കപ്പെട്ട സൗധങ്ങൾ, പള്ളിയറകൾ, ദർബാറുകൾ തുടങ്ങിയവയുടെ നാലു വശവും സുന്ദരമായ ജലധാരകളാൽ സംവിധാനിക്കപ്പെട്ടിട്ടുള്ള ഉദ്യാനങ്ങൾ കാണാം. ഓരോ വശവും കൃത്യമായ അളവിലും, കണിശമായ ഉദ്യാന നിർമാണ മാനദണ്ഡങ്ങൾ അനുസരിച്ചുമാണ് നിർമിച്ചിട്ടുള്ളത്. ദൽഹിയിലെ ഹുമയൂൺ ടോമ്പ് ഉദാഹരണം. ഇന്ന് നിലവിലുള്ള പൗരാണിക മുസ്‌ലിം നിർമിതികളിൽ കേവല ശവകുടീര മാതൃകയിൽ നിന്ന് വ്യത്യസ്തമായി സന്ദർശകർക്ക് നയനാനന്ദകരമായ വിരുന്നൊരുക്കുന്നു ദൽഹിയിലെ 'താജ് മഹൽ' എന്നറിയപ്പെടുന്ന ഹുമയൂൺ ടോമ്പ്.

മെഹ്റോലിയിൽ ഖുത്ബ് മിനാർ പണി കഴിപ്പിച്ച പ്രദേശവും തൊട്ടടുത്ത് തന്നെ വിശാലമായി സജ്ജീകരിക്കപ്പെട്ട മെഹ്റോലി ആർക്കിയോളജിക്കൽ പാർക്കും ഉദ്യാന സമ്പന്നമാണ്. തുഗ്ലക്ക് ഭരണാധികാരികളിൽ പ്രമുഖനായ ഫിറോസ് ഷാ തുഗ്ലക്ക് ദൽഹിയിൽ മാത്രമായി നിർമിച്ച ഉദ്യാനങ്ങൾ നിരവധിയാണ്. 1200 - ലധികം ഉദ്യാനങ്ങൾ ഫിറോസ് ഷാ തുഗ്ലക്ക് ദൽഹിയിൽ നിർമിച്ചിട്ടുണ്ട്. ഫിറോസ് ഷാ കോട്ട്ല എന്ന പ്രദേശത്ത് അദ്ദേഹം നിർമിച്ച കോട്ടയുടെ ചുറ്റുമുള്ള വിശാലമായ ഉദ്യാനങ്ങൾ സന്ദർശകർക്ക് ഇന്നും കാണാം. അദ്ദേഹം തന്നെ നിർമിച്ച 'ഹൗസ് ഖാസ്' നഗരവും ഉദ്യാനങ്ങളാൽ ചുറ്റപ്പെട്ടു നിൽക്കുന്നതു തന്നെയാണ്.





ലോധി ഭരണകൂടത്തിന്റെ നിർമിതികൾ കാണപ്പെടുന്ന പ്രദേശമാണ് ദൽഹിയിലെ പ്രശസ്തമായ 'ലോധി ഗാർഡൻ'. ഇവിടത്തെ പുല്ലണിഞ്ഞു കിടക്കുന്ന ചെറു കുന്നിൻ ചെരിവുകൾ ഏതൊരു സന്ദർശകന്റെയും മനം കവരും. ഉഡീർ പാർക്ക്, നെഹ്റു പാർക്ക്, മറ്റനേകം ചെറുതും വലുതുമായ ഉദ്യാനങ്ങൾ ദൽഹിയുടെ പല പ്രദേശങ്ങളിലും ഇന്ന് കാണാം. പുരാതന ദൽഹിയിലെ ചെങ്കോട്ടയിലേക്ക് പ്രവേശിക്കുന്നതോടെ അവിടെയും ഓരോ ചെറിയ നിർമിതിയുടെയും നാല് ഭാഗത്തും നീർച്ചാലുകൾ കൊണ്ടലംകൃതമായ ഉദ്യാനങ്ങൾ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവയാണ്.

**ദൽഹിയിലെ 'മുഗൾ ഗാർഡൻ'**

ദൽഹിയിലെ രാഷ്ട്രപതി ഭവനു ചുറ്റും ബ്രിട്ടീഷുകാർ നിർമിച്ച ഉദ്യാനം ഇന്നും അറിയപ്പെടുന്നത് 'മുഗൾ ഗാർഡൻ ' എന്നാണ്. ആ പേരിനൊപ്പം അലിഞ്ഞുപോയ സൗന്ദര്യഭാവങ്ങളെ അടർത്തിമാറ്റാൻ ബ്രിട്ടീഷ് ഭരണത്തിനു പോലും കഴിഞ്ഞിരുന്നില്ല. ദൽഹിയിലെ രാഷ്ട്രപതി ഭവന് സമീപത്തായി 15 ഏക്കറിൽ നിർമിക്കപ്പെട്ട ഉദ്യാനമാണ് ദൽഹിയിലെ 'മുഗൾ ഗാർഡൻ.' എല്ലാ വർഷവും ഒക്ടോബർ - നവംബർ മാസങ്ങളിൽ പൊതുജനങ്ങൾക്കായി മുഗൾ ഗാർഡൻ തുറന്നു കൊടുക്കാറുണ്ട്. വ്യത്യസ്ത പുഷ്പങ്ങളുടെ അത്യപൂർവ കാഴ്ചാനുഭവം തന്നെയാണ് 'മുഗൾ ഗാർഡൻ' സന്ദർശകർക്ക് സമ്മാനിക്കുന്നത്. ഹെർബൽ ഗാർഡൻ, സ്പിരിചൽ ഗാർഡൻ, ബോൻസായി ഗാർഡൻ, കാക്ടസ് ഗാർഡൻ, നക്ഷത്ര ഗാർഡൻസ് എന്നിവ മുഗൾ ഗാർഡനിൽ അതിസുന്ദരമായി സജ്ജീകരിച്ചിരിക്കുന്ന കാഴ്ചാനുഭവങ്ങളാണ്. ജമ്മു - കശ്മീരിലെ മുഗൾ ഉദ്യാനശൈലിയിലാണ് ഇതിന്റെ നിർമാണം.120 - ലധികം വ്യത്യസ്ത ഇനം റോസാ പുഷ്പങ്ങൾ, വിദേശത്ത് മാത്രം കണ്ടു വരുന്ന അപൂർവമായ പുഷ്പങ്ങൾ തുടങ്ങിയവ മുഗൾ ഗാർഡന്റെ പ്രത്യേകതയാണ്. 1917-ലാണ് പ്രസ്തുത ഉദ്യാനത്തിന്റെ ഡിസൈനിംഗ് ബ്രിട്ടീഷുകാരനായ സർ വില്യം ലച്ചൻസ് തയാറാക്കുന്നത്. പിന്നെയും വർഷങ്ങളെടുത്ത് ഏകദേശം 1928-'29 കാലഘട്ടത്തിലാണ് ഉദ്യാനത്തിലെ പ്ലാന്റിംഗ് നടന്നത്. ഇന്ന് വാസ്തുവിദ്യ പഠനശാഖയിലെ പ്രധാന മേഖലയായ ഹോർട്ടികൾച്ചർ സ്റ്റഡീസ്, ലോകത്ത് വിപുലമായ ഫാക്കൽറ്റികളോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാന ശാഖയാണ്.


പ്രൗഢിയുടെ മുഖമുദ്രയായി ദൽഹി അണിഞ്ഞൊരുങ്ങി നിന്ന ആ സുവർണ കാലഘട്ടങ്ങൾ എന്നോ ദൽഹിയിൽ നിന്ന് മറഞ്ഞുപോയിരിക്കുന്നു. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന പൈതൃക സമ്പത്തുക്കൾ നോക്കി നെടുവീർപ്പിടാനേ ഇന്ന് കഴിയുന്നുള്ളൂ. ഇന്ത്യയിലെ ഉദ്യാന കലവറയായി അറിയപ്പെടുന്ന ദൽഹിയുടെ ഇന്നിന്റെ ഈടുവെപ്പുകളുടെ കൺവെട്ടത്തു നിന്ന് പതിയെ അകന്നുനീങ്ങുകയാണ് ദൽഹി എന്ന സുന്ദരിയുടെ ആത്മാവ്.

**ഉദ്യാന പരിപാലനം ഇസ്‌ലാമിൽ**

ഇസ്‌ലാം ഉദ്യാന പരിപാലനത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഇസ്‌ലാമിലെ പ്രകൃതി സങ്കൽപം പോലും ദൈവത്തിന്റെ സുന്ദരമായ നിർമാണ വൈവിധ്യമാണ്. അപ്രകാരം തന്നെ ഇസ്‌ലാം മുന്നോട്ടു വെക്കുന്ന ഐക്യം/ ഏകത്വം (Unity), സൃഷ്ടിപ്പ് (Creation), ബഹുസ്വരത (Diversity), സമാധാനം (Peace), രഞ്ജിപ്പ് (Harmony), സന്തുലിതത്വം (Balance), ഉത്തരവാദിത്തം (Responsibility) തുടങ്ങിയ ആശയങ്ങൾ ഉദ്യാന നിർമിതിയിൽ പ്രതിഫലിക്കുന്നുണ്ട്. പ്രപഞ്ചത്തെ ഇത്രയും സുന്ദരമാക്കി സംവിധാനിച്ച ദിവ്യാസ്തിത്വത്തെ ഇസ്‌ലാം മഹത്വപ്പെടുത്തുന്നത്, 'അല്ലാഹു സൗന്ദര്യവാനാണ്, അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു' എന്ന പ്രവാചക വചനത്തിലൂടെയാണ്.

ഇസ്‌ലാമിനെ മനസ്സിലാക്കാൻ എല്ലാ ജനവിഭാഗങ്ങൾക്കും ലഭിക്കുന്ന മനോഹര അനുഭവങ്ങളായി ഈ ഉദ്യാനങ്ങളെ വിശേഷിപ്പിച്ചവരുണ്ട്. ഒരു തൈ നടുന്നതിന്റെ പ്രാധാന്യം വിവരിക്കുന്ന പ്രവാചകന്റെ വാക്കുകൾ വിശ്വാസിക്ക് നൽകുന്നത് ആത്മവിശ്വാസത്തിന്റെ മഹനീയ പാഠങ്ങളാണ്. ശാരീരിക- മാനസിക പ്രയാസങ്ങൾക്ക് ഒരു പരിധി വരെയും ആശ്വാസദായകമായി വർത്തിക്കുന്ന ഉദ്യാനങ്ങൾ, മനുഷ്യന്റെ ചിന്താമണ്ഡലങ്ങളെ ഉത്തേജിപ്പിക്കും. ദൈവമെന്ന പ്രപഞ്ച ശക്തിയെ അടുത്തറിയാനുള്ള അവസരമായും ആ അപൂർവ നിമിഷങ്ങൾ മാറിയേക്കാം. ക്ഷമയുടെയും പ്രതീക്ഷയുടെയും വലിയ പാഠങ്ങൾ ഉദ്യാന പരിപാലനത്തിലൂടെ ഒരു വ്യക്തിയിൽ ഉൾച്ചേർന്നു വരുന്ന സ്വഭാവ ഗുണങ്ങളാണ്. ഒരു ചെടി നടുകയും വേണ്ട വിധം അതിനെ പരിപാലിക്കുകയും ചെയ്യുന്ന ഒരു ഉദ്യാനപാലകന്റെ റോളിലാണ് ഈ പ്രപഞ്ചമെന്ന ഉദ്യാനത്തെ കാത്തു സൂക്ഷിക്കുന്ന ദൈവമെന്നിരിക്കെ, ആ വലിയ ശക്തിയിൽ ഇനിയും വിശ്വസിക്കാതിരിക്കാൻ നിങ്ങൾക്കെന്തുണ്ട് ന്യായം? ●

✍ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1066

# സൂറ – 34 / സബഅ്

## സൂക്തം: 45 – 47

പുരോഹിതന്മാർ വെളിച്ചപ്പെടുന്നതും ജ്യോത്സ്യന്മാർ പ്രവചനങ്ങൾ നടത്തുന്നതും ഭൗതിക ലാഭങ്ങൾക്കു വേണ്ടിയാണ്. സ്ഥാനമാനങ്ങൾ മോഹിക്കുന്നവർ രംഗത്തു വരിക ബഹുജനങ്ങളെ വശത്താക്കാൻ പറ്റിയ മുദ്രാവാക്യങ്ങളുമായിട്ടാണ്. നിങ്ങൾക്കിടയിലെ കവികൾ കവിതകൾ പാടി നടക്കുന്നത് സമ്മാനങ്ങൾക്കു വേണ്ടിയാണ്. ഞാനാകട്ടെ എന്റെ പ്രവർത്തനത്തിന് യാതൊരു പ്രതിഫലവും നിങ്ങളോടാവശ്യപ്പെടുന്നില്ല.

وَكَذَّبَ ٱلَّذِينَ مِن قَبْلِهِمْ وَمَا بَلَغُوا۟ مِعْشَارَ مَآ ءَاتَيْنَٰهُمْ فَكَذَّبُوا۟ رُسُلِى ۖ فَكَيْفَ كَانَ نَكِيرِ ﴿٤٥﴾

45. ഇവർക്കു മുമ്പ് പല സമുദായങ്ങൾ ദൈവദൂതനെയും ദൈവിക സൂക്തങ്ങളെയും തള്ളിക്കളഞ്ഞിരുന്നു. നാം അവർക്ക് നൽകിയ വിഭവശേഷിയുടെ പത്തിലൊന്നു പോലും ഇവർ പ്രാപിച്ചിട്ടില്ല. ആ വൻ സമുദായങ്ങൾ എന്റെ ദൂതന്മാരെ തള്ളിപ്പറഞ്ഞു. തൽഫലമായി അവർക്ക് വന്നുഭവിച്ച ശിക്ഷ എവ്വിധമുള്ളതായിരുന്നുവെന്നാലോചിക്കുക!

**45**

وَكَذَّبَ الَّذِينَ مِن قَبْلِهِمْ = ഇവർക്കു മുമ്പുള്ളവർ (ഉള്ള പല സമുദായങ്ങൾ ദൈവദൂതനെയും ദൈവിക സൂക്തങ്ങളെയും) തള്ളിക്കളഞ്ഞിരുന്നു

وَمَا بَلَغُوا = ഇവർ പ്രാപിച്ചിട്ടില്ല مِعْشَارَ = പത്തിലൊന്ന് (പോലും)

مَا آتَيْنَاهُمْ = നാം അവർക്ക് നൽകിയതിന്റെ (നൽകിയ വിഭവശേഷിയുടെ)

فَكَذَّبُوا = അവർ (ആ വൻ സമുദായങ്ങൾ) തള്ളിപ്പറഞ്ഞു رُسُلِي = എന്റെ ദൂതന്മാരെ

فَكَيْفَ كَانَ = എങ്ങനെ (എവ്വിധം)ആയിരുന്നു(വെന്നാലോചിക്കുക)

نَكِيرِ = (തൽഫലമായി അവർക്കു വന്നു ഭവിച്ച) ശിക്ഷ

സമ്പത്തിന്റെയും സന്തതികളുടെയും സമൃദ്ധിയിലും പ്രതാപത്തിലും അഹങ്കരിച്ച് ദൈവിക സന്ദേശം പുഛത്തോടെ തള്ളിക്കളയുന്ന ഖുറൈശികളെ താക്കീതു ചെയ്യുകയാണ്: നിങ്ങൾ വ്യാപാരത്തിലൂടെ ധാരാളം ധനം സമ്പാദിച്ചിട്ടുണ്ട്. വ്യാപാര യാത്രകളിലൂടെ ലോക പരിചയം നേടിയിട്ടുമുണ്ട്. മക്കളും പേരക്കിടാങ്ങളുമായി കുറേ ആൾബലവുമുണ്ട്. കഅ്ബയുടെ പരിപാലകരെന്ന നിലയിൽ അറബികൾ നിങ്ങളെ ആദരിക്കുന്നുമുണ്ട്. അതുകൊണ്ടൊക്കെ നിങ്ങൾ ഈ ലോകത്ത് അതിവികസിതരും നാശത്തിനതീതരും അജയ്യരുമാണെന്ന് കരുതേണ്ട. വാസ്ത

വത്തിൽ പരിമിതമായ സമ്പത്തും സന്തതികളും മാത്രമുള്ള ചെറിയൊരു സമൂഹമാണ് നിങ്ങൾ. ഏറെയൊന്നും നാഗരിക വികാസം പ്രാപിച്ചിട്ടില്ലാത്തവർ. നിങ്ങളേക്കാൾ എത്രയോ ഏറെ വിത്തപ്രതാപവും ജനസംഖ്യയും നാഗരിക വികാസവുമുള്ള നിരവധി സമൂഹങ്ങൾ ലോകത്തുണ്ട്. അവയൊക്കെ വികസിച്ചതിന്റെ പത്തു ശതമാനം പോലും നിങ്ങൾക്ക് വികസിക്കാനായിട്ടില്ല. നിങ്ങൾക്ക് സുപരിചിതമായ റോമൻ- പേർഷ്യൻ- അബ്സീനിയൻ ജനതകളുമായി എന്തു താരതമ്യമാണ് നിങ്ങൾക്കുള്ളത്! ഇത്തരം ഒട്ടേറെ സമൂഹങ്ങൾ പണ്ടും കഴിഞ്ഞുപോയിട്ടുണ്ട്. എത്ര വികസിച്ച സമൂഹമായാലും ദൈവിക സന്ദേശവുമായി എത്തുന്ന പ്രവാചകന്മാരെ തള്ളിക്കളഞ്ഞ് സ്വയം സൃഷ്ടിച്ച കൃത്രിമ ദൈവങ്ങളെ ആരാധിക്കുകയും അവയുടെ പേരിൽ ആവിഷ്കൃതമാകുന്ന അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ശാഠ്യബുദ്ധിയോടെ മുന്നേറുകയും ചെയ്യുന്നവരെ അല്ലാഹു അതികഠിനമായി ശിക്ഷിക്കും. ആദ്-സമൂദ് ജനതകളും അവരെപ്പോലുള്ള മററനേകം നശീകൃത സമൂഹങ്ങളും നിങ്ങളേക്കാൾ ബഹുകേമന്മാരായിരുന്നില്ലേ? പക്ഷേ ധർമോപദേശവുമായെത്തിയ ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞ് അസത്യത്തിലും അധർമത്തിലും തന്നെ തുടർന്നതിനാൽ അല്ലാഹു അവരെ ഈ ലോകത്തുനിന്ന് തുടച്ചുനീക്കി. നോക്കുക, അല്ലാഹുവിന്റെ ശിക്ഷ എത്ര കൊടൂരമായിരുന്നു! പ്രവാചകസന്ദേശം തള്ളിക്കളഞ്ഞ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിക്രമങ്ങളും തുടരുകയാണെങ്കിൽ നിങ്ങളുടെയും പരിണതി അതുതന്നെയായിരിക്കുമെന്ന് ഓർത്തുകൊള്ളുക.

عَشر -ൽനിന്നുള്ളതാണ് മൂലത്തിലെ معشار. ഇത് اربع -നെ مِرباع (നാലിലൊന്ന്) ആകുന്നത് പോലെയാണ്. പത്തിലൊന്നാണ് معشار. പത്തിലൊന്ന് عُشر ആണെന്നും معشار പത്തിലൊന്നിന്റെ പത്തിലൊന്ന് (നൂറിലൊന്ന്) ആണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇവിടെ معشارന് രണ്ടർഥവും സംഗതമാകുന്നു. നിരാകരണവും നിഷേധവുമാണ് نكير. ശിക്ഷയെന്ന് പ്രയോഗാർഥം. ●

---

۞ قُلۡ إِنَّمَآ أَعِظُكُم بِوَٰحِدَةٍۖ أَن تَقُومُواْ لِلَّهِ مَثۡنَىٰ وَفُرَٰدَىٰ ثُمَّ تَتَفَكَّرُواْۚ مَا بِصَاحِبِكُم مِّن جِنَّةٍۚ إِنۡ هُوَ إِلَّا نَذِيرٞ لَّكُم بَيۡنَ يَدَيۡ عَذَابٖ شَدِيدٖ ﴿٤٦﴾

46. പ്രവാചകൻ അവരോട് പറയുക: ഒരു കാര്യം മാത്രം ഞാൻ നിങ്ങളോട് ഉപദേശിക്കുന്നു; നിങ്ങൾ ഈ രണ്ടുപേർ ചേർന്നും ഒറ്റക്കൊറ്റക്കായും അല്ലാഹുവിനു വേണ്ടി നിലകൊള്ളുക. എന്നിട്ടു ചിന്തിച്ചു നോക്കുക. നിങ്ങളുടെ സഹവർത്തിക്ക് ഒരു ഭ്രാന്തുമില്ല. അദ്ദേഹം ഒരു കൊടും പീഡനം വന്നുഭവിക്കും മുമ്പ് നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുക തന്നെയാകുന്നു.

**46**

قُلْ = (പ്രവാചകൻ അവരോട്) പറയുക
إِنَّمَا أَعِظُكُم بِوَاحِدَةٍ = ഒരു കാര്യം മാത്രം ഞാൻ നിങ്ങളോട് ഉപദേശിക്കുന്നു
أَن تَقُومُوا لِلَّهِ = നിങ്ങൾ അല്ലാഹുവിനു വേണ്ടി നിലകൊള്ളൽ (കൊള്ളുക)
مَثْنَىٰ = ഈ രണ്ട് പേരായി وَفُرَادَىٰ = ഒറ്റക്കൊറ്റക്കായും ثُمَّ تَتَفَكَّرُوا = എന്നിട്ട് ചിന്തിച്ചു നോക്കുക
مَا بِصَاحِبِكُم = നിങ്ങളുടെ സഖാവിന് (സഹവർത്തിക്ക്) مِّن جِنَّةٍ = ഒരു ഭ്രാന്തും ഇല്ല (എന്തു ഭ്രാന്താണുള്ളത്)
إِنْ هُوَ = അദ്ദേഹം അല്ല إِلَّا نَذِيرٌ لَّكُ = നിങ്ങൾക്ക് മുന്നറിയിപ്പുകാരനല്ലാതെ (മുന്നറിയിപ്പ് നൽകുക തന്നെയാകുന്നു)
بَيْنَ يَدَيْ = (വന്നുഭവിക്കും) മുമ്പ് عَذَابٍ شَدِيدٍ = കൊടും പീഡനത്തിന്റെ

പ്രവാചകനെയും ദൈവിക സൂക്തങ്ങളെയും ദുർന്യായങ്ങളുന്നയിച്ച് നിഷേധിക്കുന്നവരെ ഗുണകാംക്ഷയോടെ ഉപദേശിക്കാനും ഗൗരവപൂർവം താക്കീതു ചെയ്യാനും പ്രവാചകനോടാവശ്യപ്പെട്ടുകൊണ്ട് സൂറ സമാപിക്കുകയാണ്. ദോഷങ്ങളിൽനിന്ന് മാറിനിൽക്കാനും നന്മകളിൽ ഏർപ്പെടാനും ഉത്തേജിപ്പിക്കുന്ന സംസാരമാണ് وعْظ . ധർമോപദേശം, മതപ്രസംഗം തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിച്ചുവരുന്നു. بواحدة (ഒന്നുകൊണ്ട്) എന്നതിന്റെ വിവക്ഷ ഒരു കാര്യം ഉപദേശിക്കുന്നുവെന്നാണ്. قيام - ൽനിന്നുള്ള വർത്തമാന ക്രിയാ വചനമാണ് تقوم . ഏറ്റെടുക്കുക, നിർവഹിക്കാൻ തയാറാവുക, നിർവഹണത്തിലേർപ്പെടുക തുടങ്ങിയ അർഥങ്ങളിലും قيام ഉപയോഗിക്കുന്നു. أَن تَقُومُوا لِلَّهِ مَثْنَىٰ وَفُرَادَىٰ എന്നാൽ അല്ലാഹുവിനു വേണ്ടി, അഥവാ അവന്റെ പ്രീതി കാംക്ഷിച്ചും ശിക്ഷ ഭയന്നും ഒരു കാര്യം ഒറ്റക്കും ഇരട്ടയായും കൂട്ടായും നിർവഹിക്കാൻ സന്നദ്ധരാകുവിൻ എന്നർഥം. സഹവാസിയും സഹചാരിയും സഖാവുമാണ് صاحب. ഒരു സംഗതിയുമായി നിരന്തരം ബന്ധപ്പെടുന്നവരെല്ലാം അതിന്റെ صاحب ആകുന്നു. 4:36-ൽ സഹപ്രവർത്തകരെയും അടുത്തിടപഴകുന്നവരെയും وَالصَّاحِبِ بِالْجَنبِ എന്നു പറയുന്നുണ്ട്. صاحب البيت ഗൃഹനാഥനാണ്. വൈജ്ഞാനിക പ്രവർത്തനങ്ങളിലേർപ്പെട്ടയാളെ صاحب العلم എന്നു പറയും. ഇതിന്റെ ബഹുവചനമായ أصحاب വിഭാഗം, കക്ഷി, അവകാശികൾ തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കുന്നു. സ്വർഗാവകാശികളെ أصحاب الجنة എന്നും നരകാവകാശികളെ أصحاب النّار എന്നും ഖുർആൻ പലയിടത്തും പരാമർശിക്കുന്നുണ്ട്. صحب എന്നും صاحب-ന് ബഹുവചനമുണ്ട്. പ്രവാചക ശിഷ്യന്മാ

രെ പ്രവാചകന്റെ സഹചാരികൾ എന്ന അർഥത്തിൽ صحبة എന്നു പറയാറുണ്ട്. صاحب-ന്റെ മറ്റൊരു രൂപമാണ് صحابي . പ്രവാചകനുമായി സഹവസിച്ച ശിഷ്യൻ എന്ന അർഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്. ഇവിടെ صاحبكم എന്നു പറഞ്ഞിരിക്കുന്നത് നിങ്ങളുമായി നിരന്തരം സഹവസിച്ചു വരുന്ന ആൾ എന്ന അർഥത്തിലാണ്.

പ്രവാചകൻ പ്രതിയോഗികളോട് പറയുന്നത് ഇതാണ്: പ്രിയ സഖാക്കളേ! ഭ്രാന്തൻ, ആഭിചാരം ബാധിച്ചവൻ, ദൈവങ്ങളുടെ ശാപമേറ്റവൻ, സമ്പത്തും സ്ഥാനമാനങ്ങളും മോഹിച്ച് ഇറങ്ങിപ്പുറപ്പെട്ടവൻ എന്നിങ്ങനെ പലവിധ ആക്ഷേപങ്ങളുന്നയിച്ച് എന്നെയും എന്റെ സന്ദേശത്തെയും രൂക്ഷമായി തള്ളിപ്പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ നിങ്ങൾ. ഞാൻ തികഞ്ഞ ആത്മാർഥതയോടെ, ഗുണകാംക്ഷയോടെ ഒരൊറ്റ കാര്യം മാത്രം നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങൾ ആദ്യം അല്ലാഹുവിനെ ഓർത്ത് അവന്റെ പ്രീതി ആശിച്ചും അപ്രീതി ആശങ്കിച്ചും നിലകൊള്ളാൻ തയാറാവുക. എന്നിട്ട് മുൻവിധികളും പക്ഷപാതിത്വവും മാറ്റിവെച്ച് ചിന്തിച്ചുനോക്കുക. ആദ്യം ഈ രണ്ടു പേർ ചേർന്ന് ചർച്ച ചെയ്തും അന്വേഷണം നടത്തിയും വിവരമുള്ളവരോടാരാഞ്ഞും ചിന്തിച്ചുനോക്കണം. ഒറ്റക്കൊരാൾ ചിന്തിക്കുന്നതുപോലെയല്ല രണ്ടു പേർ ചേർന്ന് ചിന്തിക്കുന്നത്. ഒരാളുടെ ചിന്ത എത്താത്ത പലയിടങ്ങളിലും മറ്റേയാളുടെ ചിന്ത എത്താം. ഒരാളുടെ ചിന്ത അയാളറിയാതെ തെറ്റായ ദിശയിലേക്ക് നീങ്ങാം. ചിന്തകൾ മറ്റൊരാളുമായി പങ്കുവെക്കുമ്പോഴാണ് ഈ കുറവുകൾ തിരിച്ചറിയപ്പെടുക. അങ്ങനെ രണ്ടു പേരുടെയും വിചാരസംക്രമണത്തിലൂടെ കൂടുതൽ കുറ്റമറ്റതും പൂർണമായതുമായ ആശയങ്ങൾ വെളിപ്പെടുന്നു. രണ്ടു പേർ തമ്മിൽ മാത്രം പങ്കുവെച്ചാൽ മതി ചിന്തകൾ എന്ന അർഥത്തിലല്ല ഇവിടെ ഈ രണ്ട് എന്നു പറഞ്ഞത്. ചിന്തകൾ പങ്കുവെക്കാവുന്ന ഏറ്റം ചുരുങ്ങിയ വൃത്തമാണ് രണ്ടു പേർ. ഒരു കാര്യം ഒരു സമയം എത്രയധികം ആളുകൾ ആലോചിക്കുന്നുവോ അത്രയും നല്ല ഫലം ലഭിക്കും. ആലോചകർ മുൻവിധികളും പക്ഷപാതിത്വങ്ങളുമില്ലാതെ സത്യവും ധർമവും കണ്ടെത്തണമെന്ന നിഷ്കളങ്കമായ ഉദ്ദേശ്യത്തോടെ ദൈവത്തെയോർത്ത് അതിനു തയാറായവരായിരിക്കണം. ഓരോരുത്തരും ഒറ്റക്കൊറ്റക്ക് ചിന്തിച്ച് തീരുമാനമെടുത്ത ശേഷമല്ല കൂട്ടായി ചിന്തിക്കേണ്ടത്. അങ്ങനെയായാൽ വ്യക്തിപരമായി എത്തിയ തീരുമാനത്തോട്, അല്ലെങ്കിൽ നിഗമനത്തോട് നേരിയ തോതിലെങ്കിലും പക്ഷപാതിത്വമുണ്ടാവുകയും അത് സ്ഥാപിക്കാൻ കൂടുതൽ ഉത്സുകനാവുകയും ചെയ്യുന്നു. അത് രണ്ടു പേരും സാക്ഷാൽ സത്യത്തിൽനിന്ന് വഴുതിപ്പോകാൻ കാരണമാകും. രണ്ട് പേർക്കും ഒരു തീരുമാനം ഉറപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ ഓരോരുത്തരും ഒറ്റക്കൊറ്റക്ക് വിചിന്തനം ചെയ്തു നോക്കണം. കൂട്ടുകാരുമായി ചർച്ച ചെയ്ത് നിഗമനത്തിലെത്തിയാലും ആ നിഗമനം ശരി തന്നെയോ എന്ന് തനിച്ചും ചിന്തിച്ചു നോക്കണം. ദൈവവിചാരമുള്ള കൂട്ടുകാരെ കിട്ടിയില്ലെങ്കിലും തനിച്ചു ചിന്തിക്കണം. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ഈ ആലോചനയുടെ മുന്നുപാധിയാണ് അല്ലാഹുവിനു വേണ്ടി നിലകൊള്ളുക എന്നത്. മുൻവിധികളോടെയും പക്ഷപാതിത്വത്തോടെയും സ്വാർഥ ലാഭം ലക്ഷ്യമാക്കിയും ഒറ്റക്കാലോചിച്ചാലും കൂട്ടായി ആലോചിച്ചാലും സത്യത്തിലും ധർമത്തിലും എത്തിച്ചേരാനാവില്ല.

അങ്ങനെ പക്ഷപാതവും മുൻവിധിയുമില്ലാതെ ദൈവത്തെയോർത്ത് ചിന്തിക്കുന്നവർക്ക് ബോധ്യമാകും, പ്രവാചകത്വം വാദിക്കുന്ന മുഹമ്മദ് നബി(സ)ക്ക് ഒരു ഭ്രാന്തുമില്ല എന്ന്. مَا بِصَاحِبِكُم مِّن جِنَّةٍ യിലെ مَا -യെ ചോദ്യസൂചകമായി എടുക്കുമ്പോൾ അത് ചിന്തിക്കേണ്ട വിഷയം നിർദേശിക്കുകയാണ്. നിങ്ങളുടെ സാഹിബിന് എന്തു ഭ്രാന്താണുള്ളതെന്ന് എന്നർഥം. مَا -യെ നിഷേധസൂചകമായി എടുത്താൽ നിഷ്പക്ഷമായ ചിന്തയുടെ ഫലം പ്രഖ്യാപിക്കുകയാണ്. 'നിങ്ങളുടെ സാഹിബിന് ഒരു ഭ്രാന്തുമില്ലെന്നും അദ്ദേഹം നിങ്ങൾക്ക് വരാനിരിക്കുന്ന മഹാ ശിക്ഷയെക്കുറിച്ച് അതു വന്നെത്തുന്നതിനു മുമ്പ് മുന്നറിയിപ്പ് നൽകുന്നവൻ തന്നെയാണെന്നും ബോധ്യമാകും' എന്ന്. ഈ ആശയമാണ് കൂടുതൽ സന്ദർഭോചിതം. തുടർന്നുള്ള സൂക്തങ്ങൾ പ്രവാചകന് ഭ്രാന്തുണ്ടോ എന്നതിനപ്പുറം പ്രവാചകത്വത്തിന്റെയും ദീനിന്റെയും മറ്റു പല യാഥാർഥ്യങ്ങളെക്കുറിച്ചും സംസാരിക്കാൻ നബി(സ)യോട് കൽപിക്കുന്നുണ്ട്. ആ വിഷയങ്ങളെക്കുറിച്ചും നിഷ്പക്ഷമായി ചിന്തിച്ചാൽ എത്തിച്ചേരുന്ന സത്യങ്ങളാണതിൽ പ്രസ്താവിച്ചിരിക്കുന്നത്. പ്രവാചകന്റെ മാനസികാരോഗ്യത്തിലും സത്യസന്ധതയിലും നീതിനിഷ്ഠയിലുമുള്ള വിശ്വാസം സത്യജ്ഞാനത്തിലേക്കുള്ള പ്രഥമ പടിയാണ്. അദ്ദേഹത്തിലൂടെയാണ് ആളുകൾ വേദത്തിലേക്കും ദീനീവിശ്വാസത്തിലേക്കും പ്രവേശിക്കുന്നത്. ദീനുൽ ഇസ്‌ലാമിന്റെ വൈരികൾ അന്നും ഇന്നും ആദ്യം കടന്നാക്രമിക്കുന്നത് പ്രവാചകനെ, അദ്ദേഹത്തിന്റെ മാനസികാരോഗ്യത്തെ, ധർമബോധത്തെ, നീതിനിഷ്ഠയെ ഒക്കെയാണ്. പ്രവാചകൻ മനോരോഗിയാണെന്നോ വ്യാജനാണെന്നോ സ്വാർഥമതിയാണെന്നോ ആരോപിക്കുന്നവർക്ക് അദ്ദേഹം അവതരിപ്പിക്കുന്ന വേദത്തെയോ ധർമശാസ്ത്രത്തെയോ കുറിച്ച് ചിന്തിക്കേണ്ട കാര്യമേയില്ലല്ലോ. അവരുടെ ദൃഷ്ടിയിൽ ഭ്രാന്തനും സ്വാർഥമതിയുമായ മുഹമ്മദ് (സ) ജനങ്ങളെ പറ്റിക്കാൻ കണ്ടുപിടിച്ച നമ്പർ വൺ ഉഡായിപ്പാണ് ഖുർആൻ. അതുകൊണ്ടാണ് ആദ്യമായി മുഹമ്മദ് നബിയുടെ യാഥാർഥ്യത്തെക്കുറിച്ച് നിഷ്പക്ഷമായും അഗാധമായും ചിന്തിക്കാൻ ഉപദേശിച്ചത്.

ഈ സൂക്തത്തിലെ صاحبكم സവിശേഷമായ ആശയം ഉൾക്കൊള്ളുന്നു. പദത്തിന്റെ ഭാഷാർഥം മുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ صاحبكم കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് മക്കയിൽ നിങ്ങൾക്കിടയിൽ വസിക്കുകയും നിങ്ങളോടിടപഴകുകയും സത്യസന്ധനെന്നും ധർമനിഷ്ഠനെന്നും നിങ്ങൾ അനുഭവിച്ചറിഞ്ഞ് ആദരിക്കുകയും ചെയ്തിട്ടുള്ള വ്യക്തി എന്നാണ്. പരസ്പര സഹവർത്തനത്തിൽ സ്നേഹാദരവിന്റെ അംശവും കൂടി ചേരുമ്പോഴാണ് ഒരാൾ മറ്റേയാളുടെ സാഹിബ് ആകുന്നത്. പ്രവാചകൻ ബാല്യം മുതൽ പ്രവാചകത്വലബ്ധിവരെ ഖുറൈശികൾക്ക് ആദരണീയനായ സത്യസന്ധനും (അൽ അമീൻ) നീതിനിഷ്ഠനും എല്ലാ കക്ഷികൾക്കും സ്വീകാര്യനായ മാധ്യസ്ഥ വിശാരദനുമായിരുന്നു. മദ്യപാനം, ചൂതാട്ടം, പരസ്ത്രീഗമനം തുടങ്ങി അറബികൾക്കിടയിൽ ധാരാളമായി നടമാടിയിരുന്ന തിന്മകളിൽനിന്നെല്ലാം അദ്ദേഹം അകലം പാലിച്ചു. അമാന്യമായ സംസാരമോ പെരുമാറ്റമോ ആരും അദ്ദേഹത്തിൽനിന്ന് നേരിട്ടിട്ടില്ല. മക്കയിലെ പ്രമുഖ വർത്തകയായിരുന്ന ഖദീജ ബിൻത് ഖുവൈലിദ് അവരുടെ കച്ചവടകാര്യങ്ങൾ നോക്കി നടത്താൻ ഏൽപിച്ചത് മുഹമ്മ

ദി(സ)നെയായിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തതയിലും സ്വഭാവ മഹിമയിലും ആകൃഷ്ടയായ ഖദീജ അദ്ദേഹത്തെ ഭർത്താവായി സ്വീകരിക്കുകയായിരുന്നു. ഇതെല്ലാം ഖുറൈശികൾക്ക് നന്നായറിവുള്ളതാണ്. 10:16-ൽ അക്കാര്യം ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നു: فَقَدْ لَبِثْتُ فِيكُمْ عُمُرًا مِّن قَبْلِهِۦٓ ۚ أَفَلَا تَعْقِلُونَ (ഞാൻ ഈ ദൗത്യത്തിന് മുമ്പ് എന്റെ ഏറെ ആയുസ്സ് നിങ്ങളിൽ വസിച്ചിട്ടുള്ളതാണല്ലോ. നിങ്ങൾ ബുദ്ധിപൂർവം ആലോചിക്കാത്തതെന്ത്?) നാൽപതു വയസ്സുവരെ തികഞ്ഞ സത്യസന്ധനും നീതിമാനും ധർമിഷ്ഠനും സൽസ്വഭാവിയുമായ ഒരാൾ പെട്ടെന്നൊരു നാൾ താൻ ദൈവദൂതനാണെന്ന് കള്ളം പറഞ്ഞുകൊണ്ട് ദൈവത്തിന്റെ പേരിൽ കുറേ വചനങ്ങൾ കെട്ടിച്ചമച്ച് രംഗത്തുവന്നു എന്നു വിചാരിക്കുന്നത് ബുദ്ധിപരമാണെന്ന് തോന്നുന്നുണ്ടോ എന്നാണ് ചോദ്യം. അദ്ദേഹത്തിന്റെ വായിൽനിന്നുതിരുന്നത് ഭ്രാന്തൻജൽപനങ്ങളല്ലെന്നും മറിച്ച് വരാനിരിക്കുന്ന മഹാ ദുരന്തത്തെക്കുറിച്ചും അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങളെക്കുറിച്ചും മുന്നറിയിപ്പു നൽകുന്ന ധർമസൂക്തമാണെന്നുമാണ് നിങ്ങളുടെ മനസ്സാക്ഷി വിളിച്ചു പറയുക. ●

---

قُلْ مَا سَأَلْتُكُم مِّنْ أَجْرٍ فَهُوَ لَكُمْ ۖ إِنْ أَجْرِيَ إِلَّا عَلَى ٱللَّهِ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ شَهِيدٌ ﴿٤٧﴾

47. നീ അവരെ ഉണർത്തുക: ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിച്ചിട്ടില്ലല്ലോ. വല്ല പ്രതിഫലവും തേടുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ നന്മയാകുന്നു. എനിക്കുള്ള പ്രതിഫലമോ, അല്ലാഹുവിന്റെ ഉത്തരവാദിത്തത്തിൽ മാത്രമാകുന്നു. അവൻ സകല സംഗതികൾക്കും സാക്ഷിയല്ലോ.

**47**

قُلْ = പറയുക (നീ അവരെ ഉണർത്തുക) مَا سَأَلْتُكُم = ഞാൻ നിങ്ങളോട് ചോദിച്ചിട്ടില്ലല്ലോ
مِّنْ أَجْرٍ = യാതൊരു പ്രതിഫലവും فَهُوَ = (വല്ല പ്രതിഫലവും ഞാൻ തേടുന്നുവെങ്കിൽ) അത്
لَكُمْ = നിങ്ങൾക്കുള്ളത് (നിങ്ങളുടെ നന്മ മാത്രം) ആകുന്നു إِنْ أَجْرِيَ = എന്റെ പ്രതിഫലം (ലമോ) അല്ല
إِلَّا عَلَى اللَّهِ = അല്ലാഹുവിന്റെ മേൽ അല്ലാതെ (ഉത്തരവാദിത്തത്തിൽ മാത്രമാകുന്നു)
وَهُوَ عَلَىٰ كُلِّ شَيْءٍ شَهِيدٌ = അവൻ സകല സംഗതികൾക്കും സാക്ഷിയല്ലോ

പുരോഹിതന്മാർ വെളിച്ചപ്പെടുന്നതും ജ്യോത്സ്യന്മാർ പ്രവചനങ്ങൾ നടത്തുന്നതും ഭൗതിക ലാഭങ്ങൾക്കു വേണ്ടിയാണ്. സ്ഥാനമാനങ്ങൾ മോഹിക്കുന്നവർ രംഗത്തു വരിക ബഹുജനങ്ങളെ വശത്താക്കാൻ പറ്റിയ മുദ്രാവാക്യങ്ങളുമായിട്ടാണ്. നിങ്ങൾക്കിടയിലെ കവികൾ കവിതകൾ പാടി നടക്കുന്നത് സമ്മാനങ്ങൾക്കു വേണ്ടിയാണ്. ഞാനാകട്ടെ എന്റെ പ്രവർത്തനത്തിന് യാതൊരു പ്രതിഫലവും നിങ്ങളോടാവശ്യപ്പെടുന്നില്ല. ഞാൻ ഉയർത്തുന്നത് ബഹുജനങ്ങളിൽ പെട്ടെന്ന് സ്വാധീനം നേടാനുതകുന്ന ജനപ്രിയ മുദ്രാവാക്യങ്ങളുമല്ല. എന്റെ ആദർശത്തെ സ്വന്തം കുടുംബത്തിൽ പോലും ഏറെപ്പേർ എതിർക്കുന്നു. ബഹുജനങ്ങൾ എന്നെ ആക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യുകയാണ്. എന്റെ പ്രബോധനം സശ്രദ്ധം ശ്രവിച്ച് ബുദ്ധിയുപയോഗിച്ച് ചിന്തിക്കുന്ന സത്യാന്വേഷികൾ മാത്രമേ എന്നെ അനുഗമിക്കുന്നുള്ളൂ. അവരൊന്നും വൻകിട മുതലാളിമാരോ അധികാരസ്ഥരോ അല്ല. പലരും പാവങ്ങളും പാർശ്വവത്കൃതരുമാണ്. ഞാനീ പ്രവർത്തനത്തിനു വല്ല ഫലവും തേടുന്നുണ്ടെങ്കിൽ അത് നിങ്ങൾക്കുള്ളതാണ്; നിങ്ങളുടെ സംസ്കരണവും ഇഹപര സമാധാനവുമാണ്. ഏകനായ അല്ലാഹുവിൽ വിശ്വസിക്കാനുപദേശിക്കുന്നതും പരലോകത്തെക്കുറിച്ച് താക്കീതു ചെയ്യുന്നതും സൽക്കർമങ്ങളനുഷ്ഠിക്കണമെന്നും പാവങ്ങൾക്ക് അന്നം നൽകണമെന്നും അനാഥരെ സംരക്ഷിക്കണമെന്നും ഒക്കെ ഉദ്ബോധിപ്പിക്കുകയും ചെയ്തുകൊണ്ട് എനിക്കെന്തു ഭൗതിക നേട്ടമാണുള്ളത്. എന്റെ ഈ പ്രവർത്തനത്തിന് പ്രതിഫലം തരേണ്ടത് നിങ്ങളാരുമല്ല, അല്ലാഹുവാണ്. ഞാനെന്റെ ദൗത്യം യഥാവിധി നിറവേറ്റിയിട്ടുണ്ടെങ്കിൽ അതവൻ തരിക തന്നെ ചെയ്യും. എന്റെ ദൗത്യനിർവഹണത്തിനും അതിനോടുള്ള നിങ്ങളുടെ പ്രതികരണത്തിനുമെല്ലാം അല്ലാഹു സാക്ഷിയാകുന്നു. ഈ ആശയം ഖുർആൻ പലയിടത്തും പ്രസ്താവിക്കുന്നുണ്ട്. 38: 86,87-ൽ പറയുന്നു:

قُلْ مَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ وَمَا أَنَا مِنَ الْمُتَكَلِّفِينَ ﴿٨٦﴾ إِنْ هُوَ إِلَّا ذِكْرٌ لِّلْعَالَمِينَ ﴿٨٧﴾

(അവരോട് പറയുക: ഈ ദൗത്യത്തിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഞാൻ പുറംപൂച്ചുകാരനുമല്ല. സർവലോകർക്കുമുള്ള ഉദ്ബോധനം തന്നെയാണിത്).

قُلْ مَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ إِلَّا مَن شَاءَ أَن يَتَّخِذَ إِلَىٰ رَبِّهِ سَبِيلًا

(അവരോട് പറയുക: ഞാൻ ഈ ദൗത്യത്തിന് നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. ഇഷ്ടമുള്ളവൻ തന്റെ വിധാതാവിങ്കലേക്കുള്ള മാർഗം സ്വീകരിക്കുക എന്നതല്ലാതെ- 25:57). ●



# ഉമ്മീ ഹലീമാ ഞാനെത്ര നിസ്സാര!

**അനുഭവം / ജാസ്മിൻ നൗഫൽ**

പ്രത്യേകം തയാറാക്കിയ മുറിയിലേക്ക്, നാലു ദിവസത്തെ പനിയുടെയും ബി.പി, ഷുഗർ വർധിച്ചതിന്റെയും ക്ഷീണവും പ്രായാധിക്യത്തിന്റെ അവശതയും കോവിഡ് പരിശോധനാ ഫലം പോസിറ്റീവ് ആയതിന്റെ തളർച്ചയുമായാണ് ആ രോഗി എത്തിച്ചേർന്നത്. സർവായുധസജ്ജയായി (പി.പി.ഇ) ഞാൻ അരികിലെത്തി. ബെഡിന്റെ സൈഡ് റെയിൽ ഇട്ടു ലോക്ക് ചെയ്തുകൊണ്ട് പേരും രോഗവിവരങ്ങളും അന്വേഷിച്ചറിഞ്ഞു, ഹലീമ എന്നാണ് പേര്. കേട്ടപ്പോൾ നബിയുടെ പോറ്റുമ്മയാണ് ഓർമയിലെത്തിയത്.

മാസ്ക് കൊണ്ട് മുഖം മറച്ചിരുന്നെങ്കിലും എന്നോടുള്ള സംസാരത്തിൽനിന്ന് സാധാരണ പോസിറ്റീവ് രോഗികളിൽ കാണാറുള്ള വിഷാദമോ ഭയമോ ഒന്നും അവരിൽ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല കണ്ണുകൾ ശാന്തവും പ്രതീക്ഷ നിറഞ്ഞതുമായിരുന്നു.

ചോദിച്ചതിനെല്ലാം മറുപടി നൽകിയതോടൊപ്പം അല്ലാഹുവിന് സ്തുതി എന്ന് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ചെയ്തുകൊടുക്കുന്ന ചെറിയ കാര്യങ്ങൾക്കു പോലും ബിൻതീ (മകളേ) എന്ന് സംബോധന ചെയ്തുകൊണ്ട്, അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടേയെന്ന് പ്രാർഥിച്ചുകൊണ്ടേയിരുന്നു. രക്തപരിശോധനക്ക് വേണ്ട സാമ്പിളുകൾ എടുത്തപ്പോഴും ബി.പിയും പനിയും നോക്കിയപ്പോഴും ഇ.സി.ജി എടുത്തപ്പോഴുമെല്ലാം എനിക്കായി പ്രാർഥനകൾ ചൊരിഞ്ഞുകൊണ്ടേയിരുന്നു!

പിന്നീട് ഭക്ഷണം എത്തിച്ചുകൊടുത്തപ്പോൾ നന്ദിയും പ്രാർഥനയും (മോളേ, അല്ലാഹു അനുഗ്രഹിക്കട്ടെ) ചൊല്ലി



യതോടൊപ്പം ബാത്ത് റൂമിൽ പോകണം, ബെഡ് റെയിൽ മാറ്റിത്തരണം എന്നും പറഞ്ഞു. വീൽ ചെയറിൽ ബാത്ത് റൂമിലേക്ക് കൊണ്ടു പോയപ്പോൾ സ്വയം നടന്നുപോകാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ ക്ഷീണം കൊണ്ട് വീണുപോയേക്കുമോ എന്ന് തോന്നിയതിനാൽ വീൽ ചെയറിൽ ഇരുത്തി ആവശ്യം നിവർത്തിച്ചു തിരിച്ചു കൊണ്ടു വന്നു. ഈ സമയങ്ങളിലെല്ലാം എത്രവട്ടം എനിക്കായി പ്രാർഥനകൾ നേർന്നുവെന്ന് അറിയില്ല.

കോവിഡിന്റെ ഡോക്ടേഴ്സ് ടീം വന്നു പുറത്തുനിന്ന് വിവരങ്ങൾ ശേഖരിച്ചു കമ്പ്യൂട്ടറിൽ അഡ്മിഷന് ആവശ്യമായ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് കടന്നുപോയി. അഡ്മിഷനു വേണ്ട കൺസെന്റ് ഒപ്പിടീക്കാൻ ചെന്നപ്പോൾ കണ്ണുകൾ അടച്ചു കിടക്കുകയായിരുന്നു. പേര് എഴുതാൻ അറിയില്ലെന്ന് എന്നോട് പറഞ്ഞു. ഒപ്പിടേണ്ട ഭാഗം കാണിച്ചു കൊടുത്തപ്പോൾ പേന വാങ്ങി ഒന്നു കോറി വരച്ചു എന്നെ നോക്കി ചിരിച്ചു. കുത്തിവരച്ചതു പോലെയുള്ള ആ ഒപ്പ് നോക്കി ഞാൻ സംശയത്തോടെ ഇതു തന്നെയാണോ ഉമ്മീ നിങ്ങളുടെ ഒപ്പ് എന്ന് ചോദിച്ചപ്പോൾ നിഷ്കളങ്കമായി ചിരിച്ചുകൊണ്ട് എനിക്ക് എഴുതാനും വായിക്കാനും അറിയില്ല മോളേ എന്ന് മറുപടി. കുറേ നേരത്തെ അന്വേഷണത്തിനു ശേഷം ഒരു സ്റ്റാമ്പ് പാഡ് തപ്പിയെടുത്തു വിരലടയാളം രേഖപ്പെടുത്തിയപ്പോഴും എന്നെ നോക്കി 'മോളേ, അല്ലാഹു അനുഗ്രഹിക്കട്ടെ' എന്ന് ആവർത്തിച്ചുകൊണ്ടേയിരുന്നു.

Swab എടുക്കാനായി മറ്റു രോഗികൾ ഉള്ളതിനാൽ തന്നെ കുറച്ചു തിരക്കുള്ള സമയമായിരുന്നു. ബി.പി അധികമായിരുന്നതിനാൽ മോണിറ്ററിൽ കണക്റ്റ് ചെയ്ത് പതിനഞ്ച് മിനിറ്റ് സമയം ഇന്റർവെൽ ഇട്ട് ബി.പി റീഡിംഗ് സെറ്റ് ചെയ്തുവെച്ചു. ഇടവേളകളിൽ വന്നു പുറത്ത് നിന്നു തന്നെ ബി.പി മോണിറ്ററിംഗ് ചെയ്തുകൊണ്ടിരുന്നു.

ആ ഉമ്മ ഒരു കാര്യത്തിനും എന്നെ ശല്യപ്പെടുത്തിയില്ലെന്നു മാത്രമല്ല, ഞാൻ ചെയ്യുന്നതിൽ എല്ലാം സംതൃപ്തി രേഖപ്പെടുത്തുകയും പൂർണമായി സഹകരിക്കുകയും ചെയ്തു. ഇതിനിടയിൽ അങ്ങോട്ടുമിങ്ങോട്ടും ഓടി അഡ്മിറ്റ് ചെയ്യാനുള്ള റൂമും ഒരുക്കങ്ങൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചു ചെയ്തുതീർത്തു.

സെക്യൂരിറ്റി സർവീസ്, ക്ലീനിംഗ് സ്റ്റാഫുകൾ എന്നിവരുടെ സഹകരണത്തോടെ വീൽ ചെയറിൽ മൂന്നാമത്തെ നിലയിൽ ഐസൊലേഷൻ റൂമിൽ കൊണ്ട് ചെന്നുവിട്ട്, മലേഷ്യൻ സ്റ്റാഫിന് കൈമാറി തിരിച്ചുപോരുമ്പോഴേക്കും ഉയർന്ന ബി.പിയുമായി വന്ന അവരുടെ ബി.പി കാര്യമായി കുറയുകയും ആക്സപ്റ്റബ്ൾ റേഞ്ചിലേക്ക് പ്രത്യേകിച്ച് ഒരു മരുന്നും കൂടാതെ തന്നെ എത്തുകയും ചെയ്തിരുന്നു. ആ സ്റ്റാഫിന്റെ പെരുമാറ്റത്തിൽ അവരോട് കുറച്ചുകൂടി കാരുണ്യം കലർന്നിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചുപോയി. ആ നിമിഷങ്ങളിലെല്ലാം എന്നിലേക്ക് പെയ്തുകൊണ്ടിരുന്ന അനുഗ്രഹ വാക്കുകളിൽ അടിമുടി നനഞ്ഞു ഞാൻ

തിരികെ നടക്കുമ്പോൾ അടുത്ത രോഗി എന്നെയും അവരൊഴിഞ്ഞിട്ട ആ മുറിയും കാത്തിരിപ്പുണ്ടായിരുന്നു.

ഉമ്മി ഹലീമാ, നിങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിൽ ദരിദ്രയായിരിക്കാം, പക്ഷേ സ്വഭാവത്തിലും സംസ്കാരത്തിലും സമ്പന്നയാണ്. ചരിത്രത്തിന്റെ ഏടുകളിൽ ലോകം കണ്ട ഏറ്റവും വലിയ സാമൂഹിക വിപ്ലവ നായകനായി നിരക്ഷരനായ പ്രവാചകന്റെ പേര് ചേർക്കപ്പെട്ടതും ജനങ്ങൾ നെഞ്ചോടു ചേർത്തതും ആ സ്വഭാവമഹിമ കൊണ്ടാണല്ലോ.

എന്റെ തൂലികത്തുമ്പിലൂടെ എന്നെ അറിയുന്ന ചുരുക്കം ചിലരിലേക്കെങ്കിലും നിങ്ങളെ എത്തിക്കാൻ മാത്രം എന്നെ സ്വാധീനിക്കാൻ, ഇതിനു മുമ്പ് കണ്ടിട്ടില്ലാത്ത, ഇനി കാണുമോ എന്നറിയാത്ത, യാതൊരു രക്തബന്ധമോ ഒന്നുമില്ലാത്ത, മൂന്ന് മണിക്കൂർ മാത്രം നീണ്ടുനിന്ന ആ ബന്ധം കൊണ്ട് നിങ്ങൾക്ക് സാധിച്ചുവെങ്കിൽ നിങ്ങൾ നിസ്സാരക്കാരിയല്ലല്ലോ.

നിരക്ഷരയായ നിങ്ങളുടെ സ്വഭാവമഹിമക്കും പ്രതിസന്ധിയെ ശാന്തമായി നേരിടുന്ന ആ വിശ്വാസത്തിനും മുമ്പിൽ, മൂന്നോ നാലോ ഭാഷ കൈകാര്യം ചെയ്യാൻ അറിയുമെന്ന് തെളിയിക്കുന്ന ബയോഡാറ്റയും, പുസ്തകത്താളുകളിൽനിന്ന് കാണാതെ പഠിച്ചു പരീക്ഷ പേപ്പറിൽ അത് ഛർദിച്ചുവെച്ചു നേടിയെടുത്ത സർട്ടിഫിക്കറ്റുകളുമായി അതിന്റെ യോഗ്യതയിൽ മാത്രം ജോലിക്കായി ഈ മണ്ണിൽ പറന്നിറങ്ങിയ ഞാൻ എത്ര നിസ്സാരയായി പോയി! നിങ്ങൾ എന്നെ പഠിപ്പിച്ചത് ജീവിതത്തിൽ പാലിക്കേണ്ട സ്വഭാവമൂല്യത്തിന്റെ ഒരു വലിയ അധ്യായം തന്നെ ആണ്. നിങ്ങൾക്ക് മുമ്പിൽ കോവിഡും തോറ്റുപോകും.

കാരുണ്യം എന്ന് അർഥം വരുന്ന റഹ്മ് എന്ന പദത്തിന്റെ മുഴുവൻ മാതൃഭാവങ്ങളും ആവാഹിച്ച ഉമ്മി ഹലീമാ, നിങ്ങൾ എത്രയും വേഗത്തിൽ പൂർണ ആരോഗ്യവതിയായി കുടുംബത്തിലേക്ക്, മക്കളിലേക്ക് തിരിച്ചുചെല്ലാൻ നാഥൻ അനുഗ്രഹിക്കട്ടെ.

മക്കൾ എത്ര വലുതായാലും ഉമ്മ ജീവിച്ചിരിക്കുവോളം അവർ കുട്ടികളാണല്ലോ. ആ മാതൃത്വത്തിന്റെ മധുരം ആവോളം നുകരാൻ അവർക്ക് നാഥൻ ഇനിയുള്ള കാലവും തുണയേകട്ടെ എന്ന് പ്രാർഥിക്കുന്നു.

മുഖപുസ്തകത്തിൽ മാലാഖമാരെ വാഴ്ത്തിപ്പാടുമ്പോൾ കോവിഡ് രോഗ പരിചരണത്തിന് പകരമായി അധിക വേതനം ഏർപ്പെടുത്തണമെന്ന് കാണുകയുണ്ടായി. സത്യത്തിൽ കുറച്ചു പണം ഈ പേരിൽ അധികമായി നൽകിയതുകൊണ്ടു മാത്രം അവസാനിക്കുന്നതല്ല ഭൂമിയിലെ മാലാഖമാരുടെ പ്രശ്നങ്ങൾ. അല്ലെങ്കിൽ തന്നെ ഉമ്മി ഹലീമയെപോലെ നമ്മളിലേക്ക് ക്ഷണിക്കപ്പെടാതെ വന്നു ആരൊക്കെയോ ആയി മാറുന്ന ഈ ബന്ധങ്ങളുടെ മൂല്യത്തിന് പകരം നിൽക്കാൻ കടലാസിൽ അച്ചടിച്ച വലിയ സംഖ്യകളൊന്നും മതിയാകാതെ വരും. ●

(സ്റ്റാഫ് നഴ്സായ ലേഖിക, തനിമ മക്ക - ഹറം വനിതാ യൂനിറ്റ് അംഗമാണ്).



# ബദ്റിലെ ആദ്യ രക്തസാക്ഷി

**മദീനയിലെ ഏടുകളിൽനിന്ന് / വി.കെ ജലീൽ**

യുദ്ധം ജയിച്ചു വരുന്ന റസൂലിനെയും 'ബദ്‌രീങ്ങളെ'യും കാത്ത് മദീന മൂന്നു ദിവസമായി ക്ഷമ വെടിഞ്ഞ് കഴിയുകയാണ്. ജേതാക്കൾ ഒറ്റക്കും കൂട്ടായും വന്നു തുടങ്ങി എന്ന് കേട്ടപ്പോൾ ബന്ധുക്കളും സ്നേഹജനങ്ങളും അവരെ അഭിമാനാദരങ്ങളോടെ സ്വാഗതം ചെയ്യാൻ മദീനാ പള്ളിയുടെ ചാരെ ഒരുങ്ങി എത്തി. കൂട്ടത്തിൽ ഉമ്മു റബീഅ എന്ന വിളിപ്പേരിൽ വിശ്രുതയായ അൻസ്വാരി വനിതയും ഉണ്ട്. പ്രായം വാർധക്യത്തിലേക്ക് കടന്നു തുടങ്ങിയ കൃശഗാത്രിയായ ഒരു സ്ത്രീ. പുത്രൻ ഹാരിസയെ പ്രതീക്ഷിച്ചാണ് അവരുടെ നിൽപ്പ്. പലരും വന്നു കഴിഞ്ഞിട്ടും ഹാരിസ വന്നു കാണാതായപ്പോൾ ക്ഷമ നശിച്ച അവർ ഉത്കണ്ഠയോടെ അന്വേഷണം തുടങ്ങി: 'എന്റെ മോൻ ഹാരിസ എവിടെ? നിങ്ങൾ അവനെ കണ്ടോ?' ആരും ഒന്നും മിണ്ടുന്നില്ല. മോനെ അറിയാത്തതുകൊണ്ടാകുമോ? ഖസ്റജ് വംശത്തിലെ ബനൂഅദിയ്യിൽ ഉൾപ്പെട്ട, സുറാഖയുടെ മകനായ ഹാരിസയെ അവരാരും അറിയാഞ്ഞിട്ടല്ല. അവർക്കെല്ലാവർക്കും അവനെ വളരെ നല്ല പരിചയമുണ്ട്. അവനുമായി ഉറ്റ സ്നേഹബന്ധവും ഉണ്ട്.

നബിതിരുമേനിയുടെ ചുറ്റുമായി സദാ കാണാറുള്ള ചുറുചുറുക്കുള്ള യുവാവ്. യുവാവെന്ന് വെച്ചാൽ പ്രായം യുവത്വത്തിലേക്ക് കടക്കുന്നേയുള്ളൂ. നബിതിരുമേനിയുടെ ആഗമനത്തിന്റെ ആഹ്ലാദാരവങ്ങൾക്കിടെ അവൻ സോത്സാഹം മുസ്‌ലിമായി. തുടർന്ന്, നബിതിരുമേനിയുടെ അടുത്ത് ശിഷ്യത്വം നേടി. നിരവധി ഇതര വിശിഷ്ട ഗുണങ്ങൾ കൊണ്ടുകൂടി, അന്നുതൊട്ടേ എല്ലാവരുടെയും ശ്രദ്ധാപാത്രമായിരുന്നു ഹാരിസ ബ്നു സുറാഖ. പോരാത്തതിന്, റസൂലിന്റെ അരുമ സേവകനായ അനസുബ്നു മാലിക്കിന്റെ പിതൃസഹോദരീ പുത്രൻ കൂടിയാണ് ഹാരിസ. പ്രായം അനസിനേക്കാൾ നാലഞ്ച് വയസ്സ് കൂടും.

പ്രത്യേകം എടുത്തു പറയേണ്ട കാര്യം, ഹാരിസക്ക് മാതാവിനോടുള്ള സ്നേഹമാണ്. അവർക്ക് തിരിച്ച് ഹാരിസയോടും. അഗാധമായ ഈ മാതൃ-പുത്രസ്നേഹം മദീനയിലെ കൊച്ചു ഇസ്‌ലാമിക സമൂഹത്തെ ഒന്നാകെ വിസ്മയിപ്പിച്ചിരുന്നു.

നിരന്തരമായ അന്വേഷണങ്ങൾക്കിടയിലും, ഉമ്മുറബീഅയുടെ മനസ്സിൽ ആ രംഗം മായാതെ നിന്നു. തന്റെ ജീവിതത്തിന്റെ ഏക അവലംബമായ ഹാരിസയെ നിറമിഴികളോടെ യാത്രയാക്കിയ രംഗം.

പെട്ടെന്നാണ് ഹാരിസ വന്നു കെട്ടിപ്പിടിച്ചു കൊണ്ടു പറഞ്ഞത്: 'ഉമ്മാ, റസൂൽ ഏതോ അടിയന്തര കാര്യത്തിന് ആളുകളെ സംഘടിപ്പിക്കുന്നുണ്ട്. പെട്ടെന്ന് പുറപ്പെടാൻ കഴിയുന്ന ആളുകളെ മാത്രമേ സ്വീകരിക്കുന്നുള്ളൂ. അത്യാവശ്യമായി ഒന്ന് വീട്ടിൽ വന്നു പോകേണ്ടവരെയോ, വീട്ടിലുള്ള ആയുധമെടുത്തു കൊണ്ടുവരാൻ സാവകാശം ചോദിക്കുന്നവരെയോ പോലും ഒഴിവാക്കുകയാണ്. എനിക്ക് ഒരുങ്ങാൻ ഒന്നുമില്ല, ഞാൻ റസൂലിന്റെ കൂടെ പോകട്ടെ.'

'മോനേ നീ പോയാൽ.....' അവൻ വാചകം പൂർത്തിയാക്കാൻ തന്നെ അനുവദിച്ചില്ല. റസൂൽ പുറപ്പെടുന്നത്, ഇസ്‌ലാമിക ജിഹാദിന്റെ ഭാഗമായാണെന്ന് അവനെ പോലെ തനിക്കും ദൃഢബോധ്യമുണ്ടായിരുന്നു. അതിനാൽ താൻ തന്നെ പടച്ചട്ട അണിയിച്ചു പറഞ്ഞയച്ചു.

ഹാരിസയുടെ മാതാവ് തന്റെ അന്വേഷണം തുടർന്നു. അപ്പോൾ കൂട്ടത്തിലൊരാൾ പറഞ്ഞു: 'ഹാരിസ ഈ കൂട്ടത്തിൽ ഇല്ല. അവൻ കൊല്ലപ്പെട്ടു.'

'എന്ത് അവൻ രക്തസാക്ഷിയായോ?'

'രക്തസാക്ഷി എന്നു പറയാൻ പറ്റില്ല. അവൻ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല.'

ആ മാതാവ് സ്തംഭിച്ചുനിൽക്കേ, അയാൾ സംഭവം വിശദീകരിച്ചു: 'യുദ്ധം നടന്നതിന്റെ തലേ രാത്രി, മുസ്‌ലിംകളുടെ അധീനതയിലുണ്ടായിരുന്ന ജലശേഖരത്തിൽ നിന്ന് വെള്ളം മുക്കി, ആർക്കൊക്കെയോ എത്തിച്ചു കൊടുക്കാനും, രംഗനിരീക്ഷണത്തിനും പോയ ഹാരിസ, സ്വയം വെള്ളം കുടിച്ചുകൊണ്ടിരിക്കെ, ശത്രുപക്ഷത്തു നിന്ന് വന്ന അമ്പ് ചങ്കിലേറ്റു മരിക്കുകയായിരുന്നു.'

ഈ വിവരണം ആ മാതാവിനെ തെല്ലൊന്നുമല്ല അസ്വസ്ഥയാക്കിയത്. അവർ കണ്ണീരോടെ തിരുമേനിയെ സമീപിച്ചു ചോദിച്ചു: 'തിരുദൂതരേ, എന്റെ മോൻ രക്തസാക്ഷിയല്ലേ? അവനു സ്വർഗത്തിൽ രക്തസാക്ഷികളുടെ പദവി ലഭിക്കില്ലേ?' റസൂൽ പറഞ്ഞു: 'ഉറപ്പായും, ഹാരിസക്ക് ലഭിക്കുക ഒരു സാധാരണ സ്വർഗത്തോപ്പ് അല്ല. ഏറ്റവും ഉത്കൃഷ്ടങ്ങളായ നിരവധി സ്വർഗീയ ആരാമങ്ങൾ ആണ്.' ആ മാതാവിനു മറ്റൊന്നും ആവശ്യമുണ്ടായിരുന്നില്ല. അവർ കണ്ണീരൊപ്പി.

അല്ലാഹുവിങ്കൽ സ്വീകാര്യമായ ഒരു സൽക്കാര്യത്തിലുള്ള പങ്കാളിത്തം തന്നെ ആനന്ദദായകമാണ്. അതിൽ ഒന്നാം സ്ഥാനത്തെത്താനായാലോ! ബദ്റിലെ രക്തസാക്ഷ്യത്തിലുള്ള ഒന്നാം സ്ഥാനമാണ് പ്രവാചകനെയും സ്വന്തം മാതാവിനെയും ഉള്ളഴിഞ്ഞ് സ്നേഹിച്ച, എന്നും പൊരുതുന്ന യുവത്വത്തിന്റെ ആവേശമായ ഹാരിസ ബ്നു സുറാഖ നേടിയെടുത്തത്. ബദ്റിന് ഒരു ആവർത്തനം ഇല്ലല്ലോ. അതിനാൽ ലോകാന്ത്യം വരെ ആ പ്രഥമസ്ഥാനം ആരാലും മറികടക്കപ്പെടുകയില്ല, തീർച്ച. ●



# വിശ്വാസ സ്വാതന്ത്ര്യവും മതപരിത്യാഗിയുടെ ശിക്ഷയും

പുസ്തകം / ഡോ. മുനീർ മുഹമ്മദ് റഫീഖ്


kmmuneer02@gmail.com

ഇസ്‌ലാംവിമർശം അരങ്ങുതകർക്കുന്ന സൈബർ ഇടങ്ങൾ കൂടിയാണ് ഇന്ന് സാമൂഹികമാധ്യമങ്ങൾ. ഒന്നിനുപിറകെ ഒന്നായി ഇസ്‌ലാമിന്റെ അധ്യാപനങ്ങളും ചിഹ്നങ്ങളും മുഹമ്മദ് നബിയുമൊക്കെ അവിടെ വിമർശനവിധേയമാകുന്നു. മതപരിത്യാഗിയോടുള്ള ഇസ്‌ലാമിന്റെ സമീപനമാണ് ഇപ്പോൾ ഇസ്‌ലാം വിമർശകരുടെ പുതിയ ആയുധം. മതപരിത്യാഗിക്ക് ഇസ്‌ലാം നൽകുന്ന 'ക്രൂരശിക്ഷ'യെ മുന്നിൽ നിർത്തി, ഇസ്‌ലാം പ്രാകൃതവും കാടനുമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയാണ് വിമർശകർ. ആധുനിക പരിഷ്കൃത സമൂഹത്തിന് ഒട്ടും യോജിക്കാത്ത പ്രാകൃത ശിക്ഷാവിധിയാണിതെന്നും, മനുഷ്യന്റെ മൗലികാവകാശമായ വിശ്വാസസ്വാതന്ത്ര്യം ഹനിക്കുന്ന മതമാണ് ഇസ്‌ലാമെന്നുമാണ് വിമർശകരുടെ വാദം. പ്രസ്തുത വിഷയത്തിൽ ആധുനികരും പൗരാണികരുമായ പണ്ഡിതരുടെ ഉദ്ധരണികളും വാചകങ്ങളും മുന്നിൽവെച്ചാണ് ഈ വിമർശനങ്ങൾ അരങ്ങു തകർക്കുന്നത്. പൗരാണികരും ആധുനികരുമായ നിരവധി പണ്ഡിതന്മാർ, വിമർശകർ ചൂണ്ടിക്കാണിക്കുന്നതുപോലെ മുർതദ്ദിനെ വധിക്കണം എന്ന് അഭിപ്രായപ്പെട്ടവരാണ്. എന്നാൽ പ്രസ്തുത വിഷയത്തിലെ അന്തിമ വാക്കുകളല്ല, മുൻകാല പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ. മാത്രമല്ല, പ്രസ്തുത വിഷയത്തിൽ മറിച്ചൊരു അഭിപ്രായത്തിന്റെ സാധ്യതയും അതിന്റെ സാധുതയെയും ഒരിക്കലും നിരാകരിക്കുന്നില്ല, മുൻകാല പണ്ഡിതന്മാർ അങ്ങനെ പറഞ്ഞുവെന്നത്.

ഇരുപതാം നൂറ്റാണ്ടിൽ പല സന്ദർഭങ്ങളിലും മുർതദ്ദിനോടുള്ള ഇസ്‌ലാമിന്റെ സമീപനം ആഗോളതലത്തിൽ ചർച്ചക്കു വിഷയീഭവിച്ചിട്ടുണ്ട്. ഇസ്‌ലാം സ്വീകരിച്ച ശേഷം, അതുപേക്ഷിക്കുന്നവന് (മുർതദ്ദ്) വധശിക്ഷയാണ് മുൻകാല പണ്ഡിതരിൽ അധികപേരും നിർദേശിച്ചിട്ടുള്ളത്. ഒരാൾക്ക് താൻ ഇഷ്ടപ്പെടുന്ന വിശ്വാസം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അർഥശങ്കക്കിടയില്ലാത്തവിധം പ്രഖ്യാപിക്കുന്ന ഖണ്ഡിത പ്രമാണങ്ങൾ (2:256, 18:29, 10: 99, 42:48) ഖുർആനിൽ നിരവധി ഉണ്ടെന്നിരിക്കെ, മതപരിത്യാഗിക്ക് കടുത്ത ശിക്ഷ വിധിക്കുന്ന ഫുഖഹാക്കളുടെ അഭിപ്രായ

ങ്ങളിലെ പൊരുത്തക്കേട്, ജമാലുദ്ദീൻ അഫ്ഗാനി (1897), മുഹമ്മദ് അബ്ദു (1905), മുഹമ്മദ് ശൽത്വൂത് (1963), മുഹമ്മദ് അബൂസഹ്റ (1974) തുടങ്ങിയ പ്രഗത്ഭ പണ്ഡിതന്മാർ അവരവരുടെ കാലഘട്ടങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ, മതമുപേക്ഷിക്കുന്നവന് ഇസ്‌ലാം വധശിക്ഷ വിധിക്കുന്നില്ലെന്നും, മതം തെരഞ്ഞെടുക്കാനും ഉപേക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാം വകവെച്ചുനൽകുന്നുണ്ടെന്നും പ്രമാണങ്ങളും ചരിത്രവസ്തുതകളും മുമ്പിൽ വെച്ച് സമർഥിക്കുന്ന ഗഹനമായൊരു പഠനമുണ്ടാകുന്നത് 2006-ൽ, ഡോ. ത്വാഹാ ജാബിർ അൽവാനിയുടെ 'ലാ ഇക്റാഹ ഫിദ്ദീൻ' എന്ന അറബിഗ്രന്ഥം പുറത്തിറങ്ങുന്നതോടെയാണ്. 2006-ൽ അഫ്ഗാനിലുണ്ടായ ചില സംഭവവികാസങ്ങളാണ് ഈ പുസ്തകത്തിന്റെ പിറവിയിലേക്ക് നയിച്ചത്.

2006-ൽ പാശ്ചാത്യ മാധ്യമങ്ങൾ താൽപര്യപൂർവം ഒരു വാർത്ത റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇസ്‌ലാം വിട്ട് ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ അബ്ദുർറഹ്മാൻ അൽ മന്നാൻ എന്ന അഫ്ഗാനിയുടെ ജീവൻ അപകടത്തിലാണെന്ന വാർത്തയായിരുന്നു അത്. 90-കളിൽ പാകിസ്താനിലെ പെഷവാറിൽ ഒരു ക്രിസ്ത്യൻ റിലീഫ് ഏജൻസിയിൽ ജോലി ചെയ്തുകൊണ്ടിരിക്കെ, സഹജോലിക്കാരായ ക്രിസ്ത്യൻ സുഹൃത്തുക്കളിൽ ആകൃഷ്ടനായാണ് അബ്ദുർറഹ്മാൻ ക്രിസ്തുമതം സ്വീകരിക്കുന്നത്. ഇക്കാലയളവിൽ തന്നെ പല യൂറോപ്യൻ രാജ്യങ്ങളിലും രാഷ്ട്രീയാഭയത്തിനു വേണ്ടി അബ്ദുർറഹ്മാൻ ശ്രമിച്ചെങ്കിലും അതൊന്നും വിജയം കണ്ടില്ല. അങ്ങനെ, അഫ്ഗാനിൽ തിരിച്ചെത്തി, കുടുംബജീവിതം തുടരുമ്പോഴാണ് തന്റെ ഭർത്താവിൽ വന്ന മാറ്റം, ഭാര്യയുടെ ശ്രദ്ധയിൽപെടുന്നത്. വളർന്നുവരുന്ന പെൺമക്കളെക്കൂടി ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുമോയെന്ന് ഭയന്നാണ് മന്നാന്റെ ഭാര്യ വിവാഹമോചനം ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുന്നത്. ഏറെ നീണ്ടുപോയ നിയമനടപടികൾ അവസാനിച്ചത് മന്നാൻ കുറ്റക്കാരനെന്നു കണ്ട്, കോടതി ജയിൽശിക്ഷ വിധിച്ചുകൊണ്ടാണ്. മന്നാൻ തടവിലാക്കപ്പെട്ട വാർത്ത, പാശ്ചാത്യമാധ്യമങ്ങൾ ഏറെ




*Apostasy in Islam: A Historical and Scriptural Analysis*
**Taha Jabir Al- Alwani**

Published by: International Institute of Islamic Thought (IIIT)
1st edition 2011

കാത്തിരുന്ന പോലെയായിരുന്നു. വിശ്വാസ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതം തടവറയിൽ കഴിച്ചുകൂട്ടേണ്ടി വന്ന ഒരു 'മഹാത്യാഗി' യായി മന്നാൻ പാശ്ചാത്യ ലോകത്ത് എളുപ്പം പ്രതിഷ്ഠിക്കപ്പെട്ടു. തദ്ഫലമായി, അന്നത്തെ യു.എസ് പ്രസിഡന്റായിരുന്ന ജോർജ് ബുഷും



● ബെർലുസ്കോനി

സ്റ്റേറ്റ് സെക്രട്ടറി കോണ്ടലീസ റൈസും, ഇറ്റാലിയൻ പ്രധാനമന്ത്രി സിൽവിയോ ബെർലുസ്കോനിയുമൊക്കെ മന്നാന്റെ കാര്യത്തിൽ ഇടപെട്ടു. പാശ്ചാത്യ രാജ്യങ്ങളുടെ സമ്മർദഫലമായി അഫ്ഗാൻ പ്രസിഡന്റ് ഹാമിദ് കർസായി ഇടപെട്ട് അബ്ദുർറഹ്മാനെ കോടതി വിചാരണയിൽനിന്ന് ഒഴിവാക്കുകയും തടവിൽനിന്ന് മോചിപ്പിക്കുകയും ചെയ്തു. 2006 മാർച്ച് 27-ന് ജയിൽമോചിതനായ മന്നാന് ഇറ്റലി രാഷ്ട്രീയാഭയം നൽകി.

ഇസ്‌ലാം മനുഷ്യന് നൽകുന്ന വിശ്വാസസ്വാതന്ത്ര്യത്തെക്കുറിച്ച് ഒരുപാട് സംശയങ്ങൾ ബാക്കി വെച്ചാണ് മന്നാൻ സംഭവം അവസാനിച്ചത്. എന്നാൽ അതുയർത്തിയ അലയൊലികൾ അവിടം കൊണ്ട് തീർന്നില്ല. ഒരാൾക്ക് ഇഷ്ടപ്പെട്ട മതം തെരഞ്ഞെടുക്കാനുള്ള മൗലികാവകാശം പോലും ഇസ്‌ലാമിക നിയമവ്യവസ്ഥിതിയിൽ നിഷേധിക്കപ്പെടുന്നു എന്ന പ്രതീതി സൃഷ്ടിക്കുകയായിരുന്നു ഇതിലൂടെ. മന്നാൻ ഇറ്റലിയിൽ പുതിയ ജീവിതമാരംഭിച്ചിട്ടും, വിശ്വാസസ്വാതന്ത്ര്യം നൽകാത്ത മതമായി ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്തുന്ന വിമർശനങ്ങൾക്ക് ശക്തി കുറഞ്ഞില്ല. ഇസ്‌ലാം വിമർശകർക്ക് ഒരിക്കൽകൂടി ഇസ്‌ലാമിന്റെ മതസ്വാതന്ത്ര്യ സങ്കൽപ്പത്തെ വിമർശനവിധേയമാക്കാൻ ലഭിച്ച സുവർണാവസരമായിരുന്നു അത്. ഈ സാഹചര്യത്തിലാണ് ത്വാഹാ ജാബിർ അൽവാനി 'ലാ ഇക്റാഹ ഫിദ്ദീൻ' എന്ന ഗ്രന്ഥം എഴുതുന്നത്. ഇസ്‌ലാം സ്വീകരിച്ച്, അതുപേക്ഷിക്കുന്നവന് ഇസ്‌ലാം ഒരു രീതിയിലുള്ള ശിക്ഷയും വിധിക്കുന്നില്ലെന്നും, അതയാളുടെ വ്യക്തിപരമായ തെരഞ്ഞെടുപ്പു മാത്രമാണെന്നും വിശുദ്ധ ഖുർആനും ചരിത്രവസ്തുതകളും മുന്നിൽവെച്ച് സ്ഥാപിക്കുകയാണ് ഗ്രന്ഥകാരൻ ഈ പഠനത്തിലൂടെ. Apostasy in Islam: Historical & Scirptural Analysis എന്ന പേരിൽ അതിന്റെ വിവർത്തനം 2011-ലാണ് പുറത്തിറങ്ങുന്നത്.

### മതപരിത്യാഗിക്ക് വധശിക്ഷയോ?

ഇസ്‌ലാമികദൃഷ്ടിയിൽ ഗുരുതരമായ കുറ്റങ്ങൾക്കുള്ള ശിക്ഷയെ പണ്ഡിതന്മാർ കാലങ്ങളായി വ്യവഹരിച്ചുപോരുന്നത്, ഹുദൂദ് എന്ന പദം കൊണ്ടാണ്.


അല്ലാഹു പ്രത്യേകം ശിക്ഷാവിധികൾ നിർദേശിച്ചിട്ടുള്ള കൊലപാതകം, വ്യഭിചാരം, കളവ് പോലുള്ള കുറ്റങ്ങൾക്ക് നൽകുന്ന ശിക്ഷയാണ് പൊതുവെ ഹദ്ദ്/ ഹുദൂദ്. താരതമ്യേന ചെറിയ കുറ്റങ്ങൾക്കുള്ള ശിക്ഷയെ തഅ്സീർ എന്നാണ് പറയുക. ഹദ്ദ്/ ഹുദൂദ് എന്ന പദം ഖുർആനിൽ 14 തവണ ആവർത്തിച്ചിട്ടുണ്ട്. ഹുദൂദുല്ലാഹ് (അല്ലാഹുവിന്റെ പരിധികൾ) (2:87), അഥവാ ദീനിന്റെ നിയമങ്ങൾ എന്ന അർഥത്തിലാണ് ഈ പദം ഖുർആനിൽ 9 സ്ഥലങ്ങളിലും പരാമർശിച്ചിട്ടുള്ളത്. നോമ്പ്, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ നിയമങ്ങൾ ദൈവികമാണെന്നതിനാൽ അവ പാലിക്കണമെന്ന ആഹ്വാനമാണ് ഈ സൂക്തങ്ങളിലൊക്കെയും. മറ്റു സന്ദർഭങ്ങളിൽ കുടുംബവുമായി ബന്ധപ്പെട്ട ദൈവിക നിർദേശങ്ങൾ എന്ന അർഥത്തിലാണ് ഹുദൂദ് എന്ന ഖുർആനിന്റെ പദപ്രയോഗം. മാത്രമല്ല, ഖുർആനിൽ, വ്യഭിചാര ആരോപണത്തിനും ദുർനടപ്പിനും കളവിനുമൊക്കെ ശിക്ഷാവിധികൾ നിർദേശിക്കുന്ന ഇടങ്ങളിലൊന്നും ഹദ്ദ് എന്ന പദം പ്രയോഗിച്ചിട്ടില്ല. ദൈവികനിയമങ്ങൾ എന്ന പൊതുവായ അർഥത്തിൽ ഖുർആൻ ഉപയോഗിച്ച ഒരു പദം, പിൽക്കാലത്ത് ഫുഖഹാക്കളുടെ വ്യവഹാരങ്ങളിലൂടെ ഇസ്‌ലാമിന്റെ ശിക്ഷാവിധികൾ എന്ന അർഥത്തിലേക്കു എങ്ങനെ ചുരുങ്ങി എന്ന ചോദ്യമുയർത്തിയാണ് അൽവാനി മുർതദ്ദിന്റെ ശിക്ഷാവിധിയെ കുറിച്ച ചർച്ച ആരംഭിക്കുന്നത്.

മതപരിത്യാഗത്തെക്കുറിച്ച് ഖുർആൻ എന്തു പറയുന്നു എന്ന അന്വേഷണമാണ് രണ്ടാമതായി. ''നിങ്ങളിലാരെങ്കിലും സ്വമതത്തിൽനിന്ന് പിന്മാറുകയും സത്യനിഷേധിയായിക്കൊണ്ട് മരിക്കുകയും ചെയ്താൽ, അവരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും പാഴായിപ്പോയതുതന്നെ'' (2:217). ഒരാൾ മതപരിത്യാഗം നടത്തുന്നുവെങ്കിൽ അയാളുടെ ഇഹലോക-പരലോക ജീവിതങ്ങളെ പാഴാക്കലാണെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ഇതിനു പുറമെ വേറെയും നിരവധി സൂക്തങ്ങൾ ഇസ്‌ലാം സ്വീകരിച്ച ശേഷം, അതുപേക്ഷിക്കുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (3:86, 3:90, 3:91, 3:98, 3:177, 5:54, 4:137, 16:106, 22: 11, 47:32). ഖുർആനിലെ മേൽ സൂചിപ്പിച്ച സൂക്തങ്ങളൊക്കെയും മതപരിത്യാഗത്തെക്കുറിച്ചുള്ളതാണ്. വിശ്വാസം സ്വീകരിച്ച ശേഷം, അതുപേക്ഷിക്കുന്നതാണ് ഇവിടെ മതപരിത്യാഗം കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ, ഇവിടങ്ങളിലൊരിടത്തും ഇസ്‌ലാം സ്വീകരിച്ച് അതുപേക്ഷിച്ചുപോകുന്നവനെ ഏതെങ്കിലും രീതിയിൽ ശിക്ഷിക്കണമെന്ന് ഖുർആൻ നിർദേശിക്കുന്നില്ല. മതമുപേക്ഷിക്കുന്നവന് വധശിക്ഷ വേണമെന്ന പണ്ഡിതാഭിപ്രായങ്ങൾ പിന്നെന്തുകൊണ്ടു വന്നു എന്ന ചോദ്യത്തിന് അവസാന ഭാഗങ്ങളിലാണ് ഗ്രന്ഥകാരൻ ഉത്തരം നൽകുന്നത്.

**മതപരിത്യാഗം പ്രവാചക കാലത്ത്**

ഇസ്‌ലാം സ്വീകരിച്ച ശേഷം അതുപേക്ഷിച്ച നിരവധി സംഭവങ്ങൾ പ്രവാചക കാലഘട്ടത്തിലേ ഉണ്ടായിട്ടുണ്ട്. അതിൽ പലരും ഇസ്‌ലാം ഉപേക്ഷിക്കുക മാത്രമല്ല, മുസ്‌ലിം സമൂഹത്തിന് ഏറെ ഉപദ്രവങ്ങളേൽപ്പിക്കുകയും ചെയ്തു. അവരെയൊക്കെ നബിക്ക് വ്യക്തിപരമായി അറിയാമായിരുന്നു. എന്നിട്ടും അവരെ വധിക്കാ





● താഹാ ജാബിർ അൽവാനി



● മുഹമ്മദ് അബൂ സഹ്‌റ


നോ അപായപ്പെടുത്താനോ തിരുമേനി മുതിർന്നില്ല. മുസ്‌ലിം സമൂഹത്തിനകത്തു നിന്നു തന്നെ കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന കപടവിശ്വാസികൾ ആരൊക്കെയെന്ന് അല്ലാഹു നബി തിരുമേനിയെ അറിയിച്ചുകൊടുത്തിരുന്നു. പക്ഷേ, ഉബയ്യുബ്നു സുലൂലിനെപോലുള്ള കപടന്മാരെ വധിക്കാനോ അവർക്കെതിരിൽ ശിക്ഷാ നടപടി കൈക്കൊള്ളാനോ നബി തിരുമേനി മുതിർന്നില്ല. കപടവിശ്വാസികളെപ്പറ്റി വഹ്‌യ് അവതരിച്ചപ്പോൾ ഉബയ്യിന്റെ മുസ്‌ലിമായ മകൻ അബ്ദുല്ലാ വന്ന് നബിയോട് പറഞ്ഞു: 'കപടവിശ്വാസികളുടെ നേതാവ് ആരാണെന്ന് അങ്ങേക്ക് വ്യക്തമായി അല്ലാഹു അറിയിച്ചുതന്ന സ്ഥിതിക്ക്, എന്റെ പിതാവിനെ വധിക്കാനാണ് തീരുമാനമെങ്കിൽ, ആ കൃത്യം ചെയ്യാൻ എന്നെ അനുവദിക്കണം. മറ്റാരെങ്കിലുമാണ് എന്റെ പിതാവിനെ കൊല്ലുന്നതെങ്കിൽ, എന്റെ പിതാവിന്റെ ഘാതകനെ ജീവനോടെ കണ്ടുകൊണ്ടിരിക്കാൻ എനിക്കാവില്ല. അങ്ങനെ ഞാൻ അയാളെ കൊന്നുപോകും.' ഇതു കേട്ട നബി പറഞ്ഞു: 'വേണ്ട, അവരെ കൊല്ലുന്നതിനു പകരം, അവരോട് സൗഹൃദത്തിൽ തുടരുകയും ദയാവായ്പ്പോടെ വർത്തിക്കുകയും ചെയ്യുക. അല്ലെങ്കിൽ മുഹമ്മദ് തന്റെ അനുയായികളെ തന്നെ കൊന്നൊടുക്കി എന്ന് ജനം പറയും. നീ നിന്റെ പിതാവിനെ ആദരിക്കുകയും നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക.' ഇതായിരുന്നു നബി(സ)യുടെ മതപരിത്യാഗിയോടുള്ള സമീപനം. മുനാഫിഖ് അഥവാ കപടവിശ്വാസി എന്നാൽ, ഒരുവേള വിശ്വാസം പ്രഖ്യാപിച്ചവരാണ്. പിന്നീട് വിശ്വാസിയല്ലായെന്ന് ബോധ്യപ്പെടുന്ന സന്ദർഭത്തിലും അവരെ വധിക്കാൻ നബി കൂട്ടാക്കിയിട്ടില്ല. ആ നിലക്ക് ഏറ്റവും വലിയ ഒരു മുർതദ്ദിനെ പോലും വെറുതെവിട്ട ചരിത്രമാണ് പ്രവാചകന്റേത്.

ഇസ്‌ലാം സ്വീകരിച്ച്, അതുപേക്ഷിച്ച വേറെയും ആളുകളുണ്ടായിരു

**ഇസ്‌ലാംവിമർശകർ നിരന്തരം ഉന്നയിക്കുന്ന ഒരു ആരോപണത്തിന്റെ യഥാർഥ വസ്തുതകൾ അറിയുക മാത്രമല്ല, ഈ പുസ്തകത്തിന്റെ വായനയിലൂടെ സാധ്യമാകുന്നത്. വിമർശനങ്ങളെ സത്യസന്ധമായും അക്കാദമികമായും എങ്ങനെ സമീപിക്കാം എന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് ഈ പുസ്തകം.**



● ജോർജ് ബുഷ്



● ഹാമിദ് കർസായി



● കോണ്ടലീസ റൈസ്

ന്നു പ്രവാചകകാലത്ത്. ഇസ്രാഅ്-മി അ്റാജ് യാത്രാനുഭവം പങ്കുവെക്കുന്ന നബിയുടെ വാക്കുകൾ വിശ്വസിക്കാനാകാതെ, മുമ്പ് ഇസ്‌ലാം സ്വീകരിച്ച പലരും ഇസ്‌ലാം വിട്ടുപോയതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. അവർ എത്ര പേരാണെന്നോ ആരൊക്കെയായിരുന്നുവെന്നോ കൃത്യമായ വിവരങ്ങൾ നൽകുന്നില്ലെങ്കിലും അങ്ങനെ കുറേ പേർ ഇസ്‌ലാം വിട്ടുപോയതായി ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നുണ്ട്. അവരെ കൊല്ലുകയോ അപായപ്പെടുത്തുകയോ ചെയ്തിട്ടില്ല നബിയും കൂട്ടരും. പ്രവാചകകാലത്ത് ഇസ്‌ലാം സ്വീകരിച്ച്, ഇസ്‌ലാം ഉപേക്ഷിച്ച ഉബൈദുല്ലാഹിബ്നു ജഹ്ശ്, സഖ്റാനുബ്നു അംറ്, അബ്ദുല്ലാഹിബ്നു സഅ്ദിബ്നു അബീ സർഹ്, മിഖ്യാസുബ്നു സുബാഹ്, അബ്ദുല്ലാഹി ബ്നു ഖതൽ തുടങ്ങിയ മുർതദ്ദുകളുടെ ഹ്രസ്വചരിത്രം ഹദീസുകളുടെയും ഇബ്നു ഹിശാം, ബലാദുരി പോലുള്ളവരുടെ ചരിത്രരചനകളുടെയും അടിസ്ഥാനത്തിൽ ഗ്രന്ഥകാരൻ വിശദീകരിക്കുന്നുണ്ട്.


അപ്പോൾ നബി തിരുമേനിയുടെ കാലത്തു തന്നെ ഇസ്‌ലാം സ്വീകരിച്ച പലരും ഇസ്‌ലാം ഉപേക്ഷിച്ചതായും അവരൊന്നും അക്കാരണം കൊണ്ട് ശിക്ഷിക്കപ്പെടുകയോ വധിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നും മനസ്സിലായി. ഇസ്‌ലാം സ്വീകരിക്കാത്തതിന്റെ പേരിലോ, ഇസ്‌ലാം സ്വീകരിച്ച ശേഷം ഉപേക്ഷിച്ചതിന്റെ പേരിലോ നബി തിരുമേനി ആരെയെങ്കിലും വധിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ലായെന്നു തന്നെയാണ് ഉത്തരം.

ഖുർആന്റെയും ചരിത്ര വസ്തുതകളുടെയും അടിസ്ഥാനത്തിൽ മതപരിത്യാഗിക്ക് വധശിക്ഷ വേണം എന്ന പണ്ഡിതമതം ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ച വിശ്വാസസ്വാതന്ത്ര്യം എന്ന സാർവലൗകിക മൂല്യത്തിന് എതിരാണെന്നു സുതരാം ബോധ്യപ്പെടും. ഖുർആന്റെ കൽപ്പനക്ക് വിരുദ്ധമാകുന്ന ഒരു കാര്യം പ്രവാചകചര്യയിലോ ചരിത്രത്തിലോ കാണുക സാധ്യമല്ല. ഇനി അങ്ങനെ ഉണ്ടെന്നു വന്നാൽ, അവ തള്ളേണ്ടതായി വരും. അതുമല്ലെങ്കിൽ, ഏതൊരു സാഹചര്യത്തിൽ, ഏതർഥത്തിലാണ് അത്തരമൊരു ഹദീസ് നിവേദനം ചെയ്യപ്പെട്ടത് എന്നു പരിശോധിക്കേണ്ടതായും അതിനെ പുനർവ്യാഖ്യാനം ചെയ്യേണ്ടതായും വരും.



● മുഹമ്മദ് അബ്ദു

ഖുർആന്റെയും ചരിത്ര വസ്തുതകളുടെയും അടിസ്ഥാനത്തിൽ മതപരിത്യാഗിക്ക് വധശിക്ഷ വേണം എന്ന പണ്ഡിതമതം ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ച വിശ്വാസസ്വാതന്ത്ര്യം എന്ന സാർവലൗകിക മൂല്യത്തിന് എതിരാണെന്നു സുതരാം ബോധ്യപ്പെടും. ഖുർആന്റെ കൽപ്പനക്ക് വിരുദ്ധമാകുന്ന ഒരു കാര്യം പ്രവാചകചര്യയിലോ ചരിത്രത്തിലോ കാണുക സാധ്യമല്ല. ഇനി അങ്ങനെ ഉണ്ടെന്നു വന്നാൽ, അവ തള്ളേണ്ടതായി വരും.



### പിന്നെന്തുകൊണ്ട് വധശിക്ഷ?

പിന്നെ എന്തുകൊണ്ട് മതപരിത്യാഗിക്ക് വധശിക്ഷ വേണമെന്ന് മുൻകാല പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു എന്ന അന്വേഷണം കൂടി നടത്തുമ്പോഴേ ഈ ചർച്ച പൂർത്തിയാകൂ. അത്തരമൊരു അനുമാനത്തിലേക്കെത്താൻ അവരെ പ്രേരിപ്പിച്ച കാര്യമെന്താണെന്നു കൂടി അൽവാനി വിശദീകരിക്കുന്നുണ്ട്. മതപരിത്യാഗിയെ വധിക്കാൻ ആഹ്വാനം ചെയ്യുന്ന ഒരു ഹദീസ് ശകലമുണ്ട് എന്നതാണ് അതിന് കാരണം. 'ആരെങ്കിലും ദീൻ മാറിയാൽ അവനെ വധശിക്ഷക്കു വിധേയനാക്കണം' എന്ന ഒരു നബിവചനം മുൻനിർത്തിയാണ്, മതപരിത്യാഗത്തിന് വധശിക്ഷ വേണമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത്. ആഹാദായി റിപ്പോർട്ട് ചെയ്യപ്പെട്ട ഈ ഹദീസ് ഭാഗികമാണത്രെ. ഈ ഹദീസ് ഉദ്ധരിക്കപ്പെട്ട പശ്ചാത്തലവും അതിന്റെ ശരിയായ അർഥവും, അൽവാനി വേണ്ടത്ര വിശദീകരിക്കുന്നില്ല. എങ്കിലും, ഖുർആന്റെ പൊതുവായ കൽപ്പനകൾക്ക് എതിരായി ഹദീസുകൾ വന്നാൽ അതിനെ തള്ളണം എന്ന പൊതു തത്ത്വമുയർത്തിയാണ് അദ്ദേഹം തന്റെ വാദഗതി സമർഥിക്കുന്നത്.

മതപരിത്യാഗം നടത്തിയതിന്റെ പേരിൽ, വധശിക്ഷക്കു വിധേയരായ ചില ചരിത്രസംഭവങ്ങളും പറയപ്പെടുന്നുണ്ട്. അതിലൊന്ന് സകാത്ത് നിഷേധിച്ചവരോട് അബൂബക്ർ (റ) യുദ്ധം ചെയ്തതാണ്. എന്നാൽ അത്തരം സംഭവങ്ങളൊക്കെയും വിശ്വാസം ഉപേക്ഷിച്ച കാരണം കൊണ്ടുമാത്രമല്ല, മറി


ഇസ്‌ലാം സ്വീകരിച്ച ശേഷം അതുപേക്ഷിച്ച നിരവധി സംഭവങ്ങൾ പ്രവാചക കാലഘട്ടത്തിലേ ഉണ്ടായിട്ടുണ്ട്. അതിൽ പലരും ഇസ്‌ലാം ഉപേക്ഷിക്കുക മാത്രമല്ല, മുസ്‌ലിം സമൂഹത്തിന് ഏറെ ഉപദ്രവങ്ങളേൽപ്പിക്കുകയും ചെയ്തു. അവരെയൊക്കെ നബിക്ക് വ്യക്തിപരമായി അറിയാമായിരുന്നു. എന്നിട്ടും അവരെ വധിക്കാനോ അപായപ്പെടുത്താനോ തിരുമേനി മുതിർന്നില്ല.

ച്ച്, രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട കാരണങ്ങൾ കൂടി അവക്കു പിന്നിൽ ഉണ്ടായിരുന്നു എന്നാണ് അൽവാനിയുടെ മറുപടി. വിശ്വാസം ഉപേക്ഷിച്ചു എന്ന ഒറ്റക്കാരണം കൊണ്ട് വധിക്കപ്പെടുക എന്നാൽ, അനേകം സൂക്തങ്ങളിലൂടെ ഖുർആൻ പ്രഖ്യാപിക്കുന്ന വിശ്വാസസ്വാതന്ത്ര്യത്തിന് നേർക്കുനേരെ എതിരാകുന്നു എന്നാണ്. ഇതെങ്ങനെ ശരിയാകും? അതിനാൽ മുർതദ്ദിന് വധശിക്ഷ എന്നത് ഖുർആനികവിരുദ്ധവും അതിനാൽതന്നെ അസ്വീകാര്യവുമാണ് എന്നാണ് ഗ്രന്ഥകാരൻ സമർഥിക്കുന്നത്.

**അൽവാനിയെക്കുറിച്ച്**

ഡോ. താഹാ ജാബിർ അൽവാനി കേരള മുസ്‌ലിം വായനക്കാർക്ക് അപരിചിതനായിരിക്കില്ല. *അദബുൽ ഇഖ്തിലാഫ് ഫിൽ ഇസ്‌ലാം, ഫിഖ്ഹുൽ അഖല്ലിയ്യ* തുടങ്ങിയ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ആഗോളതലത്തിൽ ശ്രദ്ധേ നേടിയതും മുസ്‌ലിം ചിന്തകർക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതുമാണ്. ഇറാഖിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം, ഈജിപ്തിലെ അസ്ഹറിൽനിന്ന് ഡോക്ടറേറ്റ് നേടിയ അൽവാനി പിന്നീടുള്ള പത്തു വർഷക്കാലം സുഊദിയിലെ മുഹമ്മദ് ബിൻ സുഊദ് യൂനിവേഴ്സിറ്റിയിൽ അധ്യാപകനായിരുന്നു. എൺപതുകളുടെ തുടക്കത്തിൽ യു.എസിലേക്കു കുടിയേറുകയും വിവിധ യൂനിവേഴ്സിറ്റികളിൽ സേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. 1983-ൽ പ്രഫ. ഇസ്മാഈൽ റാജി ഫാറൂഖിയുമായി ചേർന്ന് ഇന്റർനാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് തോട്ടിന് അസ്തിവാരമിട്ടു. ഫാറൂഖിയുടെ മരണശേഷം, ദീർഘകാലം സ്ഥാപനത്തിന്റെ അമരക്കാരനായിരുന്നു. 2016-ൽ മരണപ്പെടുമ്പോൾ, IIIT-യുടെ ചെയർമാനായിരുന്നു അൽവാനി.

IIIT അതിന്റെ ഉത്ഭവകാലം മുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, ലിബറൽ നിരീശ്വര പ്രസ്ഥാനങ്ങൾ പാശ്ചാത്യലോകത്ത് ഇസ്‌ലാമിനെതിരിൽ നിരന്തരം ഉയർത്തിവിടുന്ന ചോദ്യങ്ങളെ ബുദ്ധിപരമായും അക്കാദമികമായും അഡ്രസ്സ് ചെയ്യുന്നതിനാണ്. പടിഞ്ഞാറ് വികസിപ്പിച്ച അക്കാദമിക ടൂളുകൾ ഉപയോഗപ്പെടുത്തി, അവർ നിഷ്കർഷിക്കുന്ന അക്കാദമിക നിലവാരത്തിൽ, ഗവേഷണപഠനങ്ങൾക്ക് ചുക്കാൻ പിടിക്കുകയാണ് കഴിഞ്ഞ മൂന്നരപതിറ്റാണ്ടായി IIIT. ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങളെ ബൗദ്ധികമായി അഭിമുഖീകരിക്കാൻ കെൽപ്പുള്ള ഐഡിയോളജിയായും നാഗരികതയായും ഇസ്‌ലാമിനെ അവതരിപ്പിക്കുന്നതിൽ കുറഞ്ഞ കാലത്തിനിടയിൽതന്നെ IIIT ഏറെ മുന്നോട്ടു പോയിട്ടുണ്ട്. അറബിയിലും ഇംഗ്ലീഷിലുമായി IIIT പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ മാത്രം മതി, പുതിയ കാലത്ത് മുസ്‌ലിം ലോകത്തിന്റെ ബൗദ്ധികമുന്നേറ്റത്തിൽ അത് വഹിച്ച ചരിത്രപരമായ പങ്ക് മനസ്സിലാക്കാൻ.




ഇസ്‌ലാംവിമർശകർ നിരന്തരം ഉന്നയിക്കുന്ന ഒരു ആരോപണത്തിന്റെ യഥാർഥ വസ്തുതകൾ അറിയുക മാത്രമല്ല, ഈ പുസ്തകത്തിന്റെ വായനയിലൂടെ സാധ്യമാകുന്നത്. വിമർശനങ്ങളെ സത്യസന്ധമായും അക്കാദമികമായും എങ്ങനെ സമീപിക്കാം എന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് ഈ പുസ്തകം. ഇസ്‌ലാമിക വിഷയങ്ങളിൽ, വിശിഷ്യാ ഫിഖ്ഹ്-ശരീഅ വിഷയങ്ങളിലെ പഠിതാക്കൾക്കും ഗവേഷകർക്കും, ഗവേഷണത്തിന്റെ രീതിശാസ്ത്രം മനസ്സിലാക്കാൻ അവലംബിക്കാവുന്ന ഒരു മാതൃകാകൃതി കൂടിയാണ് ഈ പുസ്തകം. ●


**മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്**

**പ്രബോധനം**

ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട് – 12
Ph: 0495 2730073, 2730744

**വരിസംഖ്യ**

| | |
|---|---|
| 2 വർഷം | 1200 |
| 1 വർഷം | 600 |
| 6 മാസം | 300 |

**Beneficiary:**
**Prabodhanam Weekly**
**Federal Bank - Nadakavu Branch**
**Current A/C No.**
**13000200015019**
**IFSC Code: FDRL0001300**

**ബാങ്കിൽ പണമടക്കുന്നവർ ഏജൻസിയാണെങ്കിൽ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്.**



# കടം തിരിച്ചു കൊടുക്കുമ്പോൾ സമ്മാനം നൽകാമോ?

പ്രശ്നവും വീക്ഷണവും / മുശീർ

**കുറച്ചു മുമ്പ് ഒരു സുഹൃത്ത് എന്നോട് ഒരു സംഖ്യ കടം വാങ്ങിച്ചു. ഈയിടെ അദ്ദേഹമത് തിരിച്ചു തരികയും ചെയ്തു. നല്ല സാമ്പത്തിക നിലയിലെത്തിയ അദ്ദേഹം വിലപിടിപ്പുള്ള ഒരു സമ്മാനവും അതോടൊപ്പം എനിക്ക് സന്തോഷപൂർവം തന്നു. ഞാനത് സ്വീകരിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ കടം കൊടുത്തവൻ സമ്മാനം സ്വീകരിക്കാൻ പാടില്ലെന്നും അത് പലിശയാണെന്നും ഒരുപ്രസംഗത്തിൽ കേട്ടു. ഈവിഷയകമായി ദീനിന്റെ നിലപാട് എന്താണ്?**

ഇതിനെ രണ്ടു ചോദ്യമാക്കി വിശദീകരിക്കാം. ഒന്ന്: കടം നൽകിയ വ്യക്തിക്ക് കടം മേടിച്ച വ്യക്തി വല്ല സമ്മാനമോ മറ്റോ നൽകിയാൽ അതു സ്വീകരിക്കാൻ പറ്റുമോ? ഇതിന്റെ ഉത്തരമാണ് ആദ്യം പറയുന്നത്:

കടം മേടിച്ച വ്യക്തി, സുഹൃദ്ബന്ധത്തിന്റെ പേരിലോ അയൽപക്കബന്ധത്തിന്റെ പേരിലോ, തനിക്ക് കടംതന്നു സഹായിച്ചയാൾ എന്ന പേരിലോ കടംനൽകിയ വ്യക്തിക്ക് വല്ല സമ്മാനമോ മറ്റോ നൽകിയാൽ, മുൻധാരണ പ്രകാരമോ, ഉപാധി വെച്ചു കൊണ്ടോ, പണമായോ മറ്റു വല്ലതുമായോ വല്ല പാരിതോഷികവും സ്വമേധയാ നൽകിയാൽ അതു സ്വീകരിക്കാമെന്നാണ് ശരീഅത്ത് പഠിപ്പിക്കുന്നത്. ഈ ഹദീസുകൾ കാണുക:

അബൂഹുറയ്റയിൽനിന്ന്: ഒരാൾ നബിയുടെ അടുത്തു വന്ന് തന്റെ കടംവീട്ടാൻ ആവശ്യപ്പെട്ട് പരുഷമായി സംസാരിച്ചു. അനുചരന്മാർ അയാളെ ചീത്തപറയാനും അടിക്കാനും മുതിർന്നു. അപ്പോൾ നബി പറഞ്ഞു: അയാളെ വിട്ടേക്കുക. തീർച്ചയായും അവകാശം ലഭിക്കേണ്ടവന് സംസാരിക്കാനുള്ള അധികാരമുണ്ട്. തുടർന്ന് അവിടുന്ന് പറഞ്ഞു: അയാൾ തന്ന ഒട്ടകത്തിന് തുല്യമായ പ്രായമുള്ളതിനെ അയാൾക്ക് നൽകുക. അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അയാളുടെ ഒട്ടകത്തേക്കാൾ മുന്തിയതല്ലാത്തതൊന്നും ഞങ്ങളിവിടെ കാണുന്നില്ല? അപ്പോൾ നബി(സ)

പറഞ്ഞു: നിങ്ങൾ അത് നൽകുക, നിങ്ങളിൽ ഏറ്റവും ഉത്തമൻ ഏറ്റവും നന്നായി കടംവീട്ടുന്നവനാണ് (ബുഖാരി: 2306).

ജാബിറുബ്നു അബ്ദില്ലയിൽ നിന്ന്: ഒരിക്കൽ പൂർവാഹ്നവേളയിൽ ഞാൻ നബി(സ)യെ പള്ളിയിൽ ചെന്നു കാണുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: 'രണ്ടു റക്അത്ത് നമസ്കരിച്ചോളൂ. പിന്നീട് എനിക്ക് തന്നു വീട്ടാനുണ്ടായിരുന്ന കടം അദ്ദേഹം തിരിച്ചുതന്നു, കുറച്ച് അധികവും തന്നു' (ബുഖാരി: 2394).

ഇമാം നവവി പറയുന്നു: 'ഒരാൾക്ക് വീട്ടേണ്ട കടമോ മറ്റോ ഉണ്ടെങ്കിൽ അതിനേക്കാൾ ഉത്തമമായത് തിരിച്ചു കൊടുക്കുന്നത് അഭികാമ്യമാണെന്നതിന് ഈ ഹദീസിൽ തെളിവുണ്ട്. അങ്ങനെ ചെയ്യുന്നത് പ്രവാചകചര്യയിലും ഉത്തമമായ സ്വഭാവഗുണങ്ങളിലും പെട്ടതാണ്. ഇത് കടത്തിന്റെ പേരിൽ എന്തെങ്കിലും ആനുകൂല്യം പറ്റുക എന്ന വിലക്കപ്പെട്ട കാര്യത്തിൽപെട്ടതല്ല, കടമിടപാടിൽ അത്തരം ഉപാധി വെക്കുന്നതാണ് വിലക്കപ്പെട്ടിട്ടുള്ളത്. അതിനാൽ കടം നൽകിയവന് അത് സ്വീകരിക്കാവുന്നതാണ്, അത് ഗുണത്തിലുള്ള വർധനവായാലും, എണ്ണത്തിലുള്ള വർധനവായാലും തുല്യമാണ്. പത്തു നൽകിയതിന് പതിനൊന്ന് തിരിച്ചുനൽകുന്നതു പോലെ' (*ശറഹു മുസ്ലിം*: 3002).

ഹാഫിള് ഇബ്നുഹജർ പറയുന്നു: 'ഇടപാടിൽ നിബന്ധന വെച്ചിട്ടില്ലെങ്കിൽ കടംവാങ്ങിച്ചതിനേക്കാൾ ഉത്തമമായത് തിരിച്ചടക്കാമെന്നതിന് ഇതിൽ തെളിവുണ്ട്. എന്നാൽ അങ്ങനെ ഉപാധിയുണ്ടെങ്കിൽ അത് ഹറാമാകുമെന്നാണ് പണ്ഡിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം' (*ഫത്ഹുൽ ബാരി*: 2215).

ഇമാം ഇബ്നുഖുദാമ പറയുന്നു: 'യാതൊരു നിബന്ധനയും വെക്കാതെ നിരുപാധികം കടം കൊടുക്കുന്നതും, എന്നിട്ട് അളവിലോ ഗുണത്തിലോ അതേക്കാൾ മുന്തിയത് തിരിച്ചുകൊടുക്കുന്നതും, അല്ലെങ്കിൽ പരസ്പര പൊരുത്തത്തോടെ അതിനേക്കാൾ താണത് തിരിച്ചുകൊടുക്കുന്നതും സാധുവാകും' (*മുഗ്നി:* നമ്പർ: 3264).

രണ്ട്: കടം കൊടുത്ത വ്യക്തി ആ കടത്തിന്റെ പേരിൽ എന്തെങ്കിലും ആനുകൂല്യം പറ്റുന്നതിന് വല്ല കുഴപ്പവുമുണ്ടോ?

കടത്തിന്റെ പേരിൽ ഉത്തമർണൻ പറ്റുന്ന എല്ലാ ആനുകൂല്യങ്ങളും നിഷിദ്ധമാണെന്ന കാര്യത്തിൽ ഇസ്ലാമിക പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. 'ഏതെങ്കിലും ഒരു ആനുകൂല്യം നേടിത്തരുന്ന എല്ലാതരം കടവും പലിശയാണ്' എന്ന ഹദീസ് കൂടി ഈ വിഷയത്തിൽ ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ കാണാം. അതേസമയം കടം വാങ്ങിയ വ്യക്തി സ്വമേധയാ ഇഷ്ടപ്പെട്ട് കടം തന്നയാൾക്ക് വല്ലതും നൽകുന്നതിന് വിലക്കൊന്നുമില്ലെന്ന് മാത്രമല്ല അത് പ്രോത്സാഹജനകമാണെന്നു കൂടി നാം കണ്ടു. എന്നിട്ട് കൂടി സ്വഹാബിമാർ അത്തരം വല്ലതും സ്വീകരിക്കുന്നതിൽനിന്ന് വിട്ടുനിന്നിരുന്നു. ഹറാമാകാൻ സാധ്യതയുള്ള ഒന്നും തങ്ങളുടെ സമ്പത്തിൽ കലരരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു.

അബൂബുർദയിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ മദീനയിൽ എത്തിയപ്പോൾ അബ്ദുല്ലാ



> കടം മേടിച്ച വ്യക്തി, സുഹൃദ്ബന്ധത്തിന്റെ പേരിലോ അയൽപക്ക ബന്ധത്തിന്റെ പേരിലോ, തനിക്ക് കടംതന്നു സഹായിച്ചയാൾ എന്ന പേരിലോ കടം നൽകിയ വ്യക്തിക്ക് വല്ല സമ്മാനമോ മറ്റോ നൽകിയാൽ, മുൻധാരണ പ്രകാരമോ, ഉപാധി വെച്ചുകൊണ്ടോ, പണമായോ മറ്റു വല്ലതുമായോ വല്ല പാരിതോഷികവും സ്വമേധയാ നൽകിയാൽ അതു സ്വീകരിക്കാമെന്നാണ് ശരീഅത്ത് പഠിപ്പിക്കുന്നത്.

ഹിബ്നു സലാമി(റ)നെ കണ്ടുമുട്ടി. അദ്ദേഹം എന്നോട് പറഞ്ഞു: 'പലിശ വ്യാപകമായ ഒരു നാട്ടിലാണല്ലോ, താങ്കൾ (ഇറാഖാണ് ഉദ്ദേശ്യം). താങ്കൾക്ക് ആരെങ്കിലും വല്ല കടവും തരാനുണ്ടെന്നിരിക്കട്ടെ, എന്നിട്ടയാൾ താങ്കൾക്കൊരു കെട്ട് വൈക്കോലോ, ഒരു കൊട്ട ബാർലിയോ, ഒരു കൊട്ട കാലിത്തീറ്റയോ കൊണ്ടുവന്നുതരുന്നുണ്ടെങ്കിൽ താങ്കളത് സ്വീകരിക്കരുത്. കാരണം അത് പലിശയാണ്' (ബുഖാരി 3814).

യഹ്യബ്നു അബീ ഇസ്ഹാഖിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ അനസുബ്നു മാലികിനോട് ചോദിച്ചു: 'ഞങ്ങളിലൊരാൾ കടം നൽകി, പിന്നെ കടം മേടിച്ചവൻ വല്ല സമ്മാനവും നൽകുകയാണെങ്കിൽ അത് സ്വീകരിക്കാമോ?' അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെ റസൂൽ (സ) ഇങ്ങനെ പറഞ്ഞിട്ടുണ്ട്: നിങ്ങളിലാരെങ്കിലും ഒരാൾക്ക് കടം നൽകുകയും തദടിസ്ഥാനത്തിൽ നിങ്ങൾക്ക് വല്ലതും സമ്മാനമായി നൽകുകയോ, അല്ലെങ്കിൽ അയാളുടെ വാഹനത്തിൽ നിങ്ങളെ കയറ്റുകയോ ചെയ്തെന്നിരിക്കട്ടെ. എങ്കിലത് സ്വീകരിക്കരുത്; നേരത്തേ അവർ തമ്മിൽ അങ്ങനെ ഒരു ശീലം ഉണ്ടെങ്കിലല്ലാതെ'' (ഇബ്നുമാജ: 2432).

ഉബയ്യ്, ഇബ്നു മസ്ഊദ്, അബ്ദുല്ലാഹിബ്നു സലാം(റ) തുടങ്ങി സ്വഹാബിമാരിലെ പല പ്രമുഖരും കടം വാങ്ങിയവൻ കടം നൽകിയവന് കൊടുക്കുന്ന യാതൊന്നും സ്വീകരിക്കാവതല്ല, അത് പലിശയാണ് എന്ന അഭിപ്രായക്കാരാണ് (*ഇഅ്ലാമുൽ മുവഖിഈൻ* 3/136).

പ്രമുഖ സ്വഹാബി ഉബയ്യുബ്നു കഅ്ബ് (റ) ഒരിക്കൽ ഉമറി(റ)ൽനിന്ന് 10000 ദിർഹം കടം വാങ്ങി. ഉബയ്യുബ്നു കഅ്ബ് (റ) തന്റെ തോട്ടത്തിൽ വിളഞ്ഞ ഈത്തപ്പഴം ഉമറിന് കൊടുത്തയച്ചു. മദീനയിൽ ഏറ്റവുമാദ്യം വിളയുന്ന മുന്തിയ ഇനം ഈത്തപ്പഴമായിരുന്നു ഉബയ്യിന്റേത്. താനുമായി സൗഹൃദമുള്ളവർക്കും ആദരവ് അർഹിക്കുന്നവർക്കും അദ്ദേഹം ആദ്യത്തെ വിളവിൽനിന്ന് ഓരോ വിഹിതം കൊടുത്തയക്കാറുണ്ടായിരുന്നു. കൂട്ടത്തിൽ താനേറെ ബഹുമാനിക്കുന്ന ഉമറിനും ഒരോഹരി കൊടുത്തയച്ചു. താൻ ഉബയ്യിന് 10000 ദിർഹം കടംകൊടുത്ത സ്ഥിതിക്ക് ഉമർ അത് നിരസിക്കുകയാണുണ്ടായത്. ഇതിൽ ക്ഷുഭിതനായ ഉബയ്യ് താൻ വാങ്ങിച്ച കടം അവധിയെത്തും മുമ്പ്, തന്റെ ആവശ്യം പൂർത്തിയാക്കും മുമ്പ് അതേപടി തിരിച്ചയച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ''ഞാൻ സന്തോഷപൂർവം താങ്കൾ ഭക്ഷിക്കണമെന്നാഗ്രഹിച്ച് കൊടുത്തയച്ചതായിരുന്നു ആ ഈത്തപ്പഴം. താങ്കൾ എനിക്ക് കടംതന്നു എന്നത് അത് സ്വീകരിക്കാൻ തടസ്സമാകുമെങ്കിൽ എനിക്കാ കടം വേണ്ടതില്ല.'' അന്നേരം ഉമർ അത് സ്വീകരിച്ചു (*മുസ്വന്നഫ്* 14467, 8/142).

യഹ്യബ്നു യസീദ് പറയുന്നു: കടം നൽകിയവന് അധമർണൻ പാരിതോഷികം നൽകുന്നതിനെപ്പറ്റി ഞാൻ അനസി(റ)നോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'നേരെത്തേ അങ്ങനെ പാരിതോഷികം നൽകാറുണ്ടായിരുന്നെങ്കിൽ കുഴപ്പമില്ല, എന്നാൽ മുമ്പ് അങ്ങനെ പാരിതോഷികം നൽകുന്ന പതിവില്ലായെങ്കിൽ ശരിയാവുകയില്ല (അബൂശൈബയുടെ *മുസ്വന്നഫ്:* 21057).


ഉബയ്യുബ്നു കഅ്ബ് പറഞ്ഞു: നീ വല്ല കടവും കൊടുക്കുകയും അങ്ങനെ ആ കടം തിരിച്ചുതരാനായി കൂട്ടത്തിൽ ഒരു പാരിതോഷികവുമായി വന്നാൽ ആ കടം നീ തിരിച്ചുവാങ്ങിക്കുകയും, പാരിതോഷികം അദ്ദേഹത്തിനു തന്നെ തിരിച്ചുകൊടുക്കുകയും ചെയ്തേക്കുക (21057).

ഇമാം മാലികിൽനിന്ന് നിവേദനം: ഒരാൾ ഇബ്നുഉമറിന്റെയടുത്തു വന്നു കൊണ്ട് ചോദിച്ചു: ഓ, അബൂ അബ്ദുർറഹ്മാൻ, ഞാൻ ഒരാൾക്ക് ഒരു കടം കൊടുത്തു. ഞാൻ കൊടുത്തതിനേക്കാൾ മികച്ചത് തിരിച്ചുതരണമെന്ന് നിബന്ധനയും വെച്ചു. അപ്പോൾ ഇബ്നുഉമർ പറഞ്ഞു: അതാണ് പലിശ. അദ്ദേഹം ചോദിച്ചു: പിന്നെ ഞാനെങ്ങനെ ചെയ്യണമെന്നാണ് താങ്കൾ നിർദേശിക്കുന്നത്? അപ്പോൾ ഇബ്നുഉമർ പറഞ്ഞു: കടം മൂന്ന് രൂപത്തിലാണ്: അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് നീ നൽകുന്ന കടം, അപ്പോൾ നിനക്ക് അല്ലാഹുവിന്റെ പ്രീതി ലഭിക്കും. കടം വാങ്ങിക്കുന്നവന്റെ പ്രീതിയാഗ്രഹിച്ചുകൊണ്ട് നീ നൽകുന്ന കടം, അപ്പോൾ നിനക്ക് അവന്റെ പ്രീതിയല്ലാതെ ലഭിക്കുകയില്ല. നല്ലത് കൊടുത്ത് ചീത്ത തിരിച്ചുവാങ്ങാനുദ്ദേശിച്ച് നീ നൽകുന്ന കടം. അദ്ദേഹം ചോദിച്ചു: ഇനി ഞാനെന്തു ചെയ്യണമെന്നാണ് താങ്കൾ നിർദേശിക്കുന്നത്? താങ്കൾ സംഖ്യ കൊടുക്കുക, കൊടുത്തത് പോലെ തിരിച്ചുതന്നാൽ അത് സ്വീകരിക്കുക, ഇനി കൊടുത്തതിനേക്കാൾ കുറച്ചാണ് തിരിച്ചുതന്നത്, അത് സ്വീകരിക്കുകയാണെങ്കിൽ നിനക്ക് പ്രതിഫലമുണ്ട്. ഇനി അദ്ദേഹം സ്വയം ഇഷ്ടപ്പെട്ട് മനപ്പൊരുത്തത്തോടെ നീ കൊടുത്തതിനേക്കാൾ മുന്തിയതാണ് തിരിച്ചുതരുന്നതെങ്കിൽ അത് അദ്ദേഹം നിന്നോട് കാണിക്കുന്ന ഒരു കൃതജ്ഞതയാണ്. നീ അവന് സാവകാശം നൽകിയതിനുള്ള പ്രതിഫലവും (അബ്ദുർറസ്സാഖിന്റെ *മുസ്വന്നഫ്:* 14662).

കടം കൊടുക്കുക ഇസ്‌ലാമിൽ ഒരു പുണ്യകർമമാണ്. ഉള്ളവനേ അത് കൊടുക്കേണ്ടതുള്ളൂ, ഇല്ലാത്തവനേ അത് ചോദിക്കേണ്ടതുമുള്ളൂ. ആ ഇല്ലായ്മ ചൂഷണോപാധിയാക്കാവതല്ല. അതുകൊണ്ടുതന്നെ കടം കൊടുത്തവൻ ആ പേരിൽ പറ്റുന്ന ഏതൊരാനുകൂല്യവും പലിശയുടെ ഇനത്തിലാണ് ഇസ്‌ലാം പെടുത്തിയിരിക്കുന്നത്. ●

**സി.കെ.എ ജബ്ബാർ**

# മാറ്റത്തിന്റെ ഉടയാടയണിഞ്ഞ് അപൂർവ ഈദ് സംഗമം




**കണ്ണൂർ:** കോടിയുടുക്കാത്ത പെരുന്നാളിൽ വ്രതശുദ്ധിയുടെയും കോവിഡ്കാല മാറ്റത്തിന്റെയും ഹൃദയവസ്ത്രമണിഞ്ഞ് അപൂർവ ഈദ് സുഹൃദ് സംഗമം. പെരുന്നാൾ ദിവസം കണ്ണൂർ യൂനിറ്റി സെന്റർ സംഘടിപ്പിച്ച ഓൺലൈൻ സംഗമത്തിൽ സാഹിത്യ സാംസ്കാരിക രാഷ്ട്രീയ മത രംഗത്തെ പ്രമുഖർ പങ്കെടുത്തു. എല്ലാ വർഷവും കണ്ണൂർ യൂനിറ്റി സെന്ററിൽ പെരുന്നാൾ നമസ്കാരം വീക്ഷിക്കാനും ആശംസകൾ അർപ്പിക്കാനും ഇതര മതസ്ഥർക്ക് വേദിയൊരുക്കാറുണ്ട്. ഇത്തവണ കോവിഡ് നിയന്ത്രണത്തിൽ അത് മുടങ്ങിയപ്പോൾ, ശാരീരികമായി അകന്നിരിക്കുമ്പോഴും സാമൂഹികമായ സ്നേഹവും ഒരുമയും നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് യൂനിറ്റി സെന്റർ പെരുന്നാൾ സംഗമം സംഘടിപ്പിച്ചത്. അതിഥികളും ക്ഷണിതാക്കളും ഒത്തുകൂടിയ സൂം മീറ്റിംഗ്, യൂനിറ്റി മീഡിയ ഡോട്ട് കോം സംപ്രേഷണം ചെയ്തു.

ജമാഅത്തെ ഇസ്‌ലാമി കണ്ണൂർ ജില്ലാ പ്രസിഡന്റ് പി.കെ മുഹമ്മദ് സാജിദ് നദ്‌വി അധ്യക്ഷത വഹിച്ചു. സാഹിത്യകാരന്മാരായ ടി. പത്മനാഭൻ, സച്ചിദാനന്ദൻ, സി. രാധാകൃഷ്ണൻ, കെ.ടി ബാബുരാജ്, കണ്ണൂർ വിമാനത്താവള ഡയറക്ടർ വി. തുളസീദാസ്, സബ് ജഡ്ജ് സി. സുരേഷ് കുമാർ, കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ, സി.പി.ഐ നേതാവ് മുൻ എം.പി പന്ന്യൻ രവീന്ദ്രൻ, പി.കെ പാറക്കടവ്, കണ്ണൂർ രൂപത വികാരി ജനറൽ ഫാ. ദേവസ്യ ഈരത്തറ, ഫാ. ജോസഫ് കാവനാടിൻ (തലശ്ശേരി അതിരൂപത), ജമാഅത്തെ ഇസ്‌ലാമി മേഖലാ നാസിമുമാരായ വി.പി ബശീർ, യു.പി സിദ്ദീഖ് മാസ്റ്റർ, സുഹൃദ് വേദി ജില്ലാ സെക്രട്ടറി കെ.വി ജയരാജൻ, സതീശൻ മൊറായി തുടങ്ങിയവർ സംഗമത്തിൽ സംസാരിച്ചു.

പെരുന്നാളിൽ ഇത്തരമൊരു കൂടിച്ചേരൽ തന്റെ ജീവിതത്തിലെ ആദ്യാനുഭവമാണെന്ന് കണ്ണൂർ വിമാനത്താവള ഡയറക്ടർ വി. തുളസീദാസ് പറഞ്ഞു. സഹിഷ്ണുതയും സഹാനുഭൂതിയും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ഖുർആനിന്റെ സന്ദേശത്തിന് ഏറെ പ്രസക്തിയുണ്ടെന്ന് കഥാകാരൻ ടി. പത്മനാഭൻ പറഞ്ഞു. വേദങ്ങളുടെ മൂല്യസങ്കൽപം ഉൾക്കൊള്ളാത്തതാണ് പ്രശ്നമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നന്മയുടെ പക്ഷം ജയിച്ചു കയറാനുള്ളതാണ് വ്രതവും ധ്യാനവുമെന്ന് സാഹിത്യകാരൻ സി. രാധാകൃഷ്ണൻ പറഞ്ഞു. കൊറോണയുടെ ഈ പ്രതിസന്ധി കാലത്ത് ഏറെ പ്രസക്തമാണിത്. വികാരങ്ങളെ നിയന്ത്രിക്കുക എന്നതാണ് ഏത് പ്രതിസന്ധി ഘട്ടത്തിലെയും ആയുധം. ദാനം നൽകി ശരീരം ശുദ്ധീകരിച്ചാലേ ധ്യാനം സഫലമാവുകയുള്ളൂ. ഇത് രണ്ടും റമദാൻ വല്ലാതെ മുന്നോട്ട് വെക്കുന്ന ഗുണങ്ങളാണ്. സാഹോദര്യത്തിന്റെ ആശ്ലേഷം പോലും വിലക്കപ്പെട്ട കാലത്ത് ഒത്തുചേരാൻ പറ്റിയ ഉചിത മാർഗമാണ് യൂനിറ്റി സെന്റർ ഒരുക്കിയതെന്ന് സച്ചിദാനന്ദൻ. ഉയർന്ന അടിസ്ഥാന ധാർമിക മൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്ന കാലമാണ് റമദാൻ. സാഹോദര്യം, കാരുണ്യം, ദാനം എന്നീ ഉയർന്ന മൂല്യങ്ങളെയാണ് റമദാൻ പ്രതിനിധീകരിക്കുന്നത്. ഇവയുടെ മൂല്യശോഷണമാണ് ഹിംസക്കും ഭീകരവാദത്തിനും ഇടയാക്കുന്നത്. അതിനാൽ റമദാൻ ഏറെ പ്രസക്തി നിറഞ്ഞ കാലത്താണ് കടന്നു വന്നതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

യൂനിറ്റി സെന്ററിൽ പെരുന്നാൾ പ്രാർഥന നേരിൽ കാണാനിടയായ അനുഭവം സബ് ജഡ്ജ് സി. സുരേഷ് കുമാർ പങ്കുവെച്ചു. കൊറോണ വരുത്തിയ മാറ്റത്തിൽ മനുഷ്യനൊഴികെയുള്ള ജീവജാലങ്ങൾക്കും പ്രകൃതിക്കുമാണ് സ്വാതന്ത്ര്യം കിട്ടിയത്. മനുഷ്യനെ ഒന്നിപ്പിക്കുന്ന മൂല്യമാണ് മതമെന്ന തിരിച്ചറിവാണ് വേണ്ടത്. സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുന്ന വിശ്വാസി സഹജീവിയുടെ ജീവിതക്ഷേമവും പരിഗണിക്കണം. അതിനുള്ള അവസരമാണിത്. ജസ്റ്റിസ് സുരേഷ് കുമാർ പറഞ്ഞു.

ലോകസമാധാനത്തിനും മാനവികതക്കും വേണ്ടിയുള്ള പ്രാർഥനയും പ്രവർത്തനവും നിർവഹിക്കേണ്ട സമയമാണിതെന്ന് പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു. കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ, സി.പി.ഐ നേതാവ് പന്ന്യൻ രവീന്ദ്രൻ, കണ്ണൂർ അതിരൂപത വികാർ ജനറൽ ഫാ. ദേവസ്യ ഈരത്തറ, പി.കെ പാറക്കടവ് തുടങ്ങിയവരും സംസാരിച്ചു.

യൂനിറ്റി സെന്റർ സെക്രട്ടറി കെ.എം മഖ്ബൂൽ സ്വാഗതം പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമി ജില്ലാ സെക്രട്ടറി സി.കെ.എ ജബ്ബാർ, സോഷ്യൽ മീഡിയ കൺവീനർ മുശ്താഖ് അഹ്മദ്, കളത്തിൽ ബശീർ, അസ്ഹർ ഏഴര എന്നിവർ നേതൃത്വം നൽകി.

# പീപ്പ്ൾസ് ഫൗണ്ടേഷൻ 30000 പെരുന്നാൾ കിറ്റുകൾ നൽകി

**കോഴിക്കോട്:** പീപ്പ്ൾസ് ഫൗണ്ടേഷൻ പെരുന്നാളിന് നിർധന കുടുംബങ്ങൾക്കായി 30000 ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. പതിനാല് ജില്ലകളിലായി പീപ്പ്ൾസ് ഫൗണ്ടേഷൻ ഏരിയാ കോഡിനേറ്റർമാർ മുഖേനയാണ് ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്തത്. പിന്നാക്ക - മലയോര-തീര-ചേരി പ്രദേശങ്ങളിലെയും, കൊറോണ പകർച്ചവ്യാധി മൂലം തൊഴിലില്ലാതെ നിത്യവൃത്തിക്ക് പ്രയാസം നേരിടുന്ന കുടുംബങ്ങൾക്കും മുൻഗണന നൽകി. നേരത്തേ നടപ്പാക്കിയ ഇഫ്ത്വാർ പദ്ധതിയിലൂടെ പന്ത്രണ്ടായിരത്തിൽ പരം കുടുംബങ്ങൾക്ക് റമദാനിൽ ഒരു മാസത്തെ ഭക്ഷണ സാധനങ്ങൾ പീപ്പ്ൾസ് ഫൗണ്ടേഷൻ എത്തിച്ചുനൽകിയിരുന്നു. കുടുംബ നാഥന്മാർ വീടുകളിലും മറ്റും രോഗസംശയത്താൽ നിരീക്ഷണത്തിൽ കഴിയുന്ന നിത്യജീവിതത്തിന് പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ എത്തിച്ചു നൽകാൻ എല്ലാ ജില്ലകളിലും ഏരിയാതലങ്ങളിലും ലോക്ക് ഡൗണിന്റെ തുടക്കം മുതൽ തന്നെ പീപ്പ്ൾസ് ഫൗണ്ടേഷൻ സൗകര്യ മൊരുക്കിയിരുന്നു. 16873 കുടുംബങ്ങൾക്കാണ് ഇതിലൂടെ ഭക്ഷണ കിറ്റുകൾ എത്തിച്ചു നൽകിയത്. പുറമ്പോക്കിൽ താമസിക്കുന്നവർ, റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾ, നിത്യ രോഗികൾ, പാരാപ്ലീജിയ രോഗികൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ തുടങ്ങി ഏറ്റവും പ്രയാസം നേരിടുന്നവർക്കാണ് ഭക്ഷണ ധാന്യങ്ങൾ അടങ്ങിയ കിറ്റുകൾ നൽകിയത്. 17931 പേർക്ക് ഭക്ഷണ പൊതികളും എത്തിച്ചു നൽകി. ഭവന രഹിതരുടെ ക്യാമ്പിലേക്കും അതിഥി തൊഴിലാളികൾ, തെരുവിൽ അന്തിയുറങ്ങുന്നവർ എന്നിങ്ങനെ നിരവധി പേർക്ക് ദിവസവും പീപ്പ്ൾസ് ഫൗണ്ടേഷൻ വളന്റിയർമാർ പാചകം ചെയ്ത ഭക്ഷണം എത്തിച്ചു നൽകുന്നുണ്ട്.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 21000-ത്തിൽ പരം മാസ്ക്കുകൾ ഇതുവരെ നിർമിച്ചു നൽകുകയും, 2922 ബോട്ട്ൽ സാനിറ്റൈസർ വിതരണം ചെയ്യുകയും ചെയ്തു. കൊല്ലം അഞ്ചലിൽ പ്രവാസി വെൽഫെയർ ഫോറവുമായി ചേർന്ന് മാസ്ക് നിർമാണത്തിനായി പ്രത്യേകം യൂണിറ്റ് തന്നെ പ്രവർത്തിക്കുന്നുണ്ട്. 592 കുടുംബങ്ങൾക്ക് ഭക്ഷണത്തിന് പുറമെയുള്ള മറ്റ് അടിയന്തര സഹായങ്ങളും എത്തിച്ചു. ഇരുന്നൂറ് കുടുംബങ്ങളിലെ നിത്യ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങിച്ചു നൽകി. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി പീപ്പ്ൾസ് ഫൗണ്ടേഷനു കീഴിൽ പ്രവർത്തിക്കുന്ന മാനവ് മൈഗ്രന്റ് വെൽഫെയർ ഫൗണ്ടേഷൻ മാർച്ച് ആദ്യവാരത്തിൽ തന്നെ അതിഥി തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പും കോവിഡ് 19 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിരുന്നു. അവർക്കായുള്ള ഹെൽപ് ഡെസ്ക് സേവനങ്ങൾ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

# പീപ്പ്ൾസ് ഫൗണ്ടേഷൻ പി.പി.ഇ കിറ്റുകൾ കൈമാറി



കാസർകോട് മെഡിക്കൽ കോളേജിനും 100 പി.പി.ഇ കിറ്റുകൾ നൽകി. ജില്ലാ കോഡിനേറ്റർ പി.എസ് അബ്ദുല്ലക്കുഞ്ഞി ജില്ലാ കലക്ടർ ഡോ. സജിത് ബാബുവിന് കിറ്റുകൾ കൈമാറി. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. മനോജ് കുമാർ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ അസി. സെക്രട്ടറി ബി.കെ മുഹമ്മദ് കുഞ്ഞി, ഏരിയാ പ്രസിഡന്റ് അബ്ദുസ്സലാം എരുതുംകടവ്, സി.എ യൂസുഫ് എന്നിവർ സംബന്ധിച്ചു. നേരത്തേ എറണാകുളം കളമശ്ശേരി മെഡിക്കൽ കോളേജിലേക്കും 100 പി.പി.ഇ കിറ്റുകൾ നൽകിയിരുന്നു

**കോഴിക്കോട്:** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പീപ്പ്ൾസ് ഫൗണ്ടേഷൻ കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന് 100 പി.പി.ഇ കിറ്റുകൾ കൈമാറി കൈമാറി. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. സജിത്കുമാർ കിറ്റുകൾ ഏറ്റുവാങ്ങി. പീപ്പ്ൾസ് ഫൗണ്ടേഷൻ ജില്ലാ കോഡിനേറ്റർ ആർ.കെ അബ്ദുൽ മജീദ്, അഡീഷണൽ സൂപ്രണ്ട് ഡോ. സുനിൽകുമാർ, ആർ.എം.ഒ ഡോ. രജ്ഞിനി, കനിവ് മെഡിക്കൽ കോളേജ് സെക്രട്ടറി ശരീഫ് കുറ്റിക്കാട്ടൂർ എന്നിവർ സംബന്ധിച്ചു.

## ബോധനം ത്രൈമാസിക

ലോക്ക് ഡൗണിനെ തുടർന്ന് വൈകിയ ബോധനം ത്രൈമാസിക ജൂലായ് ആദ്യവാരം പ്രസിദ്ധീകരിക്കുന്നതാണ്.

**വാർഷിക വരിസംഖ്യ: 100 രൂപ**

മാനേജർ

# തനിമ യാമ്പു - മദീന റമദാൻ ക്വിസ് വിജയികൾ


ഡോ. ഇർഫാന അമൽ


മുഹമ്മദ് ശരീഫ്


അബ്ബാസ് എടക്കര

**യാമ്പു:** തനിമ സാംസ്കാരിക വേദി യാമ്പു - മദീന സോൺ സംഘടിപ്പിച്ച 'റമദാൻ ക്വിസ് 2020' ഓൺ ലൈവ് മത്സര വിജയികളെ പ്രഖ്യാപിച്ചു. റമദാനിലെ നിശ്ചിത സമയത്ത് എല്ലാ ദിവസവും 'ഓൺ ലൈൻ' വഴി അഞ്ച് ചോദ്യങ്ങൾ നൽകിയായിരുന്നു മത്സരം. യാമ്പുവിലെയും മദീനയിലേയും നിരവധി പേർ പ്രശ്നോത്തരിയിൽ പങ്കെടുത്തു. തനിമ യാമ്പു – മദീന സോണൽ പ്രസിഡന്റ് ജാബിർ വാണിയമ്പലം വിജയികളെ പ്രഖ്യാപിച്ചു. ഡോ. ഇർഫാന അമൽ തിരൂർ ഒന്നാം സ്ഥാനവും മുഹമ്മദ് ശരീഫ് കരുനാഗപ്പള്ളി രണ്ടാം സ്ഥാനവും അബ്ബാസ് എടക്കര മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സലാഹുദ്ദീൻ ചേന്ദമംഗല്ലൂർ, മൂസ മമ്പാട്, മുഹമ്മദ് യാശിഖ് തിരൂർ, സക്കീർ കാര്യവട്ടം, ശക്കീല മുനീർ ചിറ്റാരിപ്പിലാക്കൽ, റാശിദ സലീം വേങ്ങര, തൗഫീഖ് മമ്പാട് എന്നിവരാണ് നാലു മുതൽ പത്ത് വരെ സ്ഥാനം നേടിയവർ. സോണൽ സെക്രട്ടറി സലീം വേങ്ങര, അനീസുദ്ദീൻ ചെറുകുളമ്പ്, നിയാസ് യൂസുഫ്, ജാഫർ എളമ്പിലാക്കോട് എന്നിവർ നേതൃത്വം നൽകി.

# കൈത്താങ്ങായി 'ഒരുമ' ചെന്നൈ

**ചെന്നൈ:** കോവിഡ് –19 ലോക്ക് ഡൗൺ കാരണം ചെന്നൈ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ദുരിതം അനുഭവിക്കുന്നവർക്ക് കൈത്താങ്ങാവുന്ന നിരവധി പ്രവർത്തനങ്ങളുമായി 'ഒരുമ' ചെന്നൈ. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദിവസവേതനക്കാർക്കും മറ്റു ദുരിതമനുഭവിക്കുന്നവർക്കും അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു കൊണ്ടാണ് സേവന പ്രവർത്തനങ്ങൾ ആരംഭിച്ചത്. സെമ്മഞ്ചേരി, ECR, OMR, വേളാച്ചേരി, അടയാർ, താമ്പരം, പല്ലാവരം, സൈദാപ്പേട്ട, പാരീസ് വില്ലിവാക്കം, ചൂളൈമേട് തുടങ്ങിയ ഏരിയകളിൽ രണ്ടായിരത്തി ഒരുന്നൂറിന് മുകളിൽ പ്രൊവിഷണൽ കിറ്റുകളാണ് വിതരണം ചെയ്തത്. ഗവൺമെന്റ് നിഷ്കർഷിച്ച സുരക്ഷാ മാനദണ്ഡങ്ങൾക്കു വിധേയമായി പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് പരമാവധി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോവുന്നത്. വിവിധ സ്ഥലങ്ങളിൽ ഒറ്റപ്പെട്ടുപോവുകയും ഭക്ഷണത്തിനും മറ്റും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന മലയാളികൾക്ക് സഹായം എത്തിക്കുന്നതിനായി ഒരു ഹെൽപ് ലൈൻ സംവിധാനവും ഒരുക്കിയിട്ടുണ്ട്. പെരിയമെട്ടു ഏരിയയിലുള്ള ഒരു കിച്ചൻ സംവിധാനത്തിന്റെ സഹായത്തോടു കൂടി നഗരത്തിലെ തെരുവുകളിൽ അന്തിയുറങ്ങുന്നവർക്കും ലോഡ്ജുകളിൽ ഒറ്റപ്പെട്ടുപോയ യാത്രക്കാർക്കും ആവശ്യമായ ഭക്ഷണം പാകം ചെയ്തു വിതരണം ചെയ്തു വരുന്നു. പതിനെട്ടായിരം ഭക്ഷണപ്പൊതികളാണ് ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞത്. റമദാൻ വ്രതം എടുക്കുന്നവർക്കായി രണ്ടായിരത്തി നാനൂറു ഇഫ്ത്വാർ കിറ്റുകളും വിതരണം ചെയ്യുകയുണ്ടായി. ലോക്ക് ഡൗൺ കാരണം യാത്രാ സൗകര്യം ഇല്ലാതെ ചെന്നൈയിൽ കുടുങ്ങിപോയവർക്ക് നാട്ടിൽ പോവാനുള്ള സൗകര്യങ്ങളും ഏർപ്പാടാക്കി കൊടുത്തു. ചെന്നൈയിലുള്ള വിവിധ സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹായ സഹകരണങ്ങളോടു കൂടിയാണ് പ്രവർത്തനങ്ങൾ മുന്നോട്ടു പോവുന്നത്.

സിറ്റി പ്രസിഡന്റ് അബ്ദുന്നാസർ, സെക്രട്ടറി മുഹമ്മദ് ശാഫി, ജനസേവന വിഭാഗം സെക്രട്ടറി പി.പി മുഹമ്മദ് അശ്റഫ്, ഏരിയാ പ്രസിഡന്റുമാരായ മുഹമ്മദ് ആരിഫ്, നസീഫ്, മറ്റു വകുപ്പ് സെക്രട്ടറിമാരായ ടി. ശബീബ്, ജഅ്ഫർ അലി, അഫ്സൽ ഹുസൈൻ, കബീർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഓൺലൈൻ യോഗങ്ങൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

# സാന്ത്വനമായി യൂത്ത് ഇന്ത്യ മെഡ് കെയർ

**ബഹ്റൈൻ:** പ്രതിസന്ധി കാലത്ത് ആരോഗ്യ മേഖലയിൽ ആശ്വാസമായി യൂത്ത് ഇന്ത്യ മെഡ് കെയർ. മെഡിസിനുമായി ബന്ധപ്പെട്ടുള്ള പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് നിരവധി സഹായങ്ങൾ മെഡ് കെയർ നൽകിവരുന്നു. സ്ഥിരമായി നാട്ടിൽ നിന്ന് മരുന്ന് കൊണ്ടു വന്നു കഴിക്കുന്ന നിരവധി പേർക്ക് വിവിധ ഡോക്ടർമാർ വഴി പകരം മരുന്ന് നിർദേശിച്ചു കൊടുക്കുക, മരുന്ന് വാങ്ങാനും മറ്റും പ്രയാസപ്പെടുന്നവർക്ക് മരുന്നുകൾ എത്തിക്കുക, ഹോസ്പിറ്റലിൽ പോകാൻ പ്രയാസമുള്ള രോഗികൾക്ക് ഡോക്ടർമാരുടെ നിർദേശങ്ങൾ ലഭ്യമാക്കുക തുടങ്ങിയ സേവനങ്ങളാണ് മെഡ് കെയർ ചെയ്തുകൊണ്ടിരിക്കുന്നത്.

ഇതിനോടകം നിരവധി പേർക്ക് സേവനങ്ങൾ നൽകാൻ സാധിച്ചതായി യൂത്ത് ഇന്ത്യ പ്രസിഡന്റ് വി.കെ അനീസ് അറിയിച്ചു. മജീദ് തണൽ, ഷാനിബ് കൊടിയത്തൂർ, ഷാനവാസ് നെടുപറമ്പിൽ, ഖൽഫാൻ, ഡോ. ഫമിൽ, ബദ്റുദ്ദീൻ പൂവാർ, മിൻഹാജ് മെഹ്ബൂബ് എന്നിവരാണ് സേവനങ്ങൾ ഏകോപിപ്പിക്കുന്നത്. മെഡ് കെയറിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാൻ താൽപര്യമുള്ളവർക്കും മരുന്നുകൾ നൽകാൻ കഴിയുന്നവർക്കും മെഡ് കെയർ സഹായങ്ങൾക്കും ബഹ്റൈനിൽ ഈ വാട്സാപ്പ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ്: **3322 3634**


# ആവശ്യമുണ്ട്

മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ സ്ഥാപനത്തിലേക്ക് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നതിന് മാർക്കറ്റിംഗിൽ പരിചയ സമ്പന്നരായ MBA യോഗ്യതയുള്ളവരെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക**
mail.abanau1956@gmail.com

ഫാത്വിമ കോയക്കുട്ടി

# ധ്യാനവും സേവനവും

عَنِ ابْنِ عُمَرَ رضي الله عنه اَنَّ رَجُلًا جاءَ إلى النَّبِيِّ صَلَّى اللهُ عَلَيْهِ وسَلَّمَ فَقَالَ: يَا رسُولَ اللهِ: أَيّ النّاس أحبُّ إِلَى الله؟ وَايّ الأعمال أحبّ إلى الله؟ فَقال النّبي: أحبُّ الناسِ إلى اللهِ أَنْفَعُهُمْ لِلنَّاسِ، وأحبُّ الأعمالِ إلى اللهِ عزَّ وجلَّ سُرُورٌ يدْخِلُهُ على مسلم ، أَوْ يكْشِفُ عنه كُرْبَةً ، أَوْ يقْضِي عنهُ دَيْنًا، أَوْ تَطْرُدُ عنهُ جُوعًا، ولأَنْ أَمْشِي مع أَخٍ لي في حاجَةٍ أحبُّ إِلَيَّ من أنْ اعْتَكِفَ في هذا المسجدِ ، يعني مسجدِ المدينةِ شهرًا ، ومَنْ كَفَّ غضبَهُ سترَ اللهُ عَوْرَتَهُ، ومَنْ كَظَمَ غَيْظَهُ، ولَوْ شاءَ أنْ يُمْضِيَهُ أَمْضَاهُ مَلأَ اللهُ قلبَهُ رَجَاءً يومَ القيامةِ ، ومَنْ مَشَى مع أَخِيهِ في حاجَةٍ حتى تتهَيَّأَ له أَثْبَتَ اللهُ قَدَمَهُ يومَ تَزُولُ الأَقْدَامِ.

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന് നിവേദനം: ഒരാൾ നബിയുടെ അടുത്ത് വന്നു ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവൻ ആരാണ്? അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമങ്ങളേതാണ്?' നബി (സ) പറഞ്ഞു: 'ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവൻ, ജനങ്ങൾക്ക് ഏറ്റവും ഉപകാരം ചെയ്യുന്നവനാണ്. ഒരു മുസ്ലിമിന്റെ പ്രയാസം അകറ്റിയോ കടം വീട്ടിയോ വിശപ്പിന് ശമനമേകിയോ അവന് സന്തോഷം ലഭിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടലാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള പ്രവർത്തനം. ഒരു സഹോദരന്റെ ഏതെങ്കിലുമൊരു ആവശ്യം സാധിച്ചു കൊടുക്കാൻ അവനോടൊപ്പം സഞ്ചരിക്കുന്നത് ഈ (മദീനയിലെ) പള്ളിയിൽ ഒരു മാസം ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ എനിക്ക് ഇഷ്ടപ്പെട്ടതാണ്. ഒരാൾ തന്റെ കോപത്തെ അടക്കിനിർത്തിയാൽ അല്ലാഹു അയാളുടെ ന്യൂനതകൾ മറച്ചുവെക്കും. ആശിച്ചത് നടപ്പാക്കാനുള്ള ശേഷിയുണ്ടായിട്ടും തന്റെ വിദ്വേഷം കടിച്ചമർത്തിയവന്റെ ഹൃദയത്തിൽ അന്ത്യനാളിൽ അല്ലാഹു പ്രതീക്ഷകൾ നിറക്കും. തന്റെ സഹോദരന്റെ കൂടെ നടന്ന് അവന്റെ ആവശ്യം നിറവേറ്റിക്കൊടുത്ത ആളുടെ പാദങ്ങൾ, എല്ലാ പാദങ്ങളും വഴുതുന്ന നാളിൽ അല്ലാഹു ഉറപ്പിച്ചുനിർത്തും' (ത്വബറാനി:13646).**

ജനസേവനത്തിന്റെ മഹത്വം എത്ര വലുതാണ് എന്ന് മനസ്സിലാക്കിത്തരുന്ന പ്രസിദ്ധ ഹദീസാണിത്. പള്ളിയിൽ ഇഅ്തികാഫ് ഇരുന്ന ഇബ്നു അബ്ബാസ് പ്രയാസപ്പെടുന്ന ഒരു വ്യക്തിയെ കാണുകയുണ്ടായി. അദ്ദേഹത്തോട് കാര്യം അന്വേഷിച്ചപ്പോൾ തന്റെ കടബാധ്യതയുടെ പേരിലാണ് പ്രയാസമെന്ന് അറിയുകയും അയാളുടെ ബാധ്യത വീട്ടാൻ ഇബ്നു അബ്ബാസ് ഇഅ്തികാഫിനിടയിൽ പള്ളിയിൽനിന്ന് പുറത്തു പോവുകയും ചെയ്തു. കാരണം ആരാഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു; റസൂൽ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്, ആരെങ്കിലും തന്റെ സഹോദരന്റെ ആവശ്യം നിർവഹിച്ചു കൊടുക്കുന്നതിനു വേണ്ടി ഇറങ്ങിപ്പുറപ്പെടുകയും ആ ആവശ്യം നിർവഹിക്കുകയും ചെയ്താൽ അത് പത്തു വർഷം ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ അവന് ഉത്തമമാണ്. ജനസേവനത്തിനുള്ള വലിയ പ്രോത്സാഹനമാണിത്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം ചെയ്യുന്ന മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: നബി (സ) പറഞ്ഞു:

‘ഒരുവൻ ഒരു സത്യവിശ്വാസിയുടെ ഭൗതികക്ലേശം ദൂരീകരിച്ചുകൊടുത്താൽ അന്ത്യദിനത്തിൽ അവന്റെ ക്ലേശം അല്ലാഹു ദൂരീകരിക്കും. ഒരാൾ പ്രയാസപ്പെടുന്നവന് ആശ്വാസം നൽകിയാൽ, അല്ലാഹു ഇഹത്തിലും പരത്തിലും അവന്റെ പ്രയാസങ്ങൾ ലഘൂകരിക്കും’ (മുസ്‌ലിം).

സമൂഹത്തിൽ ക്ലേശവും ബുദ്ധിമുട്ടും അനുഭവിക്കുന്നവർക്ക് ആശ്വാസമേകുക ഏതൊരു സത്യവിശ്വാസിയുടെയും സാമൂഹിക ബാധ്യതയാണ്. അന്ത്യനാളിൽ അല്ലാഹുവിന്റെ കനിവും കാരുണ്യവും ലഭിക്കാൻ അർഹനാക്കുന്ന പ്രവൃത്തിയാണത്. സ്വാർഥതാൽപര്യങ്ങളും മാനസികചാപല്യങ്ങളും സൃഷ്ടികളെ സേവിക്കുക എന്ന നൈസർഗിക ഗുണത്തെ കീഴ്‌പ്പെടുത്തുമ്പോൾ മനുഷ്യൻ ക്രൂരനും അക്രമിയുമായി മാറുന്നു. അല്ലാഹുവിനോടുള്ള തഖ്‌വ സൃഷ്ടികളോടുള്ള സ്നേഹവും കാരുണ്യവും സഹാനുഭൂതിയും ഗുണകാംക്ഷയുമായി പെയ്തിറങ്ങുക കൂടി വേണം.

ആത്മാർഥതയിലും സ്നേഹത്തിലും അധിഷ്ഠിതവും സ്വാർഥലക്ഷ്യങ്ങളിൽനിന്ന് മുക്തവുമായ സേവനം, പരലോകത്ത് സങ്കൽപിക്കാനാവാത്ത പ്രതിഫലം നേടിത്തരുമെന്നാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്. പ്രകൃതിദുരന്തങ്ങൾ, സാമ്പത്തിക പരാധീനതകൾ, പട്ടിണി, ദാരിദ്ര്യം, ശാരീരിക അവശതകൾ, വിദ്യാഭ്യാസ പ്രശ്നങ്ങൾ, പീഡനം, ശുദ്ധജലം ലഭ്യമാവാതിരിക്കൽ, പകർച്ചവ്യാധിയുടെ വ്യാപനം തുടങ്ങി പല വിധത്തിലുള്ള പ്രയാസങ്ങൾ മനുഷ്യൻ അനുഭവിക്കാറുണ്ട്. അത്തരം പരീക്ഷണ ഘട്ടങ്ങളിൽ പ്രയാസമനുഭവിക്കുന്നവർക്ക് അത്താണിയാകാൻ സത്യവിശ്വാസി എപ്പോഴും ഒരുക്കമായിരിക്കണം.

അശരണരെയും ആലംബഹീനരെയും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത്, മൂകതയും ഭയവും തളംകെട്ടി നിൽക്കുന്ന വിചാരണാവേളയിലെ അനിർവചനീയമായ ക്ലേശങ്ങൾ അകറ്റപ്പെടാനും ഇഹപര ജീവിതത്തിലെ ദുരിതങ്ങളിൽനിന്ന് ആശ്വാസം ലഭിക്കാനും സഹായകമാവുമെന്ന നബിവചനം ജനസേവനരംഗത്തുള്ളവർക്ക് വലിയ പ്രചോദനമാണ്.

പ്രവാചകന്റെ ജനസേവന മാതൃകയും അതിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യവും പ്രോത്സാഹനവും, അപരന്റെ കഷ്ടപ്പാടുകൾ കാണാനോ ദീനരോദനങ്ങൾ കേൾക്കാനോ കണ്ണുനീരൊപ്പാനോ ശ്രമിക്കാത്തവരെ അൽപം പോലും പ്രചോദിപ്പിക്കുന്നില്ലെങ്കിൽ അവർ തങ്ങളുടെ ഈമാനിന്റെ നിജഃസ്ഥിതി പരിശോധനാവിധേയമാക്കേണ്ടിയിരിക്കുന്നു. അവശവിഭാഗങ്ങളെ സംരക്ഷിക്കാനുള്ള സംരംഭങ്ങൾക്ക് ശാരീരികമോ സാമ്പത്തികമോ മാനസികമോ ആയ പിന്തുണ നൽകാൻ നാം തയാറാകാത്ത പക്ഷം അന്ത്യനാളിൽ നാം എത്തിപ്പെടുന്ന ദുരിതക്കയത്തിൽനിന്ന് നമ്മെ കരകയറ്റാൻ ആരും ഉണ്ടാവില്ല. ●



കവിത

ദിലീപ് ഇരിങ്ങാവൂർ

# ആകുലത

**പേടിയാണെനിക്കിന്ന്**
പരസ്യക്കയത്തിൽ
മുക്കിക്കൊല്ലും നീയെന്നെ.
ഭക്ഷണത്തിനിരിക്കവെ
എല്ലാ ചാനലിലും ഇടിച്ച്
കയറി വരും അഴുക്ക് പിടിച്ച
ക്ലോസറ്റും ഹാർപ്പിക്കിന്റെ
മനസ് മടുപ്പിക്കുന്ന പരസ്യവും
മറന്ന് പോകുന്നതേ ഇല്ല.
കഷ്ടകാലത്തിന്റെ കള്ളിയിൽ
കിടക്കവെ കയ്ക്കും വിശപ്പിന്റെ
ചതുപ്പിൽ താഴ്ന്ന് പോകുന്നു.
ഓരോ നിമിഷവും തൂക്കി-
ലേറ്റുന്ന ആശങ്കകളുടെ
ജീവിതം എന്റെ മനസ്സിന്റെ
ഖനികളിലെ ഊർജമെല്ലാം
ഊറ്റിയെടുത്തിരിക്കുന്നു.
പല നേരങ്ങളിൽ ഉപയോഗിച്ച്
തേഞ്ഞ്, വക്ക് പൊട്ടിയ
വാക്കുമായി ഞാൻ തെരുവ്
തോറും അലഞ്ഞ് നടക്കുന്നു. ●

Vol. No: 77 Issue No. 02 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid